ബെക്കന്റെ

# പ്രസംഗങ്ങൾ

ഒന്നാം ഭാഗം

മാർ ദീവന്നാസ്യോസ് സിമ്മനാരി ഹെഡ്മാസ്റ്റർ
കെ. സി. മാമ്മൻമാപ്പിള ബി. ഏ.
ഇംഗ്ലീഷിൽ നിന്നു
തർജ്ജമ ചെയ്തതു്.

മലയാളമനോരമ പ്രസ്സ
കോട്ടയം.

1903.

ബേക്കന്റെ

# പ്രസംഗങ്ങൾ

ഒന്നാം ഭാഗം

മാർ ദിവന്നാസ്യോസ് സിമ്മനാരി ഹെഡ്മാസ്റ്റർ
കെ. സി. മാമ്മൻമാപ്പിള ബി. ഏ.
ഇംഗ്ലീഷിൽ നിന്നു
തൎജ്ജമ ചെയ്തതു്.

മലയാളമനോരമ പ്രസ്സ്
കോട്ടയം.

1903.

# മുഖവുര.

ബേക്കന്റെ പ്രസംഗങ്ങൾ മുഴുവൻ പലപ്രാവശ്യം വാ
യിച്ച് അവയുടെ സാരം എല്ലാം ഗ്രഹിച്ചിട്ടില്ലാത്ത ഒരുവനും
മനഃപരിഷ്കാരം സിദ്ധിച്ചിട്ടുണ്ടെന്നു പറവാൻ പാടില്ലെ
ന്ന് ഒരു മഹാൻ പറഞ്ഞിട്ടുള്ളതായി ഓൎക്കുന്നു. പ്രാചീന
കാലത്തിലും നവീനകാലത്തിലും ഉണ്ടായിട്ടുള്ള അഗാധബു
ദ്ധികളെ തരംതിരിക്കുന്നതിനു വല്ല മാൎഗ്ഗവും ഉണ്ടായാൽ
അവരിൽവച്ചു പ്രഥമസ്ഥാനത്തിനൎഹന്മാരായി സൎവ്വജാ
തിമതസ്ഥന്മാരാലും ഐകകണ്ഠ്യേന വിധിക്കപ്പെടുന്ന ര
ണ്ടോ നാലോ ആളുകളിൽ ഒരാൾ ബേക്കൻ ആയിരിക്കു
മെന്നുള്ളതു നിൎവ്വിവാദമാണ്. ബേക്കന്റെ സമാനകാലീ
നനും പ്രസിദ്ധകവിശ്രേഷ്ഠനുമായിരുന്ന ഷെയിക്സ്പീയരും
ഈ വൎഗ്ഗത്തിൽ ഉൾപ്പെടുമെന്നുള്ളതും ഇതുപോലെ തീൎച്ച
പ്പറയാവുന്നതാണ്. ഇത്രമാത്രം നിസ്സീമവും സൎവ്വതോമുഖവു
മായ ബുദ്ധിബലമുള്ള ഏററം ചുരുക്കം ആളുകളിൽ രണ്ടു
പേർ ഒരുമിച്ച് ഒരേസ്ഥലത്തും സമയത്തും ജീവിച്ചിരിക്ക
എന്നുള്ളതു് അസംഭാവ്യമാണെന്നു പലൎക്കും തോന്നുകയാൽ
ഷെയിക്സ്പീയർ എന്നൊരാളെ ഇല്ലായിരുന്നു എന്നും ഷെയി
ക്സ്പീയറിന്റേതു് എന്നു് ഇപ്പോൾ പറഞ്ഞുവരുന്ന നാടക
ങ്ങൾ ബേക്കൻ എഴുതിയവയാണെന്നും ചില പ്രത്യേകകാര
ണങ്ങൾകൊണ്ടു സ്വന്തപേരു വെളിക്കാക്കാൻ പാടില്ലാതെ
വന്നതുകൊണ്ടു ഷെയിക്സ്പീയർ എന്ന അപരനാമം ബേക്ക
ൻ സ്വീകരിച്ചതാണെന്നും ഇപ്പോൾ പാശ്ചാത്യന്മാരുടെ ഇ

ടയിൽ പ്രബലമായ ഒരു വാദം നടന്നുവരുന്നു. ബേക്കന്റേതു് എന്നു് എല്ലാവരും സമ്മതിച്ചിട്ടുള്ള കൃതികൾ തന്നെ അനേകമുണ്ടു്. അവയെല്ലാം വിജ്ഞാനശാസ്ത്രം സംബന്ധിച്ചുള്ളവയും എത്ര പ്രയാസപ്പെട്ടാലും സാധാരണന്മാൎക്കു മനസ്സിലാക്കാൻ പാടില്ലാത്തവയുമാണു്. അവയുമായി താരതമ്യപ്പെടുത്തി നോക്കിയാൽ ഈ പ്രസംഗങ്ങൾ കേവലം നിസ്സാരങ്ങളായി തോന്നിപ്പോകും. എങ്കിലും ബേക്കനു സഹജസാധാരണമായ ബുദ്ധിവിശേഷം ഇവ ഓരോന്നിൽകൂടിയും സവിശേഷമായി പ്രശോഭിച്ചിരിക്കുന്നതുകൊണ്ടും ഇവ എല്ലാമനുഷ്യരെയും സംബന്ധിക്കുന്ന വിഷയങ്ങളെപ്പററിയാകകൊണ്ടും ബേക്കന്റെ മററു യാതൊരു കൃതികൾക്കും ഈ പ്രസംഗങ്ങൾക്കുള്ളതിൽ സഹസ്രാംശം പ്രചാരമില്ലെന്നു പറയുന്നതിൽ സ്വല്പംപോലും അതിശയോക്തിയില്ല. ഈ പ്രസംഗങ്ങളിൽ കാണുന്ന ഉപദേശങ്ങൾ അതിവിശിഷ്ടതരങ്ങളാണെങ്കിലും ചില വൃത്യസ്തങ്ങളും ദുർല്ലഭമായിട്ടെങ്കിലും ഇല്ലാതില്ല. അന്യന്മാരെപ്പററിവിചാരിക്കാതെ അവനവനു സുഖമായി ലോകത്തിൽ കഴിച്ചുകൂട്ടാനുള്ള മാൎഗ്ഗങ്ങളെ ഇതിൽ ധാരാളമായി പ്രതിപാദിച്ചിട്ടുണ്ടു്. "നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണ"മെന്നുള്ള ക്രിസ്തുവിന്റെ ഗുണദോഷത്തിനു ബേക്കൻ കൊടുത്തിരിക്കുന്ന വ്യാഖ്യാനം തന്നെ ഇതിനു നല്ല ലക്ഷ്യമാണു്. എന്നാൽ ഈ ഗുണദോഷത്തിൽ ബേക്കന്റെ ബുദ്ധിശക്തിക്കപ്പുറവും ബേക്കന്റെ എല്ലാ ജ്ഞാനങ്ങളെയുംകാൾ സ്വീകാൎയ്യവും ഗുണപ്രദവുമായ ഒരു സത്യം ഉണ്ടെന്നും ഇഹലോകത്തിൽ തന്നെ മനുഷ്യനു വാസ്തവവും നിലനിൽക്കുന്നതുമായ ഭാഗ്യവും പ്രയോജനവും ഉണ്ടാകുന്നതു സ്വാൎത്ഥപരതയും ദുഷ്ടബുദ്ധിയുംകൊണ്ടല്ല, പിന്നെയൊ ദൃഢമായ ഈശ്വരവിശ്വാസവും മഹാമനസ്കത്വവും പരഗുണകാരിത്വവുംകൊണ്ടാണു് എന്നുമുള്ളതു ഗ്രഹിക്കാ

ൻ ഇത്ര മഹാനായ ബേക്കന്നുപോലും കഴിയാതെപോയതിൽ അത്ഭുതപ്പെട്ടേക്കാം. എന്നാൽ ബേക്കൻ ഒരു മനുഷ്യൻ മാത്രമായിരുന്നു എന്നും മനുഷ്യബുദ്ധി എത്രയായാലും അതിരുള്ളതാണെന്നും ഓൎത്തു സമാധാനപ്പെടാം. അവനവന്റെ ഐഹികസുഖത്തിനായുള്ള ശ്രമത്തിൽ ബേക്കനെ മാത്രം മാൎഗ്ഗദർശിയായി സ്വീകരിക്കാൻ പാടില്ലെന്നുള്ളതിനു ബേക്കൻതന്നെ മതിയായ സാക്ഷിയാണ്. ഇംഗ്ലണ്ടിലെ എലിസബേത്തുറാണിയുടെയും ഒന്നാമത്തെ ജെംസ്'രാജാവിന്റെയും കാലത്തിൽ ജീവിച്ചിരുന്ന ഈ ആൾ ഉദ്യോഗലബ്ധിക്കായി തന്റെ ബുദ്ധിയിൽ എത്തിയ സകലവിദ്യകളും പ്രയോഗിക്കയും ചിലപ്പോൾ അദ്ദേഹത്തിന് ഉദ്ദേശലബ്ധിയുണ്ടാകയും ചെയ്തു എങ്കിലും ഇതുപോലെയുള്ള മഹാന്മാരിൽ ഇത്രവളരെ അബദ്ധം പററിയിട്ടുള്ള ആളുകളില്ലെന്നും ഒരുവിധം തീൎച്ചയായി പറയാം. "The brightest, wisest, meanest of mankind" (മനുഷ്യജാതിയിൽവെച്ചു തേജസ്വിയും, ജ്ഞാനിയും, നികൃഷ്ടനും) എന്നു പോപ്പ്' എന്ന ആംഗ്ലേയകവി ബേക്കനെപ്പററിപറഞ്ഞിരിക്കുന്നതു പ്രത്യക്ഷമായ അതിശയോക്തി പ്രയോഗമാണെങ്കിലും ഇതിൽ സ്വല്പമായി ചില വാസ്തവങ്ങളും ഉണ്ട്. ആകപ്പാടെ നോക്കിയാൽ നിസ്തൂലങ്ങളും സ്വീകാൎയ്യങ്ങളുമായ ഈ പ്രസംഗങ്ങൾ വായിക്കുമ്പോൾ ചില സ്ഥലങ്ങളിലെല്ലാം സംശയാസ്പദങ്ങളായ ചില തത്വങ്ങളെ ഉൽഘോഷിച്ചിരിക്കുന്നതായി തോന്നുന്ന പക്ഷം അപ്പോൾ മേല്പറഞ്ഞ സംഗതിയും ഓൎമ്മയിലിരിക്കേണ്ടതാവശ്യമാണ്.

ഒരുവിധം ഉൽകൃഷ്ടയെന്നോ ജീവനുള്ളതെന്നോ ഗണിക്കപ്പെട്ടിട്ടുള്ള മിക്ക ഭാഷകളിലും ഈ പ്രസംഗങ്ങൾ തൎജ്ജമചെയ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു മലയാളഭാഷയിലും ഇവയെ തൎജ്ജമ ചെയ്യണമെന്നുള്ള മോഹം എന്നെ കലശ

ലായി ബാധിച്ചിട്ടു വളരെക്കാലമായി. ഇപ്പോൾ ഇത്രമാത്രമെങ്കിലും ഈ ആഗ്രഹം സാധിപ്പിക്കുന്നതിനിടയായതിൽ അനല്പമായ ചാരിതാൎത്ഥ്യമുണ്ടു്.

ഈ പ്രസംഗങ്ങളുടെ മൂലത്തിന്റെ ഭാഷ മനസ്സിലാക്കാൻ വളരെ പ്രയാസമുള്ളതാണു്. ഭാഷാരീതിതന്നെ ഇപ്പോൾ നടപ്പുള്ളതിൽ നിന്നു വളരെ വ്യത്യാസപ്പെട്ടതുമാണു്. മററുള്ളവർ പത്തുവരിയിൽ പറയുന്ന സംഗതികൾ ബേക്കൻ ഒരു വരികൊണ്ടു സാധിക്കും. ഇവയിൽ പ്രതിപാദിതങ്ങളായ വിഷയങ്ങളുടെ സ്വഭാവംകൊണ്ടും ഭാഷയുടെ കാഠിന്യം വൎദ്ധിച്ചിട്ടുണ്ടു്. ചരിത്രത്തിൽ നിന്നും മററും ഇവയിൽ എടുത്തുചേൎത്തിട്ടുള്ള സംഗതികൾ വളരെ വ്യാഖ്യാനം കൂടാതെ മലയാളത്തിലെ സാധാരണവായനക്കാൎക്കു മനസ്സിലാക്കാൻ പാടുള്ളതല്ല. ചിലപ്പോൾ എത്രതന്നെ വിസ്താരമായുള്ള വ്യാഖ്യാനംകൊണ്ടും ശരിയായ അൎത്ഥം മലയാളത്തിൽ വരുത്താൻ പാടില്ലാതെയും വന്നിട്ടുണ്ടു്. ഇവയെല്ലാം വിചാരിച്ചു് ഈ പ്രസംഗങ്ങളെ അനുപദമായി തൎജ്ജമചെയ്യാൻ ഞാൻ ഒട്ടുംതന്നെ ശ്രമിച്ചിട്ടില്ല. മൂലത്തിന്റെ അൎത്ഥം കഴിയുന്നവിധത്തിൽ വ്യക്തമാക്കിയും വ്യാഖ്യാനം വേണ്ട സ്ഥലങ്ങളിലെല്ലാം അവിടവിടെ തന്നെ വ്യാഖ്യാനം ഘടിപ്പിച്ചും മൂലത്തിലെ പല ഉദാഹരണങ്ങൾ മുതലായവയെ ചിലപ്പോൾ ചുരുക്കിയും ചിലപ്പോൾ വിസ്തരിച്ചും ചിലപ്പോൾ ഉപേക്ഷിച്ചും ചിലപ്പോൾ ഈ രാജ്യത്തിന്റെ സ്ഥിതിക്കനുസരണമായി ഭേദപ്പെടുത്തിയുമാണു് ഇവയെ പരിഭാഷപ്പെടുത്തിയിട്ടുള്ളതു്. പല വ്യാഖ്യാനഗ്രന്ഥങ്ങളുടെ സഹായത്തോടുകൂടി വായിച്ചാലും മൂലംതന്നെ മനസ്സിലാക്കാൻ വളരെ പ്രയാസമുള്ള ഈ ഗ്രന്ഥത്തിന്റെ തൎജ്ജമ മലയാളം വായനക്കാൎക്കു മനസ്സിലാകാതെ വന്നേക്കുമെന്നെനിക്കുണ്ടായ ഭയം നിമിത്തം കൊട്ടാരത്തിൽ ശങ്കുണ്ണി അവർകളെ ഒരു

പുസ്തകം മുഴുവൻ കാണിക്കയും അൎത്ഥം വെളിവാകാനും ഭാഷയുടെ ശുദ്ധിക്കും അദ്ദേഹത്തിന്ന് ആവശ്യമെന്നു തോന്നിയിട്ടുള്ള വ്യത്യാസങ്ങൾ എല്ലാം ഇതിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇംഗ്ലീഷ്ഭാഷാപരിജ്ഞാനം അശേഷമില്ലാത്ത ഒരാൾക്കെങ്കിലും അന്യസഹായം കൂടാതെ ഈ പ്രസംഗങ്ങൾ ആപാദചൂഡം മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളത് ഒരു ആശ്വാസജനകമായി ഗണിക്കുന്നു. ശങ്കുണ്ണി അവൎകളുടെ സഹായം കൂടാതെ ഈ തൎജ്ജമ ഈ സ്ഥിതിയിലെങ്കിലും വെളിക്കിറക്കാൻ ഞാൻ ശക്തനാകയില്ലായിരുന്നു എന്നു പറയുമ്പോൾ അദ്ദേഹത്തോടു ഞാൻ എത്ര മാത്രം കടംപെട്ടിരിക്കുന്നു എന്നുള്ളതു വ്യക്തമാകുന്നതാണ്. സൂക്ഷ്മക്കുറവുകൊണ്ടും അജ്ഞതകൊണ്ടും ഈ തൎജ്ജമയിൽ അനേകം പ്രമാദങ്ങൾ പറ്റിയിട്ടുണ്ടെന്ന് എനിക്കുതന്നെ അറിയാം. അവയെ ശക്തിക്കനുസരണമായി തീൎത്തും ശേഷമുള്ള ൨൦ പ്രസംഗങ്ങളുടെ തൎജ്ജമയും ബേക്കന്റെ ഒരു ജീവചരിത്രവും കൂടി ചേൎത്തും ഈ പുസ്തകത്തിന്റെ വേറൊരു പതിപ്പു പ്രസിദ്ധപ്പെടുത്തണമെന്ന് എനിക്കാഗ്രഹമുള്ള വിവരവും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

K. C. M. M.

30. 12. 03.

ബെക്കൻെറ

# പ്രസംഗങ്ങൾ

## ൧. സത്യം.

(എ) എല്ലാകാൎയ്യങ്ങളുടെയും വാസ്തവവും അടിസ്ഥാനകല്ലുമായ പരിപൂൎണ്ണജ്ഞാനം,

(ബി) സകല ഏൎപ്പാടുകളിലും സദാ സത്യത്തിനു ചേൎന്ന പ്രവൃത്തിയും സംഭാഷണവും,

ഇങ്ങനെ രണ്ടു വിധത്തിലുമുള്ള അൎത്ഥങ്ങളോടു കൂടിയാണു "സത്യം" എന്നുള്ള പദത്തെ ഈ അദ്ധ്യായത്തിൽ പ്രയോഗിച്ചിരിക്കുന്നതു്.

കാൎയ്യങ്ങളുടെ യഥാൎത്ഥജ്ഞാനം സമ്പാദിച്ചു് അതിനെ സ്ഥാപിക്കാനായി പരിശ്രമിക്കയെന്നുള്ളതു കേവലം അൎത്ഥമില്ലാത്ത ഒന്നാണെന്നു വിചാരിക്കുന്ന ആളുകൾ ധാരാളമുണ്ടു്. ക്രിസ്തുമതസ്ഥാപകനായ യേശുക്രിസ്തു സത്യത്തെ പരിപാലിക്കാനായിട്ടാണു താൻ മനുഷ്യാവതാരം സ്വീകരിച്ചതു് എന്നു് ഒരു സന്ദൎഭത്തിൽ പറഞ്ഞതിനു മറുപടിയായി പീലാത്തോസ് എന്ന റോമൻ ന്യായാധിപതി "സത്യമെന്നാൽ എന്തു്" എന്നു ചോദിക്കയും ഈ ചോദ്യത്തിനു എന്തെങ്കിലും മറുപടി പറയാനുണ്ടായിരിക്കുമെന്നു കൂടി വിചാരിക്കാതെ ഉടനെ തന്നെ അന്യവിഷയങ്ങളിൽ പ്രവേശിക്കയും ചെയ്തതായി കാണുന്നു. അതുകൊണ്ടു് ഈ പീലാത്തോസിനെ മേല്പറഞ്ഞ ആളുകളിൽ ഒരുവനായി ഗണിക്കാവുന്നതാണു്.

സംഗതികളുടെ അന്തരമായ തത്വമറിഞ്ഞു അതിൽ സു ദൃഢമായി വിശ്വസിച്ചുകൊണ്ടിരിക്കുന്നതു സ്വാതന്ത്ര്യത്തിന് ഒരുവിധം ഹാനികരമാണെന്നു വിചാരിക്കുന്നവരും സ്ഥിരമായ ഒരു വിശ്വാസം യാതൊരു സംഗതിയിലും ഇല്ലാതെയിരിക്കുന്നതാണു സുഖകരമായിട്ടുള്ളതെന്നു വിചാരിക്കുന്നവരും അവരവരുടെ ഇഷ്ടം പോലെ വിശ്വസിക്കുന്നതിനും പ്രവൃത്തിക്കുന്നതിനും സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടതാണെന്നു മക്കടമുഷ്ടി പിടിക്കുന്നവരും ഇക്കാലങ്ങളിൽ ഇല്ലെന്നില്ല. സ്കെപ്റ്റിക്സ് എന്നു പേരോടു കൂടി പ്രാചീനകാലങ്ങളിൽ ജീവിച്ചിരുന്ന ഒരു വക വിജ്ഞാനികളോട് ഈ മേല്പറഞ്ഞ തരത്തിലുള്ള ആളുകൾക്ക് ഏതാണ്ടൊക്കെ ചില സാമ്യങ്ങളുണ്ട്. എങ്കിലും സഹജമായ ബുദ്ധിശക്തി അവരോളം തന്നെ ഈ അർവാചീനന്മാർക്കില്ലെന്നുള്ളതു നിശ്ചയം തന്നെ.

ഓരോ കാര്യങ്ങളുടെ സൂക്ഷ്മതത്വങ്ങളെക്കാൾ അവയെക്കുറിച്ചുള്ള അസത്യബോധങ്ങൾക്കാണു ജനസാമാന്യത്തിന്റെ ഇടയിൽ അധികം പ്രചാരം സിദ്ധിച്ചുകാണുന്നത്. ഇതിന്റെ കാരണം സത്യം ഇന്നതാണെന്നു നിർണ്ണയിക്കുവാനുള്ള പ്രയാസമോ സത്യം അറിഞ്ഞാൽപ്പിന്നെ യഥേഷ്ടം എന്തും പ്രവർത്തിക്കാനും വിശ്വസിക്കാനുമുള്ള സ്വാതന്ത്ര്യം കുറഞ്ഞുപോകുമല്ലൊ എന്നുള്ള ഭയമോ മാത്രമാകുന്നില്ല. മനുഷ്യർക്ക് വക്രതയിൽ അവിഹിതയായ ഒരു പ്രസക്തി പ്രകൃത്യാ തന്നെ കണ്ടുവരുന്നുണ്ട്. "കാവ്യങ്ങളിൽ പ്രതിപാദ്യ വസ്തുക്കളെ അന്യാപദേശം അതിശയോക്തി മുതലായ അലങ്കാരങ്ങളോടു കൂടി വർണ്ണിച്ചാൽ അവയ്ക്കുള്ള ആസ്വാദ്യതയ്ക്കു ആധിക്യം സിദ്ധിക്കുന്നതും കച്ചവടങ്ങളിൽ ചില കുടിലതകൾ കൂടി ഉപയോഗിച്ചാൽ കൂടുതലായ ലാഭമുണ്ടാകുന്നതുമാകകൊണ്ടു് ഈ രണ്ടു വിഷയങ്ങളിലും വക്രത പ്രയോഗിക്കുന്നതിന്റെ ഉദ്ദേശം സുഗമമാകുന്നു. എന്നാൽ ഈവക പ്രയോജനങ്ങൾ ഒന്നുമില്ലാത്ത കാര്യങ്ങളിലും മനുഷ്യർ കുടിലത കാണിക്കുന്നതു് എന്തിനാണെന്ന് എനിക്കു മനസ്സിലാകുന്നില്ല" എന്ന സോക്രട്ടീസിന്റെ അഭ്യുദയകാലത്തിൽ ഒരാൾ

ജീവിച്ചിരുന്ന ഒരു വിജ്ഞാനി പറഞ്ഞിരിക്കുന്നു. എന്നാൽ ഇതിന്നു എനിക്കു തോന്നുന്ന കാരണത്തെ താഴെ പറയുന്നു.

സത്യത്തെ സൂൎയ്യപ്രകാശത്തോടും വക്രതയെ രാത്രിയിൽ പ്രകാശിക്കുന്ന ദീപപ്രഭയോടും ഉപമിക്കാം. പൊന്നു പൂശിയവയായ ആഭരണങ്ങൾ പകൽസമയം നിഷ്പ്രഭങ്ങളായിരിക്കുകയും രാത്രികാലങ്ങളിൽ വെളിച്ചത്തു സാക്ഷാൽ സ്വൎണ്ണത്തെക്കാൾ ഉജ്ജ്വലത്തുകളെന്നു തോന്നിക്കയും ചെയ്യുന്നുണ്ടല്ലൊ. ഇതുപോലെ മനുഷ്യരിൽ സാധാരണമായി കണ്ടുവരുന്ന കാപട്യങ്ങളും നാട്യങ്ങളും ധാൎഷ്ട്യങ്ങളും എല്ലാം സത്യമാകുന്ന സൂൎയ്യപ്രകാശത്തിൽ കൂടി നോക്കിയാൽ അവയുടെ സാക്ഷാലുള്ള നികൃഷ്ടതയോടും മങ്ങലോടും കൂടിയും പ്രത്യുത വക്രതയാകുന്ന ദീപപ്രഭയിൽ കൂടി നോക്കിയാൽ അവ ഏറ്റവും ശ്രേഷ്ഠതയോടും ഔജ്ജ്വല്യത്തോടും കൂടിയും കാണപ്പെടുന്നു. കാപട്യം മുതലായ ദുൎഗ്ഗുണങ്ങൾ വേണ്ടെടത്തോളം ഉള്ളവരാണല്ലൊ മനുഷ്യരിൽ അധികഭാഗവും. അതുകൊണ്ടു പകൽ സമയത്തു് അത്യന്തം പ്രകാശിക്കുന്ന ഒരു മുത്തിനോടു തുല്യമായി സത്യത്തെ ചിലർ ഗണിച്ചേക്കാമെന്നല്ലാതെ പകലും രാത്രിയുമുള്ള എല്ലാത്തരം വെളിച്ചങ്ങളിലും ഒന്നുപോലെ പ്രകാശിക്കുന്നതായ ഒരു വജ്രക്കല്ലിനോളം സത്യത്തിന്നു മിക്ക ആളുകളും വില വെയ്ക്കുന്നില്ല. വാസ്തവം പറയുന്നതായാൽ അസത്യമിശ്രമായ സത്യത്തിനുള്ളതുപോലെ മനുഷ്യരെ ആകൎഷിക്കുന്നതിനുള്ള ശക്തി നിഷ്കളങ്കമായ സത്യത്തിന്നില്ല. ഓരോ തര[illegible] അബദ്ധങ്ങളായ വിചാരങ്ങളേയും ആഗ്രഹങ്ങളേയും തെറ്റായ മതിപ്പുകളേയും അടിസ്ഥാനമില്ലാത്ത അഭിപ്രായങ്ങളേയും ഓരോ സംഗതികളുടെ വാസ്തവസ്ഥിതി തങ്ങളുടെ ആഗ്രഹങ്ങൾക്കനുസരണമായിട്ടാണിരിക്കുന്നതെന്നുള്ള വിചാരങ്ങളേയും മനുഷ്യരുടെ ഹൃദയത്തിൽ നിന്നു നീക്കിക്കളഞ്ഞാൽ പിന്നെ മിക്ക മനുഷ്യരിലും പറയത്തക്കതായി യാതൊന്നും ശേഷിച്ചിരിക്കയില്ല. അവരിൽ പ്രധാനമായി ഉണ്ടായിരിക്കുന്ന സ്വഭാവഗുണങ്ങള[illegible] [illegible]തികളുമെല്ലാ

ദമല്ലറഞ്ഞവയൊക്കെത്തന്നെയായിരിക്കും. പൂൎണ്ണമായ സത്യ ജ്ഞാനം ഇവയേയെല്ലാം ഉൻമൂലനാശം ചെയ്യുന്നതായ ഒ ന്നാണല്ലൊ. അതിനാൽ സത്യത്തെ അങ്കെല്പിൽ വാസ്തവ ജ്ഞാനത്തെ അധികംപേരും അത്ര ഗണ്യമാക്കാത്തതിനേക്കു റിച്ചു അത്ഭുതപ്പെടാനില്ല. എങ്കിലും വാസ്തവജ്ഞാനത്തെ സ്വീകരിക്കുകയും അവാസ്തവജ്ഞാനത്തെ പരിത്യജിക്കുക യും ചെയ്യേണ്ടതു് എത്രയും അത്യാവശ്യമായിട്ടുള്ളതാകുന്നു. കല്പിതകഥകളായിട്ടുള്ള കവിതകളിലും മറ്റും സംഭവി പ്പിട്ടില്ലാത്ത കാൎയ്യങ്ങൾ സംഭവിച്ചതായി ഭാവിച്ചു പ്രതി പാദിക്കുന്നതുകൊണ്ടു് ഒരു വിധം നോക്കിയാൽ അവയേ യും അസത്യങ്ങളായി അല്ലെങ്കിൽ അവാസ്തവജ്ഞാനങ്ങളാ യി ഗണിച്ചു പരിവൎജ്ജിക്കേണ്ടതാണെന്നു ഒരു വിദ്വാൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. പക്ഷെ കാവ്യങ്ങളിൽ കാണുന്ന കഥകൾ വാസ്തവസംഭവങ്ങളാണെന്നു് ആരും വിശ്വ സിക്കാറില്ല. അവ നമ്മുടെ മനസ്സിൽ കൂടി കടന്നു പോവുക മാത്രം ചെയ്യുന്നതുകൊണ്ടു നമുക്കു യാതൊരു വൈ ഷമ്യവും ഉണ്ടാകാനില്ലല്ലൊ. എന്നാൽ ഹൃദയത്തിൽ ദൃഢമാ യി പതിയുകയും നമ്മാൽ വിശ്വസിക്കപ്പെട്ടുപോവുകയും ചെയ്യുന്നവയായി മേൽ പറയപ്പെട്ടിട്ടുള്ള അബദ്ധജ്ഞാന ങ്ങളാണു വാസ്തവത്തിൽ ദോഷഫലങ്ങളെ ചെയ്യുന്നതു്.

സത്യജ്ഞാനം ലഭിക്കുന്നതിനു മനുഷ്യർ അധികമായി പ്ര യത്നിക്കുന്നില്ലെന്നു പറയുന്നതു വാസ്തവമായിരിക്കും. എന്നാ ൽ, പൂൎണ്ണമായ സത്യജ്ഞാനംകൊണ്ടു മാത്രമേ സത്യാസത്യങ്ങ ളെ തിരിച്ചറിയുന്നതിനു നാം ശക്തന്മാരാവുകയുള്ളു. യഥാ ൎത്ഥജ്ഞാനത്തെ ലഭിക്കുന്നതിനായി സീമാതീതമായ താല്പ ൎയ്യത്തോടു കൂടി പരിശ്രമിക്കുന്നതിനേക്കാൾ മഹത്തരമായ ഒരു കാൎയ്യം മനുഷ്യൎക്കില്ല. വിവാഹം ചെയ്യേണ്ടുന്നവനായ ഒരു പുരുഷൻ ആദ്യം സകലസൽഗുണസംപൂൎണ്ണയായ ഒരു സ്ത്രീയെ കണ്ടെത്തേണ്ടുന്നതിനായി വളരെ നാൾ അന്വേ ഷിക്കുകയും അപ്രകാരമുള്ള ഒരു സ്ത്രീയെ കണ്ടെത്തിയാലുട നെ അവളുടെ വിശേഷഗുണങ്ങളെ മനസ്സിലാക്കുകയും ത ദനന്തരം അവ‍ തന്റെ ഭാൎയ്യയായി കൈക്കൊള്ളുകയും

ചെയ്യുന്നതുപോലെ സത്യജ്ഞാനത്തെ കണ്ടുപിടിക്കുന്നതിനായി സശ്രദ്ധം പരിശ്രമിക്കുകയും അതിനെ കണ്ടുകിട്ടിയതിനു ശേഷം അതിൽ ഹൃദയപൂർവമായി വിശ്വസിച്ചു, അതിനെ സദാ ശിരസാവഹിക്കുകയും ചെയ്യുയെന്നുള്ളതു സകല മനുഷ്യരുടെയും കർത്തവ്യകർമ്മമാകുന്നു.

യഥാർത്ഥജ്ഞാനത്തെ വെളിച്ചത്തിനോടും അബദ്ധജ്ഞാനത്തെ ഇരുട്ടിനോടും ഉപമിക്കാവുന്നതാകുന്നു. ക്രിസ്തുമതപ്രകാരം ഈശ്വരൻ ആദ്യമായി പകൽസമയത്തെ സാക്ഷാൽ വെളിച്ചത്തെ സൃഷ്ടിക്കുകയും അവസാനമായി വിശേഷബുദ്ധിയാകുന്ന വെളിച്ചത്തെ സൃഷ്ടിച്ച് അതിനെമനുഷ്യജാതിക്കു നൽകുകയും ചെയ്തതായി പറയപ്പെട്ടിരിക്കുന്നു. സന്മാർഗ്ഗങ്ങളെക്കുറിച്ചും ഈശ്വരനെക്കുറിച്ചുമുള്ള സത്യജ്ഞാനമാകുന്ന വെളിച്ചത്തെ ഈശ്വരൻ തന്റെ ഹിതാനുവർത്തികളായ ആളുകൾക്കു ദാനംചെയ്തുകൊണ്ടാണ് ഇപ്പോഴും സ്ഥിതിചെയ്യുന്നത്.

"കടലിലെ തിരമാലകളിൽ അകപ്പെട്ടു കിടന്നുഴലുന്ന കപ്പലുകളെ സമുദ്രതീരത്തു നിന്നുകൊണ്ടു കാണുന്നതും ഉറപ്പുള്ളതായ ഒരു കോട്ടയുടെ പുറമേ നടന്നുകൊണ്ടിരിക്കുന്ന അതിഭയങ്കരമായ ഒരു യുദ്ധം ആ കോട്ടയുടെ അകത്തു നിന്നുകൊണ്ടു ഉപരിഭാഗത്തുള്ള ഒരു വാതായനത്തിൽക്കൂടി നോക്കിക്കാണുന്നതും സന്തോഷകരങ്ങളായ കാഴ്ചകളാണ്. എന്നാൽ യഥാർത്ഥജ്ഞാനം പൂർണ്ണമായി സമ്പാദിച്ചിട്ടുള്ള ഒരാൾക്കു അപൂർണ്ണജ്ഞാനം, അല്ലെങ്കിൽ അബദ്ധജ്ഞാനം മാത്രം ലഭിച്ചിട്ടുള്ള ആളുകളുടെ ഓരോ തരം ഗോഷ്ഠികളും ചേഷ്ടകളും നാട്യങ്ങളും സ്ഖലിതങ്ങളും മററും കണ്ടു മനസ്സിലാക്കുന്നതിൽ നിന്നുണ്ടാകുന്ന സന്തോഷം മേല്പറഞ്ഞവയേക്കാൾ വളരെ വളരെ അധികമാകുന്നു" എന്നൊരു കവി പറഞ്ഞിരിക്കുന്നു. സത്യജ്ഞാനം ലഭിച്ചിട്ടുള്ളവരെ ഉയർന്ന ഒരു കുന്നിന്റെ മുകളിൽ നിൽക്കുന്നവരായിട്ടും അബദ്ധജ്ഞാനം മാത്രം സിദ്ധിച്ചിട്ടുള്ളവരെ ആ കുന്നിന്റെ താഴ്വരയിൽ നിൽക്കുന്നവരായിട്ടും പരിഗണിക്കാം. പൂർണ്ണമായ സത്യജ്ഞാനമുള്ളവർ അവരുടെ പൂർണ്ണതയെക്കുറി

ച്ചു അഹംഭാവമില്ലാത്തവരായും അബദ്ധത്തിലകപ്പെട്ടു ഉഴലുന്നവരും തങ്ങളുടെ സമസൃഷ്ടന്മാരുമായവരോടു നിർവ്യാജമായ സഹതാപമുള്ളവരായുമിരുന്നാൽ അതു എത്രയും ഉത്തമമായിരിക്കുമെന്നുള്ളതിനു സംശയമില്ല. ചുരുക്കിപ്പറയുന്നതായാൽ ഭൂതദയ, ഈശ്വരഹിതാനുവർത്തിത്വം, യഥാർത്ഥജ്ഞാനം ഈ മൂന്നു ഗുണങ്ങളും അവശ്യം എല്ലാവർക്കും ഉണ്ടായിരിക്കേണ്ടതാണ്.

(ബി) സത്യം എന്ന പദത്തിനു സത്യമായി സംസാരിക്കുകയും, സത്യത്തിന്നനുസരണമായി മാത്രം പ്രവർത്തിക്കുകയും ചെയ്ക എന്നൊരർത്ഥം സാധാരണമായിട്ടുണ്ടല്ലോ. ഈ അർത്ഥപ്രകാരമുള്ള സത്യവും എല്ലാവർക്കും അത്യന്താവശ്യകമായിട്ടുള്ള ഒന്നാണ്. എന്തെന്നാൽ അന്തഃകരണസമ്മതമായ സത്യത്തിനു അനുസരണമായി മാത്രം സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനേക്കാൾ ശ്രേഷ്ഠമായ മറ്റൊരു ഗുണവുമില്ല. സത്യാസത്യങ്ങളെ കൂട്ടിക്കലർത്തി പ്രയോഗിക്കുന്നതു തൽക്കാലാവശ്യങ്ങൾക്കു കേവലം സത്യമാത്രപ്രയോഗത്തെക്കാൾ ഉപയുക്തമായി ഭവിച്ചേക്കാം. അതെങ്ങനെയെന്നാൽ കൂട്ടുചേരാത്ത (പശിമയുള്ള) പൊന്നും കൊണ്ടും കസവുവെള്ളി കൊണ്ടും നാണയങ്ങൾ ഉണ്ടാക്കിയാൽ അവയ്ക്കു ഉറപ്പും ബലവും ഉണ്ടായിരിക്കയില്ല. എന്നാൽ അവയുടെ കൂടെ ചെമ്പു മുതലായ താണതരം ലോഹങ്ങൾ കൂട്ടിച്ചേർത്തുരുക്കിയടിച്ച നാണയങ്ങൾ ഉണ്ടാക്കിയാൽ നല്ല ഉറപ്പും കൈകാര്യം ചെയ്യുന്നതിനു കുറച്ചു കൂടി സൌകര്യവും ഉണ്ടായിരിക്കുന്നതാണ്. എങ്കിലും ഇങ്ങനെ കൂട്ടുചേർത്തുണ്ടാക്കുന്ന പൊന്നിന്റെയും വെള്ളിയുടെയും മാറ്റു വളരെ കുറഞ്ഞുപോകുന്നു. അതുപോലെ ഒരു മനുഷ്യൻ അസത്യവാനായാൽ അവന്റെ പേരിൽ അന്യന്മാർക്കുള്ള ബഹുമാനവും വളരെ കുറഞ്ഞുപോകുന്നതാണ്. വ്യാജവും വഞ്ചനയും കണ്ടുപിടിക്കപ്പെട്ടാൽ അവ പ്രയോഗിച്ച മനുഷ്യനു ഇതിലധികം അവമാനകരങ്ങളായ ദുർഗ്ഗുണങ്ങൾ മറ്റൊന്നുമില്ല. "നീ പറയുന്നതു വ്യാജമാണ്" എന്നൊരു മനുഷ്യന്റെ മുഖത്തുനോക്കി പറയുന്നതു അയാൾക്കു അത്യന്ത

ദുസ്സഹവും അയാളെ സകലജനങ്ങളുടെയും പരിഹാസപാത്രമാക്കിത്തീൎക്കുന്നതുമായ ഒരു കാര്യം മൃഷത്വമാകുന്നു. ഇത്ര മാത്രം അസഹ്യവും നികൃഷ്ടവുമായിത്തീരാനുള്ള കാരണം താഴെ വരുന്നപ്രകാരം ഒരു വിദ്വാൻ പറഞ്ഞിരിക്കുന്നു.

“സൂക്ഷ്മമായി ആലോചിച്ചാൽ കള്ളം പറയുന്ന ഒരാൾക്കു ഈശ്വരനെക്കുറിച്ചു ലേശം പോലും ഭയമില്ലെന്നും പ്രത്യുത മനുഷ്യരെക്കുറിച്ചു അതിനുമാത്രം ഭയമുണ്ടെന്നും സ്പഷ്ടമായി കാണാം. എന്തെന്നാൽ അസത്യം പറഞ്ഞാൽ അതു നിശ്ചയമായി ഈശ്വരൻ കണ്ടുപിടിച്ചു തന്നെ ശിക്ഷിക്കുമെന്നുള്ളതു അറിഞ്ഞിരുന്നിട്ടും സത്യം പറഞ്ഞാൽ ജനങ്ങളുടെ ഇടയിൽ തനിക്കുണ്ടായേക്കാവുന്ന താൽക്കാലികമായ അ[illegible]ത്തെ ഭയപ്പെട്ടിട്ടാണല്ലോ ഒരുവൻ അസത്യം പറയുന്നതു്.”

“സത്യം ലോകത്തിൽ നാമാവശേഷമായി തീരുകയും അസത്യം കൊണ്ടു ലോകം നിറയുകയും ചെയ്യുമ്പോൾ ഭൂലോകവും [illegible] അവസാനിച്ചുപോകും” എന്നു ക്രിസ്തീയവേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ടു തന്നെ അസത്യത്തിന്റെ ദോഷഫലങ്ങൾ എത്ര[illegible] [illegible]ദ്യങ്ങളാണെന്നു നമുക്കു ഏകദേശം ഊഹിച്ചറിയാവുന്നതാണല്ലോ.

## ൫. മരണത്തെക്കുറിച്ചുള്ള ഭയം.

ചെറിയ കുട്ടികൾക്കു ഇരുട്ടത്തു തനിച്ചു നടക്കാനുള്ള ഭയംപോലെയാകുന്നു മുതിൎന്ന മനുഷ്യൎക്കു മരണപ്രാപ്തിയെക്കുറിച്ചുള്ള ഭയം. ഈ ഭയം പ്രായേണ എല്ലാവൎക്കും സ്വാഭാവികമായിട്ടുള്ളതാകുന്നു. അല്ലാതെ വല്ലവരും പറഞ്ഞു പഠിപ്പിച്ചിട്ടോ ഇതുപോലെയുള്ള മറ്റു വല്ലതും കൊണ്ടോ ഉണ്ടാകുന്നതല്ല. പക്ഷെ കുട്ടികളുടെ കരച്ചിൽ ശമിപ്പിക്കുവാനും മറ്റുമായി പൂച്ച വരുന്നു, കുറുക്കൻ വരുന്നു, ഉമ്മാക്കി

വരുന്നു, കാട്ടുമാക്കാൻ വരുന്നു, ഇരട്ടക്കണ്ണൻ വരുന്നു എന്നും മററും പറയുന്നതിനാൽ അവൎക്കു സഹജമായുള്ള ഭയം ശതഗുണീഭവിക്കുന്നതുപോലെ മനുഷ്യൎക്കു മരണത്തെക്കുറിച്ചുള്ള ഭയവും ഇപ്രകാരമുള്ള ചില കാരണങ്ങൾ നിമിത്തം അധികമാകുന്നുണ്ടു്. മരണം പാപത്തിൻെറ ശിക്ഷയും ഭൂലോകത്തിൽ നിന്നു സ്വൎഗ്ഗലോകത്തേക്കു പ്രവേശിക്കുന്നതിനുള്ള മാൎഗ്ഗവുമാണെന്നു സങ്കല്പിക്കുന്നതു അത്യന്തം ആവശ്യകവും പ്രയോജനകരവുമാണു്. എന്നാൽ ജനിച്ചാൽ മരിക്കുകയും വേണമെന്നുള്ളതു ആവശ്യകമാകയാൽ അതിനെക്കുറിച്ചുള്ള ഭയം മനശ്ശക്തി കുറവാണെന്നുള്ളതിൻെറ അടയാളമാകുന്നു.

ഈശ്വരഭക്തിയെ വൎദ്ധിപ്പിക്കുന്നതിനെന്നുദ്ദേശിച്ചു എഴുതപ്പെട്ടിട്ടുള്ള ചില പുസ്തകങ്ങളിൽത്തന്നെയും മരണവേദനയെക്കുറിച്ചുള്ള ചില അതിശയോക്തിപ്രയോഗങ്ങളും അസംബന്ധപ്രലാപങ്ങളും കാണുന്നുണ്ടു്. "ഒരു കൈവിരലിൻെറ അററം പതുക്കെയൊന്നു ചതച്ചാൽത്തന്നെ സഹിക്കവഹിയാതെകണ്ടുള്ള വേദനയുണ്ടാകുന്ന സ്ഥിതിയ്ക്കു ശരീരം മുഴുവനും മരിച്ചു പഴുത്തു ചീഞ്ഞു നാമാവശേഷമായിത്തീരുമ്പോൾ ഉണ്ടാകുന്ന വേദനയുടെ ദുസ്സഹത്വം എത്രമാത്രം അധികമായിരിക്കും?" എന്നും മററും ചില പുസ്തകങ്ങളിൽ വായിച്ചിട്ടുണ്ടു്. എന്നാൽ വാസ്തവം പറയുന്നതായാൽ ഏതെങ്കിലും ഒരവയവം ചതച്ചാൽ ഉണ്ടാകുന്നെടത്തോളം വേദന മരണസമയത്തുപോലും ഉണ്ടാകുന്നതു ചുരുക്കമാണു് ശരീരത്തിൻെറ ഒരു പ്രധാനഭാഗത്തു മുറിവോ ചതവോ മറേറാ ഉണ്ടായാൽ അതുനിമിത്തമുണ്ടാകുന്ന വേദനയെക്കാൾ വളരെ കൂടുതലായ വേദന അപ്രധാനങ്ങളായ മിക്ക അവയവങ്ങൾക്കും മുറിവോ ചതവോ മറേറാ പററിയാലുണ്ടാകുമെന്നുള്ളതു അനുഭവസിദ്ധമായിട്ടുള്ളതാണു്. അതിനാൽ ഒരാൾ മരിക്കാറായിക്കിടക്കുമ്പോൾ ചുററും കൂടിയിരിക്കുന്നവരുടെ സങ്കടവും കണ്ണുനീരും ഞരക്കവും മൂളലും ഭാവപ്പകച്ചയും അസിതവസ്ത്രവും മററും കാണുന്നവൎക്കു മരണമെന്നതു അതിഭയങ്കരമായിട്ടുള്ള എന്തോ ഒന്നാണെന്നു തോന്നിപ്പോകും.

മരണത്തെക്കുറിച്ചുള്ള സീമാതിക്രാന്തമായ ഭയം ഇപ്രകാരമൊക്കെ ഉണ്ടാകുന്നതല്ലാതെ പ്രകൃതസിദ്ധമായിട്ടുള്ളതല്ലെന്നുള്ളതിനു് അനേകലക്ഷ്യങ്ങളുണ്ടു്. ശത്രുക്കളോടു പകവീട്ടണമെന്നുള്ള ആഗ്രഹം കലശലായി മനസ്സിനെ ബാധിച്ചിരിക്കുന്ന സമയങ്ങളിൽ മരണത്തെക്കുറിച്ചുള്ള ഭയം ലേശംപോലും ഉണ്ടാകുന്നില്ല. അപ്രകാരം തന്നെ നമ്മുടെ മാതാപിതാക്കന്മാർ, കുഞ്ഞുകുട്ടികൾ മുതലായി നമ്മാൽ അതിമാത്രം സ്നേഹിക്കപ്പെട്ടവരിൽ ആർക്കെങ്കിലും വലിയതായ എന്തെങ്കിലും ആപത്തു നേരിടുകയൊ വിഷൂചിക മുതലായി പകരുന്നതായ വല്ല വ്യാധികളും പിടിപെടുകയോ ചെയ്യുന്ന സമയങ്ങളിൽ നമ്മുടെ ജീവനെ നാം തൃണത്തോളമെങ്കിലും വകവെക്കുകയോ നമുക്കു മരണം സംഭവിച്ചേക്കുമെന്നു വിചാരിച്ചു ഭയപ്പെട്ടു് അവരെ വേണ്ടുംവണ്ണം സഹായിക്കാതെയും ശുശ്രൂഷിക്കാതെയും ഇരിക്കുകയോ ചെയ്യുന്നില്ല. യശഃപ്രാർത്ഥികളായ പോരാളികൾ മരണത്തെക്കുറിച്ചു സ്വല്പംപോലും ഭയപ്പെടാതെ അനവരതം വെടിയുണ്ടകൾ പാഞ്ഞുകൊണ്ടിരിക്കുന്ന സ്ഥലത്തേക്കു പോകുന്നതിനു് അത്യന്തം ആഗ്രഹത്തോടു കൂടിയവരായിരിക്കുന്നു. സഹിക്കാൻ പാടില്ലാത്ത വ്യസനത്തിൽ അകപ്പെടുന്നവർ മരണത്തെ ഒരു അഭയമായി വിചാരിക്കുന്നു. വലിയ അവമാനകരങ്ങളായ ഉപദ്രവങ്ങൾ നേരിട്ടേക്കുമെന്നോ മറ്റോ ഭയപ്പെട്ടു് ആത്മാഭിമാനികളായുള്ളവർ ചില അവസരങ്ങളിൽ സ്വയമേവ മരിച്ചുകളയുന്നു. ഇങ്ങനെ മനുഷ്യരുടെ മനസ്സിലെ മിക്ക വികാരഭേദങ്ങൾക്കും മരണഭയത്തെജ്ജയിക്കാൻ കഴിയുന്നു.

ഇപ്രകാരമുള്ള വികാരങ്ങളിൽ വെച്ചു് ഏറ്റവും ശക്തി കുറഞ്ഞതു അന്യന്മാരുടെ ദയനീയാവസ്ഥയെക്കുറിച്ചു വിചാരിച്ചിട്ടു മനസ്സിനുണ്ടാകുന്ന ആർദ്രതയാണു്. അതിനു കൂടിയും മരണഭയത്തെ ജയിക്കാനുള്ള ശക്തിയുണ്ടു്. റോമൻ ചക്രവർത്തിയായിരുന്ന ഓട്ടോ എന്ന ആൾ ദുസ്സഹങ്ങളായ ചില ഉപദ്രവങ്ങൾ നിമിത്തം സ്വയമേവ പ്രാണത്യാഗം ചെയ്തതിന്റെ ശേഷം ആ പൌരജനങ്ങളിൽ പലരും അദ്ദേഹത്തിന്റെ കഷ്ടാവസ്ഥയെക്കുറിച്ചു വിചാരിച്ചിട്ടുണ്ടായ

ആൎദ്രതകൊണ്ടും തങ്ങളുടെ സ്വാമിഭക്തിയെ കാണിക്കാനായും സ്വന്തമനസ്സാലെ മരിച്ചുകളഞ്ഞതായി ചരിത്രത്തിൽ നാം കാണുന്നു. ചെയ്യുതിനെത്തന്നെ പിന്നെയും ചെയ്യാനുള്ള വൈരസ്യം കൊണ്ടും ലോകത്തിൽ ഒന്നും ദുസ്സാധമായിട്ടില്ലെന്നു വരികയാൽ മനസ്സിനുള്ള ഉന്മേഷക്കുറവു കൊണ്ടും ജീവിതാശ നശിച്ച സൎവ്വത്തിലും സംഭവിക്കുന്ന വിരക്തിയാൽ പോലും മനുഷ്യൎക്കു മരണത്തിൽ ഭയമില്ലാതെയായിപ്പോകും'' എന്നു സെനിക്കാ എന്ന പ്രസിദ്ധനായ വിജ്ഞാനി പറഞ്ഞിരിക്കുന്നു.

ധൈൎയ്യശാലികളായിട്ടുള്ള പലരും അവരുടെ മരണസമയം ആസന്നമായിരുന്നപ്പോൾ കൂടിയും ഭയഭാവമോ മററു വല്ല ഭാവഭേദങ്ങളോ കാണിക്കാതെ ഇരുന്നിട്ടുള്ളതായി അനേകം കഥകളുണ്ടു്. സാധാരണമായി ഫലിതം പറയുന്ന പല ആളുകളും അവരുടെ മരണശ്വാസത്തോടു കൂടിയും ഫലിതങ്ങൾ പറഞ്ഞിട്ടുള്ളതായും ചതിപ്രയോഗം ധാരാളമായി ശീലിച്ചിട്ടുള്ള പലരും ആസന്നമരണന്മാരായി കിടന്നിരുന്നപ്പോഴും അതു പ്രയോഗിച്ചിട്ടുള്ളതായും മററും പല സംഗതികൾ റോമസ് ചക്രവൎത്തികളുടെ ജീവചരിത്രങ്ങളിൽ തന്നെ കാണുന്നുണ്ടു്. 'സ്റ്റോയിക്സ്' എന്ന പ്രാചീനവിജ്ഞാനികൾ അവരുടെ ആയുഷ്ക്കാലം മുഴുവനും മരിക്കുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുകയായിരുന്നതിനാൽ മരണത്തിനു വാസ്തവത്തിലുള്ളതിലധികം ഭയങ്കരത്വമുണ്ടെന്നു തോന്നുവാനിടയാക്കി. മരണമെന്നതു ഇഹലോകത്തിൽ നമുക്കു ലഭിക്കുന്ന ഒടുവിലത്തെ അനുഗ്രഹമാണെന്നും ജനനം പോലെ തന്നെ മരണവും സ്വാഭാവികമായിട്ടുള്ളതാണെന്നും ഒരു ചെറിയ ശിശുവിനു ഇവ രണ്ടും (ജനനവും മരണവും ഒന്നുപോലെ വേദനാപ്രദങ്ങളാണെന്നും ജുവനൻ എന്ന മഹാൻ പറയുന്ന അഭിപ്രായമാണു ഇവയിൽ എല്ലാററിലും വെച്ചു സ്വീകാൎയ്യമായിരിക്കുന്നതു്.

ജീവിതകാലത്തിലുള്ള തൎത്തവ്യകൎമ്മങ്ങളിൽ ഏററവും ശ്രേഷ്ഠതരമായ ഒരു കാൎയ്യത്തിനായി സൎവ്വാത്മനാ പ്രയത്നിച്ചുകൊണ്ടിരിക്കുന്ന മദ്ധ്യേ മനുഷ്യർ പെട്ടെന്നു മരിച്ചുപോ

കുന്നതു യുദ്ധമദ്ധ്യ വാശി മുഴുത്തിരിക്കുന്ന യോദ്ധാക്കൾ മരിച്ചുപോകുന്നതുപോലെയാണു്. രണ്ടു കൂട്ടക്കാരും ആ സമയം മരണവേദന അറിയുക തന്നെയില്ല.

ശ്രേഷ്ഠതരങ്ങളായ എന്തെങ്കിലും വിഷയങ്ങളിൽ മനശ്ശക്തി മുഴുവനും ദൃഢമായി പതിഞ്ഞിരുന്നാൽ മരണഭയം ലേശംപോലും മനസ്സിൽ പ്രവേശിക്കുകയില്ല. ഇഹലോകത്തിൽ നമുക്കുള്ള മഹത്തരങ്ങളായ മുഖ്യ കർത്തവ്യകർമ്മങ്ങൾ എല്ലാം ചെയ്തുതീർത്തിരിക്കുന്നു എന്നുള്ള നിശ്ചയവും തന്നിമിത്തമുള്ള ചാരിതാർത്ഥ്യവും മരണസമയത്തുണ്ടായിരുന്നാൽ അത്രയും ആശ്വാസപ്രദമായിട്ടു മറ്റു യാതൊന്നുമില്ല. ഒരാൾ മരിച്ചുപോയാൽ പിന്നെ അയാളോടു ആർക്കും അസൂയയുണ്ടാവുകയില്ലെന്നുള്ളതും അയാളുടെ പ്രസിദ്ധി പൂർവ്വാധികം വർദ്ധിക്കുമെന്നുള്ളതും പ്രത്യേകം സ്മരണനീയമാകുന്നു. മഹാനായ ഒരാൾ മരിച്ചാൽ അയാളെക്കുറിച്ചു അന്യന്മാർക്കുള്ള അസൂയ സ്നേഹമായിത്തീരും'' എന്നു ഹോറേസ് എന്ന കവി പറഞ്ഞിരിക്കുന്നതു് എത്രയും വാസ്തവമാണു്.

## ൩. പ്രത്യുപകാരം.

ഒരാളോടു വേറൊരാൾ ഒരക്രമം പ്രവർത്തിച്ചാൽ അതിനെ അനുഭവിക്കുന്നയാൾ തന്നെ അതു പ്രവർത്തിച്ച ആളോടു അതിനു പകരം ചെയ്യുക എന്നുള്ളതു വിളഭൂമിയിൽ മുളച്ചുവരുന്ന കളകളോടും പരിഷ്കൃതജനസമുദായത്തിൽ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള നീതിന്യായകോടതിയിൽ നിന്നു ഈ അക്രമിയായ മനുഷ്യനു കല്പിക്കുന്ന ശിക്ഷ വിളനിലത്തിൽ വിത്തിട്ടു ഉണ്ടായിവളരുന്ന നെല്ലിനോടും ഉപമിക്കാം. വിളഭൂമിയിൽ കളകൾ വർദ്ധിക്കുമ്പോൾ അവയെ വേരോടു കൂടി പറിച്ചുകളയേണ്ടതു ആവശ്യകമാണല്ലോ. അപ്രകാരം തന്നെ യാതൊരു കോടതിയുടെയും സഹായ

ത്തെ അപേക്ഷിക്കാതെ അവരവർ തന്നെ തങ്ങളുടെ അ പകൎത്താക്കന്മാരോടു പ്രത്യുപകാരം ചെയ്യുക എന്ന ശീലം ഒരു രാജ്യത്തു എത്രത്തോളം വൎദ്ധിക്കുന്നുവോ അത്രത്തോളം നിഷ്കർഷയോടു കൂടി അതിനെ ഉന്മൂലനാശം ചെയ്യു യെന്നുള്ളതു ഗവൎമ്മേണ്ടിന്റെ മുമതലയാണ്. എന്തെന്നാൽ ആദ്യം അക്രമം പ്രവൎത്തിച്ച ആൾ ഗവൎമ്മേണ്ടിന്റെ നിയമത്തെ ലംഘിച്ചു എന്നു മാത്രമേയുള്ളൂ. തങ്ങളോടു അക്രമം പ്രവൎത്തിക്കുന്നവരോടു തങ്ങൾ തന്നെ അതിനു പകരം അങ്ങോട്ടും ചെയ്യുന്നതാരോ അവരുടെ ആ പ്രവൎത്തിയുടെ സൂക്ഷ്മാൎത്ഥം കുററക്കാരെ ശിക്ഷിക്കുന്നതിനു ഗവൎമ്മേണ്ടിനുള്ള അധികാരത്തെ കവൎന്നെടുത്തു ഗവൎമ്മേണ്ടിനു സ്ഥാനഭ്രംശം വരുത്തുകയെന്നുള്ളതാണെന്നു വന്നുകൂടുന്നു.

പ്രത്യുപകാരം ചെയ്യുന്നതിൽ ഭേദം ഒന്നും ചെയ്യാതെ ക്ഷമിക്കുകയാകുന്നു. എന്തെന്നാൽ, (ക) അക്രമം പ്രവൎത്തിച്ച ആളോടു അതിനു പകരം ചെയ്താൽ രണ്ടു കൂട്ടക്കാരും ഒരേ സ്ഥിതിയിലുള്ളവരായിപ്പോകും. നേരെ മറിച്ചു ക്ഷമിക്കുന്ന ആൾക്കു മറേറയാളേക്കാൾ ഉയൎന്നതായ ഒരു സ്ഥിതി താനെ സിദ്ധിക്കും. എങ്ങനെയെന്നാൽ കുററം തെളിഞ്ഞു ശിക്ഷ വിധിക്കപ്പെട്ട ഒരാളുടെ ശിക്ഷ മാപ്പു ചെയ്തു കൊടുക്കുകയെന്നുള്ളതു രാജാക്കന്മാൎക്കു മാത്രമുള്ള മഹത്തരമായ ഒരു അധികാരമാകുന്നു. കുററം ചെയ്യുവരോടു ക്ഷമിക്കുന്ന ആൾക്കും ഈ അവസ്ഥ മിക്കവാറുമുണ്ടെന്നു സൂക്ഷമാലോചിച്ചാൽ സ്പഷ്ടമാകും. "ഒരു കുററത്തെ ക്ഷമിക്കുകയെന്നുള്ളതു മനുഷ്യനു ഏററവും ബഹുമാനഹേതുവായിട്ടുള്ളതാണെന്നു" വലിയ വിജ്ഞാനിയായിരുന്ന സോമളൻ എന്ന യഹൂദരാജാവു പറഞ്ഞിട്ടുള്ളതായി ഓൎക്കുന്നുണ്ടു. (ഖ) പിന്നെ ഒരാൾ ഒരു കുറെം ചെയ്തതിന്റെ ശേഷം അയാളോടു അതിന്റെ പക വീട്ടാനായിട്ടും മററും ശ്രമിക്കുന്നതു ആലോചനാബുദ്ധിയോടു കൂടിയ ഒരു പ്രവൃത്തിയാകുന്നില്ല. എന്തെന്നാൽ ഏതായാലും കഴിഞ്ഞതു കഴിഞ്ഞു. പിന്നെയതിനെ ഉപസംഹരിക്കുകയൊ ഇല്ലാതെയാക്കുകയൊ ചെയ്വാൻ പ്രത്യുപകാരത്തിനാകട്ടെ മറെറന്തിനെങ്കിലുമാകട്ടെ സാധിക്കു

ന്നതല്ലല്ലൊ. വൎത്തമാനകാലത്തു തന്നെയുമല്ല ഭാവികാലത്തു കൂടിയും അവനവന്നു വഹിക്കാൻ കഴിയുന്നെടത്തോളം കൎത്തവ്യകൎമ്മങ്ങൾ എല്ലാ മനുഷ്യൎക്കും ധാരാളമായി ഉണ്ടായിരിക്കുന്ന സ്ഥിതിക്കു ഭൂതകാലത്തു കഴിഞ്ഞുപോയ ഒരു കാൎയ്യത്തിന്റെ പക വീട്ടാനായിട്ടു മാത്രാധികമായി ശ്രമിക്കുന്നതു നമ്മുടെ നിൎവ്വഹണശക്തിയെ നിഷ്പ്രയോജനമായി നശിപ്പിച്ചുകളയുകയാകുന്നു. (൩) എന്നു മാത്രവുമല്ല, വേറെ യാതൊരുദ്ദേശവും കൂടാതെ അക്രമപ്രവൃത്തിയിങ്കലുളള അത്യാഗ്രഹത്തെ സാധിക്കുന്നതിന്നു മാത്രമായിട്ടു അകൃത്യംചെയ്യുന്നവരായി ആരുമുണ്ടായിരിക്കയില്ലെന്നുളളതും ഓൎക്കേണ്ടതാണ്. വല്ല കാൎയ്യലാഭത്തേയോ വിനോദത്തേയൊ ബഹുമാനത്തേയോ മറേറതെങ്കിലും പ്രയോജനത്തേയൊ ഉദ്ദേശിച്ചായിരിക്കും പ്രായേണ സകല മനുഷ്യരും ഓരോ അക്രമങ്ങൾ പ്രവൃത്തിക്കുന്നത്. അതുകൊണ്ടു ആരെങ്കിലും ഒരാൾ നമ്മോടു ഒരു അക്രമം പ്രവൃത്തിക്കുന്നു എങ്കിൽ അതിന്റെ സൂക്ഷ്മമായ കാരണം അയാൾക്കു നമ്മെക്കുറിച്ചുളളതിലധികം സ്നേഹം അയാളെക്കുറിച്ചു തന്നെ ഉണ്ടാകുന്നു എന്നുളളതാകുന്നു. അയാൾ നമ്മെ സ്നേഹിക്കുന്നതിലധികം അയാളെത്തന്നെ സ്നേഹിക്കുന്നതുകൊണ്ടു നാം അയാളെ ദ്വേഷിക്കുന്നതു കേവലം നിസ്സാരസ്വഭാവമാണല്ലൊ. പിന്നെ അതുമല്ല. ഒരാൾ അകൃത്യത്തിങ്കലുളള അത്യാഗ്രഹമെന്നുളളതു ഒന്നു മാത്രമല്ലാതെ മററു യാതൊരു പ്രയോജനേഛയും ഉദ്ദേശവും കൂടാതെ തന്നെ നമ്മോടു അക്രമം പ്രവൎത്തിച്ചു എന്നുതന്നെയിരിക്കട്ടെ. എന്നാൽത്തന്നെയും നാം അതിന്നു പകരം ചെയ്യേണ്ടുന്നതിന്നുളള ആവശ്യകതയെന്താണ്? നാം മുളളിന്മേൽ ചവിട്ടിയാൽ അതു നമ്മുടെ കാലിൽ തറച്ചു കയറുന്നുണ്ടല്ലൊ. അതുകൊണ്ടു ആരെങ്കിലും അതിന്നോടു പരിഭവിക്കാറുണ്ടോ? "ഇതു മുളളിന്റെ സ്വഭാവമാണല്ലൊ" എന്നു വിചാരിക്കുന്നതല്ലാതെ അതിന്നോടു ഇതിന്റെ പ്രത്യുപകാരം ചെയ്യണമെന്നും മററും ആരും വിചാരിക്കാറില്ല. അതുപോലെ നികൃഷ്ടന്മാരും ദുഷ്ടന്മാരുമായ മനുഷ്യർ തങ്ങളുടെ ജന്മവാസനയെ പ്രകടിപ്പിച്ചുകൊണ്ടു

അക്രമപ്രവൃത്തികൾ ചെയ്യുന്നതിനെക്കുറിച്ചും വിചാരബുദ്ധിയുള്ളവൎക്കു യാതൊരു പരിഭവത്തിനും അവകാശമില്ല.

നീതിന്യായക്കോടതി മുഖാന്തരം പരിഹാരമുണ്ടാക്കുവാൻ നിവൃത്തിയില്ലാതെ വരുന്ന സംഗതികളിൽ അവരവർ തന്നെ പ്രതിവിധി ചെയ്തുകൊള്ളുന്നതിന്നു ചില സന്ദൎഭങ്ങളിൽ ഒരു വിധം അനുവദിക്കാം. എന്നാൽ ആ പ്രതിവിധി സൎക്കാരുചട്ടപ്രകാരം കുററകരമല്ലാതെയിരിക്കണമെന്നുള്ളതു പ്രത്യേകം കരുതിക്കൊള്ളുകയും വേണം. അല്ലെങ്കിൽ ആദ്യം അക്രമം പ്രവൎത്തിച്ചയാളുടെ കാലാണു മുകളിൽ നില്ക്കുന്നതു്. അതെങ്ങനെയെന്നാൽ ഒന്നാമതു അവൻ തന്നെ ആദ്യംചെയ്ത അക്രമപ്രവൃത്തി, പിന്നീടു അവനോടു ചെയ്ത പ്രത്യുപകാരത്തെക്കുറിച്ചു അവൻ സൎക്കാരിൽ ബോധിപ്പിച്ചു അവിടെ നിന്നു വിധിപ്പിക്കുന്ന ശിക്ഷ ഇവ രണ്ടും ഈ പ്രത്യുപകാരം ചെയ്ത ആൾ അനുഭവിക്കേണ്ടി വരുമല്ലോ. മററവന്നു ഈ പ്രത്യുപകാരം സഹിക്കാനല്ലാതെ ഇടയാകുന്നില്ല. അതിനാൽ അങ്ങോട്ടു ഒന്നടിച്ചതിന്നു പകരം ഇങ്ങോട്ടു രണ്ടടി അടിക്കുന്നതിന്നു അവന്നു സാധിക്കുന്നു. താൻ ചെയ്തതായ ഇന്ന അക്രമത്തിന്നു ഇന്നയാൾ ചെയ്ത പ്രതിക്രിയയാണിതു. എന്നു ആ പ്രതികാരത്തെ അനുഭവിക്കുന്ന ആൾക്കു മനസ്സിലാകുവാൻ തക്കവണ്ണം ചെയ്യുന്ന പ്രത്യുപകാരം ഏതദ്വിപരീതമായി പ്രയോഗിക്കുന്ന ഒളിയമ്പിനോളം തന്നെ നിന്ദ്യമാകുന്നില്ല. പ്രത്യുപകാരം ഇന്ന സംഗതിക്കു ഇന്നാരു ചെയ്തതു എന്നു അതിനെ അനുഭവിക്കുന്ന ആൾക്കു മനസ്സിലായാൽ അയാൾ ആദ്യം ചെയ്തുപോയ തെററിനെക്കുറിച്ചു ഓൎക്കുന്നതിന്നും പശ്ചാത്തപിക്കുന്നതിന്നും ഇട വരുന്നതാണു്. പ്രത്യുപകാരത്തിൽ വല്ല രസവുമുണ്ടെങ്കിൽ അതു പ്രതിയോഗിയെ വേദനപ്പെടുത്തുന്നതിലല്ല. അവനെ പശ്ചാത്തപിപ്പിക്കുന്നതിലാണു അന്തൎഭവിച്ചിരിക്കുന്നതു്.

പ്രത്യുപകാരമായി ഒളിയമ്പു (ഗൂഢപ്രയോഗം) പ്രയോഗിക്കുക എന്നതു ഹീനന്മാരും കുടിലബുദ്ധികളുമായ ഭീരുക്കളുടെ പ്രവൃത്തിയാണു. രാത്രിയിൽ അസ്ത്രം പ്രയോഗിക്കുന്ന

ളുപോലെ വിചാരിക്കാതെ നിൽക്കുന്ന സ്ഥലത്തും സമ
ത്തും വെച്ച ചതിയാലാണ് ഇവർ പക വീട്ടുന്നതു്. ഇപ്ര
കാരമുള്ള പ്രതികാരം പുരുഷം ചില സന്ദർഭങ്ങളിൽ ഉ
ഗ്രേണ അനുവദിക്കാവുന്നതാണെങ്കിലും ആകപ്പാടെ ആലോ
ചിച്ചുനോക്കിയാൽ ഇതു എത്രയും ത്യാജ്യമാണെന്നുള്ളതിനു
സംശയമില്ല.

നമ്മുടെ മിത്രങ്ങളായിട്ടുള്ളവർ നമ്മോടു സ്നേഹമില്ലാതെ
യോ വഞ്ചനയോടുകൂടിയോ എന്തെങ്കിലും പ്രവൎത്തിച്ചാൽ അ
വരോടു അതു ഒരിക്കലും ക്ഷമിച്ചിട്ടാവശ്യമില്ലെന്നും അതി
നു തക്കതായ പ്രതികാരം ചെയ്യേണ്ടതാണെന്നും ക്രിസ്തീയ
വേദപുസ്തകത്തിലുള്ള സംഗതികൾകൊണ്ടു സാധിക്കുന്ന
തിനു ഫ്ളോറൻസിലെ ഒരു പ്രഭു ഒരിക്കൽ ശ്രമിച്ചതായി
കേട്ടിട്ടുണ്ട്. എങ്ങനെയെന്നാൽ, "ശത്രുക്കളെ സ്നേഹിക്കണ"
മെന്നല്ലാതെ സ്നേഹിതന്മാരോടു പ്രതിക്രിയ ചെയ്യരുതെ
ന്നു ഈ പുസ്തകത്തിൽ ഒരു സ്ഥലത്തും പറഞ്ഞുകാണുന്നില്ല.
അതിനാൽ സ്നേഹിതന്മാരുടെ അപരാധം ക്ഷന്തവ്യമായി
വരുന്നതല്ല എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. വാച്യാ
ൎത്ഥപ്രകാരം ഇതു വാസ്തവമാണെങ്കിലും അന്തരാൎത്ഥം വിചാ
രിച്ചാൽ ഇതു സ്വീകാൎയ്യമായ ഒരഭിപ്രായമല്ല. നമുക്കു പ
ലവിധത്തിലുള്ള അനുഗ്രഹങ്ങളെ നൽകുന്ന ഈശ്വരൻ
ഒരു സമയം എന്തെങ്കിലും ദോഷങ്ങളെ ചെയ്താലും അവയെ
യും സ്വീകരിക്കുകയെന്നുള്ളതു നമ്മുടെ ചുമതലയാകുന്നു എ
ന്നു ഒരു സ്ഥലത്തു പറഞ്ഞിട്ടുണ്ട്. നമുക്കു നന്മ ചെയ്യുന്നതി
നു ഈശ്വരനുള്ള ശക്തി അളവില്ലാത്തതാകുന്നു. ഈശ്വ
രനു ചെയ്യാൻ കഴിയുന്ന നന്മയുടെ ഏററവും അല്പീയസ്സാ
രമായ ഒരംശം നന്മ മാത്രമെ ഒരു മനുഷ്യനു മറെറാരു മ
നുഷ്യനു ചെയ്തുകൊടുപ്പാൻ സാധിക്കയുള്ളൂ. അതുപോലെ
തന്നെ നമ്മുടെ സൃഷ്ടിസ്ഥിതിസംഹാരകൎത്താവായ ഈശ്വര
നു നമുക്കു ഉപദ്രവകരമായിട്ടുള്ളതെന്തെങ്കിലും നമ്മോടു
ചെയ്യുന്നതിനുള്ള അധികാരവും അപരിമിതമാകുന്നു.

ഒരു മനുഷ്യനു നന്മ ചെയ്യുന്നതിനുള്ള ശക്തിക്കു ഒരു സീ
മയുള്ളതു കൊണ്ടു ആ മതാനുസരിച്ചല്ലാതെ ദോഷകരമാ

ള്ളായ കാൎയ്യങ്ങളെ അന്യന്മാരോടു ചെയ്യുന്നതിന്നും അവന്നു അവകാശമില്ലാത്തതാണു. എങ്കിലും ഈ ന്യായവും കണക്കും അനുസരിച്ചു അന്യന്മാരിൽനിന്നു നമുക്കു സംഭവിക്കുന്നവയായ ഉപദ്രവങ്ങളെ നാം ക്ഷമിക്കുകയും അവരോടു പ്രതികാരം ചെയ്വാൻ ശ്രമിക്കാതിരിക്കുകയും ചെയ്യുന്നതാകുന്നു നമ്മുടെ ധൎമ്മമെന്നാണു ക്രിസ്തീയവേദപുസ്തകത്തിൽ നിന്നു വാസ്തവത്തിൽ നമുക്കു പഠിക്കാനുള്ള പാഠം.

മനുഷ്യൎക്കു പ്രകൃത്യാ ഉള്ള ആലോചനാശക്തികൊണ്ടു നോക്കിയാൽത്തന്നെ അന്യൻ ചെയ്യുന്ന അപകാരത്തിന്നു പ്രതികാരം ചെയ്യുന്നതു ആ അപകാരത്തിന്റെ ഫലം മാഞ്ഞുപോകാതെയിരിക്കുന്നതിന്നുള്ള കാരണമായിട്ടാണു പരിണമിക്കുന്നതെന്നു പ്രത്യക്ഷമായി നമുക്കു കാണാം. നമ്മുടെ ദേഹത്തിൽ അത്ര സാരമില്ലാത്തവയായ മുറിവുകളും മററും പററിയാൽ അവയ്ക്കു ഒന്നും ചെയ്യാതെയിരുന്നാൽ കുറച്ചു ദിവസങ്ങൾകൊണ്ടു അവ താനേതന്നെ ഉണങ്ങിക്കൊള്ളും. നേരെമറിച്ചു ആ മുറിവുകളിൽ വല്ല കോലോ മററൊ ഇട്ടിളക്കിക്കൊണ്ടിരുന്നാൽ അവ എളുപ്പത്തിലെങ്ങും ഉണങ്ങുകയില്ലെന്നുള്ളതു തീൎച്ചയാണല്ലൊ.

രാജവധം മുതലായി രാജ്യത്തെ പൊതുവേ സംബന്ധിക്കുന്നവയായ വലിയ അക്രമങ്ങൾ പ്രവൎത്തിക്കുന്നവരോടു നീതിന്യായക്കോടതികളുടെ സഹായം കൂടാതെ അതിന്നു പ്രത്യപകാരം ചെയ്യുന്നതു് അത്ര അവിഹിതമായിട്ടുള്ളതല്ല. ഇപ്രകാരമുള്ള സംഗതികളിൽ പ്രത്യപകാരം ചെയ്യുന്നവൎക്കു അതു ഐശ്വൎയ്യകാരണമായി ഭവിക്കുമെന്നുള്ളതിന്നു ചരിത്രപ്രസിദ്ധങ്ങളായ അനേകം ഉദാഹരണങ്ങളുണ്ടു്. എന്നാൽ ഒരാളെ മാത്രം സംബന്ധിക്കുന്നവയായ അക്രമങ്ങൾക്കു അവയുടെ അനുഭോക്താവു സ്വയമേവ പ്രതിക്രിയയ്ക്കായി ഒരുമ്പെടുന്നതു നിശ്ചയമായി അയാൾക്കു ആജീവനാന്തം ആപൽകരവും അശുഭോദൎക്കവുമായിരിക്കുമെന്നുള്ളതിന്നു യാതൊരു സംശയവുമില്ല.

## ൫. ആപത്തിൽനിന്നു ലഭിക്കപ്പെടാവുന്ന ഗുണങ്ങൾ.

---

സമ്പൽസമൃദ്ധിയിൽ നിന്നു സംഭൂതങ്ങളാകുന്ന സുഖാനുഭവങ്ങൾ അഭിനന്ദനീയങ്ങളും സ്പൃഹണീയങ്ങളുമാണെന്നും ആപത്തിൽനിന്നു ഉണ്ടാകാവുന്ന ഗുണങ്ങൾ അത്യത്ഭുതകരങ്ങളാണെന്നും സെനിക്കാ എന്ന തത്വജ്ഞാനി പറഞ്ഞിരിക്കുന്നു. ഇതൊരു അതിശയോക്തിയാണെങ്കിലും ഇതിൽ ചില വാസ്തവങ്ങളും ഇല്ലെന്നില്ല. അത്യന്തഭയങ്കരങ്ങളും അതിദുസ്സഹങ്ങളുമായ ആപൽസംഭവങ്ങളിൽ ചില മനുഷ്യർ പ്രദർശിപ്പിക്കുന്ന ധൈര്യവും ആത്മനിയന്തൃത്വവും അത്ഭുതകരങ്ങളാണെന്നുള്ളതിനു സംശയമില്ല. 'ഈശ്വരനുമായിട്ടു താരതമ്യപ്പെടുത്തി നോക്കിയാൽ ശക്തിയിലും മററും ഏററവും അല്പീയസ്സനായി ക്രിമിപ്രായനായിരിക്കുന്ന മനുഷ്യനാൽ എന്തെല്ലാം സംഭവിച്ചാലും ഈശ്വരനെപ്പോലെ നിർവ്വികാരനും നിശ്ചലനുമായി ഇരിക്കുന്നതിനു കഴിയുന്നതായാൽ അതാണു വാസ്തവമായ മാഹാത്മ്യം' എന്നു സെനിക്കാ തന്നെ വേറൊരു സന്ദർഭത്തിൽ പറഞ്ഞിട്ടുള്ളതും അതിശയോക്തിയും പരമാർത്ഥവും കൂടികലർന്നിട്ടുള്ള ഒരഭിപ്രായമാണു്.

സെനിക്കായുടെ അതിശയോക്തികളെയെല്ലാം തള്ളി സാധാരണ സംഗതികളെക്കുറിച്ചു ആലോചിക്കുന്നതായാൽ (൧) സമ്പൽസമൃദ്ധിയിൽ നിന്നു സ്വാഭാവികമായിട്ടുണ്ടാകുന്ന പ്രധാനഗുണം ഒരു സംഗതിയിലും സീമാലംഘനം വിഹിതമല്ലെന്നുള്ള സത്സ്വഭാവം നമ്മെ പഠിപ്പിക്കുമെന്നുള്ളതാകുന്നു. ആപത്തിൽനിന്നുണ്ടാകുന്ന ഗുണം സഹനശക്തിയാണു്. ഇവ രണ്ടിൽ അധികം മഹത്വം സഹനശക്തിക്കാണെന്നുള്ളതിനു സംശയമില്ല. (൨) ക്രിസ്തീയവേദപുസ്തകത്തിൽ ഐശ്വര്യത്തെക്കാൾ അരിഷ്ടതയെ ആണു് അധികം പ്രയോജനമുള്ളതായി പറഞ്ഞിരിക്കുന്നതു്. (൩) ഐശ്വര്യാവസ്ഥയിൽ അരിഷ്ടതയും അരിഷ്ടാവസ്ഥയിൽ ഐ-

ശ്വൎയ്യവും സമ്മിശ്രങ്ങളായി കാണപ്പെടുന്നുണ്ടു്. അല്ലാതെ
ഐശ്വൎയ്യവും അരിഷ്ടതയും സംപൂൎണ്ണതയുള്ളതല്ല. എങ്ങനെ
യെന്നാൽ സമ്പൽസമൃദ്ധിയുള്ള കാലത്തു അനേകവിധത്തി
ലുള്ള മനോവികാരങ്ങളും ഉപദ്രവങ്ങളും ദുൎന്നിവാരങ്ങളായി
ഭവിക്കുന്നു. പ്രത്യുത അരിഷ്ടതയിങ്കൽ പലവിധത്തിലുള്ള
ആശ്വാസങ്ങളും ആശകളും ഉണ്ടാകയും ചെയ്യും. അതിശുദ്ധ
മല്ലാത്ത വെള്ളത്തുണിയിന്മേലോ മറ്റൊ നല്ല ചൈതന്യ
മുള്ളതായ വല്ല സാത്രുപവും പലനിറത്തിലുള്ള നൂലുകൾ
ചേൎത്തു തൈച്ചുണ്ടാക്കിയാൽ അതു എത്രയും ആഹ്ലാദപ്രദ
വും നയനാനന്ദകരവുമായിരിക്കും. നേരെമറിച്ചു നല്ല ചുവ
പ്പുനിറമുള്ള ചെത്തിപ്പട്ടിന്മേലോ ഏറ്റവും ശോഭയുള്ള മ
റ്റു വല്ല വൎണ്ണത്തുണിയിന്മേലോ വെള്ളനൂൽകൊണ്ടു അധി
കം ചൈതന്യമില്ലാത്ത ഒരു സാത്രുപം തൈച്ചുണ്ടാക്കിയാൽ
മറ്റതിനോളം ദൎശനീയമായിരിക്കയില്ലല്ലൊ. അപ്രകാരം
തന്നെ നിരന്തരമായി ഏതെങ്കിലും വിധത്തിലുള്ള ഞെരുക്ക
ത്തിലും ബുദ്ധിമുട്ടിലുമിരിക്കുന്ന ആൾക്കുണ്ടാകുന്ന ഒരു ഭാ
ഗ്യോദയംകൊണ്ടു അയാൾക്കുണ്ടാകുന്നതുപോലെയുള്ള ഹൃ
ദയസന്തോഷം ഐശ്വൎയ്യാവസ്ഥയിലിരിക്കുന്ന ഒരാൾക്കു എ
ന്തെങ്കിലും ആപത്തുവന്നാൽ ഉണ്ടാകുന്നില്ല. (൭) ഒരു മനുഷ്യ
നു ഐശ്വൎയ്യമുണ്ടാകുമ്പോൾ അവന്റെ ദുൎഗ്ഗുണങ്ങളും ക
ഷ്ടതകൾ സംഭവിക്കുമ്പോൾ അവന്റെ സൽഗുണങ്ങളുമാ
ണു പ്രകടീഭവിക്കുന്നതു്. അഷ്ടഗന്ധം, സാമ്പ്രാണി മുതലാ
യ സുഗന്ധവൎഗ്ഗങ്ങളെ തീക്കനലിലിട്ടു എരിച്ചെങ്കിലല്ലാതെ
അവയുടെ സുഗന്ധം മുഴുവൻ വെളിയിൽ വരികയില്ല
ല്ലൊ. അപ്രകാരം തന്നെ ഒരു മനുഷ്യന്റെ ഹൃദയമാകുന്ന
സുഗന്ധദ്രവ്യം കഷ്ടതയാകുന്ന തീക്കനലിൽക്കിടന്നു ദഹി
ക്കുമ്പോളാണു അതിന്റെ അന്തസ്ഥിതങ്ങളായ സൽഗുണങ്ങ
ളാകുന്ന സൌരഭ്യങ്ങളെല്ലാം പുറത്തു വരുന്നതെന്നുള്ളതു അ
നുഭവസിദ്ധമാണു്.

## ൭. അന്തർഗ്ഗതങ്ങളെ സംയമനം ചെയ്യാതെയും ചെയ്തുമുള്ള വാക്യങ്ങളും വ്യാപാരങ്ങളും.

ഓരോ കാര്യങ്ങളിൽ യഥായോഗ്യം പ്രവർത്തിക്കുന്നതിന്ന അക്ഷമന്മാരായിട്ടുള്ളവരാണ ഉപായം പ്രയോഗിക്കുന്നതു്. എന്തെന്നാൽ സത്യം മുഴുവനും തുറന്നു പറയുകയെന്നുള്ളതു എപ്പോഴെല്ലാമാണ വേണ്ടതെന്നറിയുന്നതിന്ന അസാമാന്യമായ ബുദ്ധിബലവും അങ്ങിനെയുള്ള അവസരങ്ങളിൽ സത്യത്തെത്തന്നെ പറയുന്നതിന്ന അസാധാരണമായ ധൈര്യവും അവശ്യം വേണ്ടതാണ്.

അതുകൊണ്ടു രാജ്യഭരണധൂർവ്വഹന്മാരിൽ അശക്തന്മാരായിട്ടുള്ളവരാണ്, പ്രായേണ വഞ്ചകന്മാരായി കാണപ്പെടുന്നതു്. റോമ്മാ ചക്രവർത്തിയായിരുന്ന ഓഗസ്റ്റസിന്ന മേല്പറഞ്ഞപ്രകാരം യഥാകാലം തന്റെ കായവാങ്മനഃപ്രവൃത്തികളെ യഥായോഗ്യമായും അനുകൂലമായും പ്രാഗത്ഭ്യത്തോടു കൂടിയും ഉപയോഗിക്കുന്നതിന്നുള്ള ശേഷിയും അതിതീക്ഷ്ണമായ കുശാഗ്രബുദ്ധിത്വവും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമിയും സ്വഭാര്യയായ ലിവിയായുടെ പ്രഥമവിവാഹത്തിലെ പുത്രനുമായ ടൈബീറിയസ് എന്നയാൾ വലിയ കൌശലക്കാരനും അനൃജുബുദ്ധിയും വളരെ കരുതലോടു കൂടിയ സ്വഭാവമുള്ള ആളുമായിരുന്നു. എന്നാൽ ഇവരെ രണ്ടുപേരെയും തന്റെ കീഴമർത്തുന്നതിന്നുള്ള ബുദ്ധിവൈഭവം ലിവിയായിക്കു ഉണ്ടായിരുന്നു. സാക്ഷാൽ രാജ്യഭരണതന്ത്രമെന്നും കൌശലബുദ്ധിയെന്നുമുള്ളതു രണ്ടും രണ്ടാണ്. ഇവ രണ്ടിനേയും വേർതിരിച്ചറിയുകയെന്നുള്ളതു എത്രയും ആവശ്യകമാകുന്നു. സംയമനം ചെയ്യാതെ തുറന്നു പറയേണ്ടുന്നവ ഇന്നതെല്ലാമാണെന്നും ഹൃദയത്തിൽ നിഗ്രഹനം ചെയ്തു സൂക്ഷിക്കേണ്ടുന്നവ ഇന്നതെല്ലാമാണെന്നും അർദ്ധപ്രകടനവും അർദ്ധനിഗ്രഹനവും ചെയ്യേണ്ടുന്ന സംഗതികൾ ഇന്നതെല്ലാമാണെന്നും സംഗതി മുഴുവനുമായാലും പകുതിയായാലും അതു തുറന്നു പറയേണ്ടതു ഇന്നാ

രോടെല്ലാമാണൊന്നും ഇന്ന സന്ദർഭങ്ങളിലെല്ലാമാണൊന്നും
സൂക്ഷ്മമായും നിഷ്പ്രയാസമായും അറിയുന്നതിനുള്ള ശ
ക്തിയെയാണ യഥാൎത്ഥമായ രാജ്യഭരണതന്ത്രമെന്ന പറയു
ന്നു. ആയുഷ്കാലത്തിലുള്ള എല്ലാ സംഗതികളിലും അവ
ശ്യം ഉണ്ടായിരിക്കേണ്ടുന്ന ഗുണവും ഇതു തന്നെയാണ. യ
ഥാൎത്ഥ്യത്തെ മറച്ചു വെച്ചു അനവരതമായി കൌശലങ്ങൾ
പ്രയോഗിക്കുന്ന ശീലം മേല്പറഞ്ഞ പ്രകാരമുള്ള സൎവ്വ
തോമുഖിയും സൎവ്വംകഷയുമായ ബുദ്ധിശക്തിയുള്ള ഒരാൾക്കു
ഒരു ബാധകവും പ്രതിബന്ധവും വലിയ കാൎയ്യങ്ങളിൽ പ്ര
വേശിക്കുന്നതിനു അയാൾക്കു പ്രകൃത്യാ ഉള്ള ശക്തിയെ
കുറെക്കുന്നതുമായിരിക്കുന്നതാണ. സകലകാൎയ്യങ്ങളുടേയും വാ
സ്തവസ്ഥിതി മുഴുവനും മനസ്സിലാക്കുവാൻ തക്കവണ്ണം ബു
ദ്ധിക്കു കൂൎമ്മയും ശക്തിയുമില്ലാത്തവൎക്കു ഒന്നും തുറന്നു പറയാ
തെയിരിക്കുകയും വാസ്തവത്തെ മറച്ചു വെച്ചു പറയുകയും മ
റ്റും ചെയ്യെങ്കിലേ ലോകത്തിൽ ഒരു വിധമായിട്ടെങ്കിലും
കഴിച്ചു കൂട്ടുവാൻ സാധിക്കുകയുള്ളു. അപ്പോഴപ്പോൾ ഉ
ണ്ടാകുന്ന സംഗതികളുടെ വാസ്തവസ്ഥിതി മനസ്സിലാക്കി, അ
തിനു യോഗ്യമായ വിധത്തിൽ പ്രവൎത്തിക്കുന്നതിനു ഇപ്ര
കാരമുള്ളവൎക്കു ശക്തിയില്ലാത്തതിനാൽ അവർ എല്ലാ സം
ഗതികളിലും ഒന്നുപോലെ ഉൾക്കരുതലോടുകൂടി ഓരോ
കൌശലങ്ങളെ പ്രയോഗിക്കുന്നു. ഇടുങ്ങിടുങ്ങു കുണ്ടും കുഴിക
ളുമുള്ളതായ ഒരു വഴിയിൽക്കൂടി രാത്രിസമയം സഞ്ചരി
ക്കുമ്പോൾ അവിടെയുള്ള നിമ്നോന്നതസ്ഥലങ്ങളെ തിരി
ച്ചറിയുന്നതിനു നിവൃത്തിയില്ലാത്തവർ എല്ലാ സ്ഥലത്തും ഒ
ന്നുപോലെ സൂക്ഷിച്ചും സാവധാനമായുമല്ലാതെ നടക്കുകയി
ല്ലല്ലൊ. എന്നാൽ നിത്യപരിചയംകൊണ്ടു ആ വഴിയുടെ
സ്ഥിതിയെക്കുറിച്ചു നല്ല നിശ്ചയം വന്നിട്ടുള്ളവർ വൈഷ
മ്യസ്ഥലങ്ങളിൽ മാത്രം സൂക്ഷിച്ചും മന്ദമായും അങ്ങനെയല്ലാ
ത്ത സ്ഥലങ്ങളിൽ വേഗത്തിലും നടന്നുപോകുമല്ലൊ. അതു
പോലെ അസാമാന്യമായി കാൎയ്യശേഷിയും ബുദ്ധിശക്തിയു
മുള്ള ആളുകൾ തങ്ങളുടെ ഓരോ ഏൎപ്പാടുകളിലും ശരി
യായിട്ടുള്ളതിനെ സംശയം കൂടാതെ തുറന്നു പറയുകയും പ്ര

വൎത്തിക്കുകയും ചെയ്യുന്നവരായിട്ടാണു പ്രായേണ കണ്ടുവരുന്നതു. നല്ലപോലെ പഴക്കവും പരിചയവും വന്നിട്ടുള്ള കുതിരകളെപ്പോലെ എവിടെയാണു നില്ക്കേണ്ടതെന്നും എവിടെ വെച്ചാണു പിൻതിരിയേണ്ടതെന്നും മററും അവൎക്കു നിശ്ചയമായി അറിയാവുന്നതാണു. അതുകൊണ്ടു അവൎക്കു ഒരു സംഗതിയിലും സത്യത്തെ മറച്ചു പ്രവൎത്തിക്കേണ്ടുന്ന ആവശ്യം വരികയൊ വന്നാലും അവരങ്ങനെ പ്രവൎത്തിക്കുകയോ ഇല്ലെന്നുള്ളതു തീൎച്ചയാണ്. അഥവാ അവരങ്ങനെ തന്നെ ഒരു സമയം പ്രവൎത്തിച്ചാലും അവർ പതിവായി ഉത്തമവിശ്വാസത്തോടും പരമാൎത്ഥതയോടും കൂടി പ്രവൎത്തിക്കുന്നവരാണെന്നു മുൻപെ തന്നെ അവരെക്കുറിച്ചു പരക്കെ ഒരു സമ്മതം വന്നിട്ടുള്ളതുകൊണ്ടു ഇവരുടെ പ്രവൃത്തിയിൽ കാപട്യമുണ്ടായിരിക്കുമോ എന്നു യാതൊരുത്തരും സംശയിക്കുക പോലും ചെയ്യയില്ല.

ഏവംവിധങ്ങളായ സ്വഭാവങ്ങളെ താഴെ പറയും പ്രകാരം മൂന്നു തരമായി വിഭജിക്കാം.

(൧) ഒരു സംഗതിയും പുറത്തു വിടാതെ മനസ്സിൽ സംഗ്രഹിച്ചു വെക്കുകയും മനസ്സിൽ സംഗ്രഹിച്ചിരിക്കുന്നതു ഇന്നതെന്നു അന്യന്മാർ അറിയുന്നതിന്നു യാതൊരു വഴിയും കൊടുക്കാതിരിക്കുകയും ചെയ്യുന്ന സ്വഭാവം. (൨) വാസ്തവത്തെ മറച്ചുവെക്കുകയും താൻ അറിഞ്ഞിട്ടുള്ളതിനെ അറിഞ്ഞിട്ടില്ലെന്നു ഭാവിക്കയും തന്നിലുള്ള ശീലം തനിക്കില്ലെന്നു നടിക്കുകയും അങ്ങനെ അന്യന്മാരെ വിശ്വസിപ്പിക്കുന്നതിന്നായി ഓരോ കൌശലങ്ങൾ പ്രയോഗിക്കയും ചെയ്യുന്ന സ്വഭാവം. (൩) തനിക്കില്ലാത്ത ഗുണം ഉണ്ടെന്നു ഭാവിക്കുകയും ഇല്ലാത്ത സംഗതികളെ നിൎമ്മിച്ചു പരസ്യമായി പ്രസ്താവിച്ചു ഉള്ളതാണെന്നു അന്യന്മാരെ വിശ്വസിപ്പിക്കുകയും ചെയ്യുന്ന സ്വഭാവം. ഇനി ഇവയിൽ ഓരോന്നിനെക്കുറിച്ചും പ്രത്യേകം പ്രത്യേകമായി പൎയ്യാലോചിക്കാം.

(൧) ഒന്നും പുറത്തു പ്രകടിപ്പിക്കാത്ത സ്വഭാവം വളരെ പ്രയോജനങ്ങളുള്ളതാകുന്നു. ക്രിസ്ത്യാനികളിൽ ചില വൎഗ്ഗ

ക്കാക്ക തങ്ങൾ ചെയ്തുപോയ ദുഷ്കൃത്യങ്ങളെ എല്ലാം തങ്ങളുടെ വൈദീകന്മാരുടെ മുൻപാകെ സ്പഷ്ടമായി ഏറ്റുപറയുക എന്നൊരു നടപ്പുണ്ടു. വൈദീകന്മാക്ക മറ്റുള്ളവരുടെ ദുഷ്കൃത്യങ്ങളെയും ചീത്തയായിട്ടുള്ള നടപടികളേയും മറ്റും കുറിച്ചു കേൾക്കുന്നതിനുള്ള ആഗ്രഹത്തെ സാധിക്കുന്നതിനായിട്ടല്ല ഓരോരുത്തർ തങ്ങളുടെ തെറ്റുകളെ ഏറ്റുപറയുന്നതിൽ അവർ പ്രത്യേകം ശ്രദ്ധവെക്കുന്നതു. വൈദീകന്മാർ ഇവയെ ലോകത്തിൽ യാതൊരുത്തരോടും പറയുകയില്ലെന്നും യാതൊരു സന്ദർഭത്തിലും പ്രയോഗിക്കുകയില്ലെന്നുമുള്ള പൂൎണ്ണവിശ്വാസമുണ്ടു. തെറ്റു ചെയ്തിട്ടും മറ്റു അനേകപ്രകാരത്തിലും മനസ്സിനുണ്ടായിരിക്കുന്ന അസ്വാസ്ഥ്യത്തെക്കുറിച്ചു തങ്ങൾ പറയുന്നതെല്ലാം ശ്രദ്ധമായി മനസ്സിൽ നിക്ഷേപിച്ചു സൂക്ഷിച്ചുകൊള്ളുമെന്നു പൂൎണ്ണമായി വിശ്വസിക്കപ്പെടുന്നവരോടു സകലവും ഏറ്റു തുറന്നു പറഞ്ഞാൽ വളരെ മനസ്സമാധാനമുണ്ടല്ലൊ. ഈ സമാധാനത്തെ ആഗ്രഹിച്ചാണ് അവരോടു ഓരോരുത്തർ തങ്ങളുടെ തെറ്റുകളെ ഇങ്ങനെ ഏറ്റുപറയുന്നതു്. ഇതിനാലുണ്ടാകുന്ന ആശ്വാസവും മനസ്സമാധാനവും എത്രമാത്രമായിരിക്കുമെന്നു അനുഭവിച്ചിട്ടുള്ളവൎക്കല്ലാതെ അറിയാവുന്നതല്ല.

വൈദികന്മാരല്ലാത്ത സാധാരണമനുഷ്യരിൽത്തന്നെ ഒരാൾ ഇതുപോലെ സകലവും ഗ്രഹിച്ചു മനസ്സിൽ സംഗ്രഹിക്കുന്നതല്ലാതെ ഒന്നും പുറത്തു വിടുകയില്ലാത്ത ആളാണെന്നു ദൃഢമായ വിശ്വാസം അന്യന്മാക്ക ജനിച്ചാൽ മിക്ക രഹസ്യവൎത്തമാനങ്ങളും അയാളോടു മറ്റുള്ളവർ സംശയലേശം കൂടാതെ പറയുന്നതാണ്. തങ്ങളുടെ നസ്സിൽ തിങ്ങിവിങ്ങിയിരിക്കുന്ന രഹസ്യവൎത്തമാനങ്ങൾ വിശ്വസ്തനായ ഒരാളോടു പറയുകയെന്നുള്ളതു ഈ പറയുന്നവൎക്ക ഏറ്റവും ആശ്വാസജനകമായിട്ടുള്ളതാണ്. അതുകൊണ്ടു ഒന്നും വിട്ടു പറയാത്തവൎക്ക വലിയ രഹസ്യങ്ങളായിട്ടുള്ള അനേകം കാൎയ്യങ്ങൾ അറിയുന്നതിനു തരമാകുന്നു. എന്നു തന്നെയുമല്ല, മനുഷ്യർ വസ്ത്രംകൊണ്ടു തങ്ങളുടെ ശരീരത്തിൻെറ നഗ്നതയെ മറയ്ക്കേണ്ടതു അത്യാവശ്യകമായിരിക്കുന്നതു പോലെ

അവരവരുടെ മനോഗതങ്ങൾക്കും ഏതാണ്ടെല്ലാം ചില ആച്ഛാദനങ്ങൾ എല്ലാവക്കും വേണ്ടതാകുന്നു. അന്തൎഗ്ഗതങ്ങളെയെല്ലാം അതെപ്രകാരത്തിൽ തന്നെ യാതൊരു ആവരണവും കൂടാതെ നാനാതയോടു കൂടി പുറത്തിറക്കി വിടുന്നതു കേവലം മൌഢ്യസൂചകമായിരിക്കുമെന്നുള്ളതു പറയേണ്ടതില്ലല്ലൊ. അതുമല്ല, വിടുവായന്മാരും മനസ്സിൽ യാതൊന്നും തങ്ങാതെ സകലവും ചോൎന്നുപോകത്തക്കവണ്ണം ശുദ്ധമെ ഓട്ടയായിട്ടുള്ള ബുദ്ധിയോടു കൂടിയവരുമായ ആളുകൾ പ്രായെണ അസത്യവാദികളും എന്തൊരസംബന്ധം കേട്ടാലും അതെല്ലാം വിശ്വസിക്കുന്നതിനു സന്നദ്ധതയുള്ള ഭോഷന്മാരുമായിട്ടാണു കാണപ്പെടുന്നതു്. എന്തെന്നാൽ തങ്ങളുടെ അറിവിൽപ്പെട്ടവയായ എല്ലാ സംഗതികളെക്കുറിച്ചും അന്യന്മാരോടു പറഞ്ഞു പറഞ്ഞു അതൊരു ശീലമായിപ്പോയിട്ടുള്ളവർ തങ്ങൾക്കു അറിവില്ലാത്ത കാൎയ്യങ്ങളെ കുറിച്ചും ഓരോന്നു സ്വയമെവ നിൎമ്മിച്ചു പറഞ്ഞുപോകുന്നതിനും വളരെ എളുപ്പമുണ്ടു്.

ഇത്രയും പറഞ്ഞതുകൊണ്ടു എല്ലാ സംഗതികൾക്കും ഒരു ആച്ഛാദനം അത്യാവശ്യകമാണെന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ. ഇനി എല്ലാവരും പ്രത്യേകം ഓൎക്കേണ്ടുന്നതായ ഒരു സംഗതികൂടി പറയാം. ഒരാൾ തന്റെ വിചാരങ്ങളെ പുറത്തു പറയുന്നതിനു മുമ്പു തന്നെ അവ ഇന്നതെന്നു മുഖഭാവം കൊണ്ടു അന്യന്മാൎക്കു മനസ്സിലാകുന്നതിനു ഇടവരുത്തരുതു്. മനസ്സിലെ വിചാരങ്ങൾക്കു അനുരൂപങ്ങളായ ഭാവഭേദങ്ങളെ മുഖത്തു പ്രകാശിപ്പിക്കാതിരിക്കാൻ കഴിയാതെ വരുന്നതു ഉൾക്കരുത്തു പോരായ്കയുടെ ലക്ഷണമാകുന്നു. തന്റെ വിചാരങ്ങളെ പുറത്തു പറയുന്നതിനു മനസ്സില്ലാതെയിരിക്കുമ്പോൾ അവ മുഖഭാവം കൊണ്ടു അന്യന്മാർ മനസ്സിലാക്കിക്കളയുന്നതു എത്രയും ശോചനീയമായ ഒരു കാൎയ്യമാണല്ലൊ. ഒരു മനുഷ്യന്റെ വാക്കിനെക്കാൾ അവന്റെ മുഖത്തു സ്ഫുരിക്കുന്ന ഭാവരസത്തിൽ നിന്നു ഗ്രാഹ്യമായിരിക്കുന്ന അൎത്ഥത്തെയാണു അന്യന്മാർ അധികം വിശ്വസിക്കുന്നതു്. ഒരാൾ മറെറാരാൾക്കു കുറെ രൂപ കൊടുക്കാമെന്നു ദൃഢമാ

യി വാഗ്ദാനം ചെയ്യുന്ന അവസരത്തിൽ അതു കൊടുക്കയില്ലെന്നുള്ള ഭാവം ആ കൊടുക്കാമെന്നു പറയുന്ന ആളുടെ മുഖത്തു സ്ഫുരിച്ചു കണ്ടാൽ ആ വാഗ്ദാനത്തെയല്ല മുഖഭാവത്തെയാണു പ്രായേണ എല്ലാവരും വിശ്വസിക്കുന്നതു്.

(൨) വാസ്തവസ്ഥിതി അന്യന്മാർ മനസ്സിലാക്കാതെ ഇരിക്കത്തക്കവണ്ണം അതിനെ മറച്ചുവെയ്ക്കുക എന്നുള്ളതാണല്ലോ രണ്ടാമതായി പറഞ്ഞതു്. ഒന്നാമതു പറഞ്ഞ സ്വഭാവമുള്ളവർക്കു ഈ രണ്ടാമതു പറഞ്ഞ സ്വഭാവവും വന്നുപോകുന്നതാണു്. എന്തെന്നാൽ മനസ്സിലെ വിചാരങ്ങളെ വെളിയിൽ വിടരുതെന്നു നിർബന്ധമുള്ളവർക്കു ആ വിചാരങ്ങൾ വല്ല സന്ദർഭവശാലും വെളിപ്പെട്ടുപോയേക്കുമോ എന്നുള്ള ഭയം നിമിത്തം അവയെ കഴിയുന്നതും മറച്ചുവെക്കാനായി ശ്രമിക്കാതെയിരിക്കാൻ നിവൃത്തിയില്ലാതെ വന്നുപോകും.

ഇതിനൊരു ദൃഷ്ടാന്തം പറയാം. പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങളോടു കൂടിയ രണ്ടു കക്ഷികളുള്ള ഒരു കാര്യത്തിൽ താൻ രണ്ടുഭാഗത്തിലും ചേരുന്നില്ലെന്നു പുറമേ ഭാവിച്ചുകൊണ്ടും വാസ്തവസ്ഥിതി ആരോടും പറയാതെയും ഇരിക്കുന്ന ഒരാളോടു ഓരോരുത്തർ ഓരോ വിധം ചോദ്യങ്ങൾ ചോദിച്ചും മററു പലവിധത്തിലും അയാളെ ഉപദ്രവിച്ചുതുടങ്ങും. അപ്പോൾ ഒന്നുകിൽ അയാൾ ലേശം പോലും മര്യാദയില്ലാത്ത വിധത്തിൽ മൌനം ദീക്ഷിക്കണം. എന്നാൽ അതിനെയും ഈ മൌനത്തിൽ നിന്നു മററുള്ളവർ വാസ്തവസ്ഥിതി മനസ്സിലാക്കിക്കളയും. അല്ലെങ്കിൽ കേവലം മൌനദീക്ഷ വേണ്ടെന്നു വെച്ചു വല്ലതുമൊക്കെ സ്വല്പമായിട്ടെങ്കിലും ഒരു മറുപടി പറയാമെന്നു വെക്കുന്നു എങ്കിൽ അന്തർഗ്ഗതം പുറത്തു വരുമെന്നുള്ളതു തീർച്ചയാണു്. ഇതുമല്ലെങ്കിൽ പിന്നെ രണ്ടുവിധത്തിൽ അർത്ഥമെടുക്കപ്പെടാവുന്നതോ അർത്ഥം സ്പഷ്ടമാകാത്തതോ ആയ മറുപടി ഉപയോഗിക്കാം. ഇതും അത്ര അധികകാലം സാധിക്കുന്നതല്ല. അതുകൊണ്ടു് അന്തർഗ്ഗതത്തിന്റെ വാസ്തവസ്ഥിതി വെളിപ്പെടുത്താതെ കഴിക്കണമെന്നു നിർബന്ധമുണ്ടെങ്കിൽ ചിലപ്പോഴൊക്കെ മറ

പൂൎവമായി വാസ്തവത്തെ മറച്ചു സംസാരിക്കാതെ നിവൃത്തിയില്ലെന്നു വന്നുപോകുമെന്നു സ്പഷ്ടമാകുന്നു. ഇതാണു് ഈ സ്വഭാവവും ഒന്നാമതായി പറഞ്ഞ സ്വഭാവവും തമ്മിൽ സംബന്ധമുണ്ടെന്നു പറയാനുള്ള ഹേതു.

(൩) ഇങ്ങിനെ വാസ്തവത്തിൽ ഉള്ളതിനെ ഇല്ലെന്നാക്കുവാൻ ശ്രമിക്കുന്നതു് അത്ര നല്ല ശീലമല്ല. എന്നാൽ വാസ്തവത്തിൽ ഇല്ലാത്തതിനെ ഉണ്ടെന്നാക്കുവാൻ ശ്രമിക്കുക എന്നുള്ള മൂന്നാമത്തെ കപടസ്വഭാവമാണു മേല്പറഞ്ഞ രണ്ടു തരം ശീലങ്ങളെക്കാൾ നികൃഷ്ടവും ത്യാജ്യവുമായിട്ടുള്ളതു്. ദുൎല്ലഭം ചില പ്രത്യേകസന്ദൎഭങ്ങളിൽ ഈ സ്വഭാവം ആവശ്യകമായിട്ടും വന്നേക്കാമെങ്കിലും സാധാരണസംഗതികളിൽ ഇതു് ഏററവും നിന്ദ്യവും ദോഷകരവുമായിട്ടുള്ളതാണു്. സഹജമായ വ്യാജസ്വഭാവംകൊണ്ടോ ഭീരുത്വംകൊണ്ടോ തങ്ങളിൽത്തന്നെ വലിയ ദോഷങ്ങളുണ്ടെന്നുള്ള മനോബോധംകൊണ്ടോ ആണു മനുഷ്യർ ഇങ്ങനെ ചെയ്യുന്നതു്. തങ്ങൾക്കുള്ള ഓരോ കുറവുകളെ മറയ്ക്കുന്നതിനായി ഈ വിധം വ്യാജം പ്രയോഗിക്കേണ്ടുന്ന ആവശ്യമുള്ളവരാണു് ഇതിൽ നല്ല പരിചയം സിദ്ധിക്കാനായി എല്ലായ്പോഴും ഈ വിദ്യ പ്രയോഗിച്ചുകൊണ്ടിരിക്കുന്നതെന്നു സൂക്ഷ്മമായി ആലോചിച്ചാൽ നമുക്കു ബോധപ്പെടുന്നതാണു്.

രണ്ടാമത്തും മൂന്നാമത്തുമായി മേൽ പ്രസ്താവിച്ചിട്ടുള്ള കപടസ്വഭാവങ്ങൾകൊണ്ടു താഴെപ്പറയുന്ന ഗുണങ്ങൾ ഉണ്ടായേക്കാം. (൧) ഒരാളുടെ ഉദ്ദേശങ്ങളെ മുൻകൂട്ടി വെളിപ്പെടുത്തിയാൽ ശത്രുക്കളെല്ലാവരും കൂടി അവയെ വിഫലീകരിക്കുന്നതിനായി കാലേ തന്നെ കരുതിക്കൂട്ടി ശ്രമിക്കുന്നതാണു്. എന്നാൽ ആരും അറിയാതെ വേണ്ടുന്ന ആലോചനകളും ഒരുക്കങ്ങളും എല്ലാം കഴിച്ചതിന്റെ ശേഷം വെട്ടെന്നു കാൎയ്യനിൎവ്വഹണത്തിനായി ശ്രമിക്കുന്നതായാൽ ശത്രുക്കൾക്കു വല്ലതും പ്രവൎത്തിക്കുന്നതിനു സമയം കിട്ടുകയില്ല അതിനു മുൻപു കാൎയ്യം കഴിഞ്ഞിരിക്കും. (൨) ഉദ്ദേശം പുറത്തു പറയാതെ ഉദ്ദിഷ്ടകാൎയ്യസിദ്ധിക്കു വേണ്ടുന്ന ശ്രമങ്ങളെല്ലാം പ്ര

ഢമായി ചെയ്യുന്നതായാൽ ഒരു സമയം ആ കാൎയ്യത്തിൽ നി ന്നു പിൻമാറേണ്ടുന്നതായ ആവശ്യം നേരിടുന്നു എങ്കിൽ യാതൊരു ബുദ്ധിമുട്ടും പ്രതിബന്ധവും കൂടാതെ അതിൽ നിന്നു ഒഴിയാവുന്നതാണ്. നേരേമറിച്ച് ഉദ്ദേശം ആദ്യമേ വെളിപ്പെടുത്തുകയും കാൎയ്യസിദ്ധിക്കായിട്ടുള്ള പരിശ്രമം പരസ്യമായിരിപ്പാവുകയും ചെയ്താൽ പിന്നെ ആ കാൎയ്യം ഏതുവിധവും സാധിക്കുകയോ അഥവാ പിൻമാറുന്ന പക്ഷം തനിക്കു പരാജയം പററി എന്നു പരസ്യമായി സമ്മതിക്കുകയൊ ചെയ്യേണ്ടിവരും. (ബ) എന്തെങ്കിലും സംഗതിയെക്കുറിച്ചുള്ള സ്വാഭിപ്രായത്തെ പുറത്തു വിടാതെയിരുന്നാൽ അതിനെക്കുറിച്ചു അന്യന്മാൎക്കുള്ള അഭിപ്രായം ഏതുപ്രകാരമാണെന്നറിയുന്നതിനു നമുക്കു തരം കിട്ടും. നേരേമറിച്ചു നമ്മുടെ അഭിപ്രായം ആദ്യം തന്നെ പുറത്തു പറഞ്ഞാൽ ഭിന്നാഭിപ്രായക്കാർ അവരുടെ അഭിപ്രായങ്ങളെ പുറത്തു പറകയില്ല. നമ്മുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളട്ടെ എന്നു വിചാരിച്ച് അവർ മൌനാവലംബികളായിരിക്കും. എങ്കിലും അവരുടെ അഭിപ്രായവ്യത്യാസത്തെ അവർ കുറച്ചുകൂടി പ്രബലീകരിച്ചു മനസ്സിൽ വെച്ചുകൊണ്ടിരിക്കുകയും നമ്മുടെ പ്രവൃത്തികളെക്കുറിച്ചു തരം വരുമ്പോളൊക്കെ ആക്ഷേപിക്കുകയും ചെയ്യും. "ഒരു കള്ളം പറഞ്ഞാൽ ഒരു നേരറിയാം" എന്നൊരു പഴഞ്ചൊല്ലുള്ളതിൻെറ താല്പൎയ്യാൎത്ഥം നമ്മുടെ വാസ്തവമായ അഭിപ്രായത്തെ മനസ്സിൽ മറച്ചു വെച്ചുകൊണ്ടു മററു വിധത്തിൽ പുറത്തു പ്രസ്താവിച്ചാൽ അന്യന്മാരുടെ വാസ്തവാഭിപ്രായം നമുക്ക് അറിയാൻ സാധിക്കും എന്നാകുന്നു.

ഈവ്വിധങ്ങളായ കപടസ്വഭാവങ്ങൾക്കുള്ള ദോഷങ്ങൾ താഴെപ്പറയുന്നവയാണ്. (c) നേരെ എന്തും ഒളിവും മറവും കൂടാതെ പറയുകയും പ്രവൎത്തിക്കുകയും ചെയ്യുന്നതിനു ശീലിച്ചിട്ടില്ലാത്തവൎക്കു താന്താങ്ങളെക്കുറിച്ചു തന്നെ ഒരു ധൈൎയ്യവും വിശ്വാസവും ഉണ്ടായിരിക്കയില്ല. നമുക്കു നമ്മിൽത്തന്നെ വിശ്വാസമില്ലാതെയിരുന്നാൽ ഉദ്ദിഷ്ടകാൎയ്യങ്ങളെ ലാ

കരുതെററാതെ നിറവേററുന്നതിന നാം അക്ഷമന്മാരായിത്തീരുന്നതാണ്. (൨) നമ്മുടെ ഉദ്ദേശങ്ങളെ മുൻകൂട്ടി വെളിപ്പെടുത്താതെയിരിക്കുന്നുവെങ്കിൽ നമ്മെ സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്നതിന സന്നദ്ധരായുള്ളവർ തന്നെയും എന്താണ താങ്ങൾ ചെയ്യുണ്ടതെന്ന അറിയാൻ പാടില്ലാഞ്ഞിട്ട പല്ലാതെ കുഴങ്ങി വിശമാവും. ഉദ്ദിഷ്ടകാൎയ്യസിദ്ധിക്ക അന്യസഹായമില്ലാതെ വരുമ്പോൾ നാം തന്നെ കഷ്ടപ്പെട്ട പ്രയത്നിക്കേണ്ടതായും വരും. (൩) എന്തെങ്കിലും ഒരു കാൎയ്യം സാധിക്കുന്നതിന അത്യന്തം ആവശ്യകമായ ആയുധം അന്യന്മാക്ക നമ്മെക്കുറിച്ചുള്ള വിശ്വാസമാകുന്നു. പ്രായേണ നമ്മുടെ പ്രവൃത്തി വഞ്ചനയായിരുന്നാൽ നാം സത്യചാരികളായിരിക്കുമ്പോഴും നമ്മെ അന്യന്മാർ വിശ്വസിക്കുകയില്ല. ഇതാണ് എല്ലാററിലും വലിയതും അപരിഹാൎയ്യവുമായ ദോഷം.

അതുകൊണ്ട ആകപ്പാടെ ആലോചിച്ചാൽ എന്തെങ്കിലും വലിയ കാൎയ്യങ്ങളിൽ പ്രവേശമുള്ളവർ യഥായോഗ്യം ഇതെല്ലാം കൂട്ടിച്ചേൎത്ത പ്രയോഗിക്കേണ്ടതാണ്. മനസ്സാക്ഷിക്കനുസരണമായിട്ടല്ലാതെ യാതൊന്നും പറയുകയും പ്രവൎത്തിക്കുകയും ഇല്ലെന്നുള്ള ഒരു പരജനസമ്മമം ഒന്നാമതായി വരുത്തിവയ്ക്കണം. എങ്കിലും അന്തൎഗ്ഗതങ്ങളേയെല്ലാം തുറന്ന പറയാതെ അവയേയെല്ലാം ഒരു വിധം ഗൂഢമായും അടക്കിയും വെച്ചുകൊണ്ടിരിക്കുന്നതിന പരിശീലിക്കുകയും വേണം. തക്കവയായ ആവശ്യങ്ങൾ നേരിടുന്ന സന്ദൎഭങ്ങളിൽ യഥാൎത്ഥസ്ഥിതിയേ മറച്ചുവെച്ചു പ്രവൎത്തിക്കണം. യാതൊരു ഗത്യന്തരവുമില്ലാതെ വരുന്ന വലിയ വിഷമാവസ്ഥകളിലല്ലാതെ ഒരിക്കലും സാക്ഷാൽ വഞ്ചന പ്രയോഗിക്കുന്നതിന ഒരുമ്പെട്ടുകൂടാത്തതുമാകുന്നു.

## ൧൭. മാതാപിതാക്കന്മാരും അപത്യങ്ങളും.

മാതാപിതാക്കന്മാരുടെ സുഖദുഃഖങ്ങൾ അന്യന്മാരാൽ അവിജ്ഞേയങ്ങളാകുന്നു. അവൎക്കു അവരുടെ അപത്യങ്ങളിൽ നിന്നു ലബ്ധമാകുന്ന സുഖം വാചാമഗോചരവും ദുഃഖം വാങ്മൂലം വെളിപ്പെടുത്തുന്നതിനു അവൎക്കു മനസ്സു വരാത്തതുമാണ്. അപത്യങ്ങളെക്കുറിച്ചു ഓൎക്കുമ്പോൾ കഷ്ടപ്പാടുകളും പ്രയത്നങ്ങളുമെല്ലാം അവൎക്കു സന്തോഷപ്രദങ്ങളായി ഭവിക്കുന്നു. എന്നാൽ അവൎക്കു അകസ്മാൽ എന്തെങ്കിലും ആപത്തു നേരിടുന്ന സമയങ്ങളിൽ അതു നിമിത്തമുണ്ടാകുന്ന മനോവ്യഥ ഈ ആപത്തിന്റെ ഒരംശം തങ്ങളുടെ സന്താനങ്ങളും അനുഭവിക്കേണ്ടതായി വരുമല്ലൊ എന്നു വിചാരിക്കുമ്പോൾ ദ്വിഗുണീഭവിക്കുന്നു. സന്താനങ്ങളുള്ളവൎക്കു ഇഹലോകവാസത്തിലെ ഭാരങ്ങളും മനോവിചാരങ്ങളും മററും അനപത്യന്മാൎക്കുള്ളതിൽ വളരെ അധികമാകുന്നു. എങ്കിലും മരണത്തെക്കുറിച്ചുള്ള ഓൎമ്മയും വിചാരവും സാപത്യന്മാൎക്കു വളരെ കുറവാണ്. ഇവർ മരിച്ചാലും അവരാൽ ഉല്പാദിപ്പിക്കപ്പെട്ട സന്താനങ്ങളും സന്തതികളും ഉള്ള കാലത്തെല്ലാം അവർ (മാതാപിതാക്കന്മാർ) ഇഹലോകത്തിലും ജീവിച്ചിരിക്കുന്നു എന്നു തന്നെ പറയാം. പക്ഷിമൃഗങ്ങളെ സംബന്ധിച്ചും ഇതു പറയാവുന്നതാണ്. അനപത്യന്മാരുടെ ഓൎമ്മ ഇഹലോകത്തിൽ അവർ ചെയ്തിട്ടുള്ള മഹത്തരങ്ങളായ പല അത്ഭുതകൎമ്മങ്ങളിൽ നിന്നും മററും ഉത്ഭവിക്കുന്ന കീൎത്തിയിങ്കലും സസന്താനന്മാരുടെ ഓൎമ്മ അവരുടെ സന്തതികളിലുമാണ് നിലനില്ക്കുന്നതു്. ശരീരജാതങ്ങൾ ആയ സന്താനങ്ങൾ ഇല്ലാത്തവൎക്കു തങ്ങളുടെ കാലശേഷവും നിലനില്ക്കുന്നവയായി ബുദ്ധിശക്തിജനകങ്ങളായ വല്ലസന്താനങ്ങളെങ്കിലും ഉണ്ടായിരിക്കണമെന്നുള്ള മോഹം സ്വാഭാവികമായി ഉണ്ടാകുന്നതാണ്. അതുകൊണ്ടു പൊതുഗുണകരങ്ങളും ശ്രേഷ്ഠതരങ്ങളുമായ ഓരോ കാൎയ്യങ്ങൾ ഉത്ഭവിക്കുന്നതു പ്രായേണ അനപത്യന്മാരായവരുടെ ബുദ്ധിശക്തിയിൽ നിന്നാണെന്നുള്ളതു അനുഭവസിദ്ധമാകുന്നു.

ദാരിദ്ര്യസ്ഥിതിയിൽ നിന്നോ ഹീനാവസ്ഥയിൽ നിന്നോ സ്വപ്രയത്നം കൊണ്ടു കുടുംബത്തെ ഉന്നതസ്ഥിതിയിലാക്കീട്ടുള്ളവൎക്കു തങ്ങളുടെ സന്താനങ്ങളെക്കുറിച്ചു സവിശേഷമായി ഒരു സ്ഥായി ഉണ്ടായിരിക്കുന്നതാണു്. എന്തുകൊണ്ടെന്നാൽ, ഇപ്രകാരമുള്ളവൎക്കു തങ്ങളുടെ സന്തതികളെക്കൊണ്ടു രണ്ടു വിധത്തിൽ പ്രയോജനമുണ്ടാകുന്നു. ഒന്നാമതു അവരുടെ ഔരസസന്താനങ്ങൾ വംശപരമ്പരയാ തങ്ങളുടെ ഓൎമ്മയെ നിലനിൎത്തുന്നു. പിന്നെ രണ്ടാമതായി അവരുടെ മനശ്ശക്തിയിൽ നിന്നു സഞ്ജാതങ്ങളാകുന്ന സാമൎത്ഥ്യം ഉത്സാഹശീലം മുതലായവ കൊണ്ടു സിദ്ധിക്കുന്ന ധനം, ബഹുമതി, കുടുംബവൃദ്ധി മുതലായവ ക്ഷയിക്കാതെ അവയെ നിലനിൎത്തി രക്ഷിക്കേണ്ടതും സന്തതികളാണല്ലൊ. അതുകൊണ്ടു ഇങ്ങനെയുള്ളവരുടെ സന്തതികൾ ഒന്നാമതു തങ്ങളുടെ വംശം കൊണ്ടും രണ്ടാമതു പ്രസിദ്ധി കൊണ്ടും ഇവരുടെ പേരിനെ നിലനിൎത്തുന്നുണ്ടു്.

“മാതാപിതാക്കന്മാൎക്കു തങ്ങളുടെ സന്താനങ്ങളിൽ ചിലരോടു പ്രതിപത്തിയും വാത്സല്യവും കൂടുതലായും ചിലരോടു കുറവായും പ്രായേണ കണ്ടുവരുന്നുണ്ടു. അവർ ഈ വ്യത്യാസം കാണിക്കുന്നതിനു മിക്കപ്പോഴും ന്യായമായ യാതൊരു കാരണവും ഉണ്ടായിരിക്കയില്ല. മാതാക്കന്മാരിലാണ് ഈ പക്ഷഭേദം അധികമായി കണ്ടുവരുന്നതു” എന്നു പ്രസിദ്ധ വിജ്ഞാനിയായിരുന്ന സോളമൻ രാജാവു പറഞ്ഞിരിക്കുന്നു. പുത്രന്മാർ വിവേകവും വിജ്ഞാനവുമുള്ളവരായിത്തീരുന്നതു പിതാക്കന്മാരുടെ ശാസനാവൈഭവം കൊണ്ടാണെന്നും അവരിൽ ചിലർ മൂൎഖന്മാരായിപ്പോകുന്നതും മാതാക്കന്മാൎക്കു ചില പുത്രന്മാരെക്കുറിച്ചു പ്രത്യേകം പ്രതിപത്തിയുള്ളതു കൊണ്ടു അവരെ ക്രമത്തിലധികം ലാളിക്കയും ന്യായമായും അന്യായമായും അവൎക്കുണ്ടാകുന്ന സകല അഗ്രഹങ്ങളെയും സാധിപ്പിക്കുകയും ചെയ്യുന്നതു കൊണ്ടാണെന്നുമാണ് ഇതിന്റെ താല്പൎയ്യാൎത്ഥം. അധികം സന്താനങ്ങളുള്ള ചില കുടുംബങ്ങളിൽ അവരിൽ മൂത്തവരായ ഒന്നോ ര

രണ്ടോ പേരെ ഏററവും ഗൌരവത്തോടു കൂടി ഗണിക്കുകയും എല്ലാവരിലും ഇളയവരെ വളരെ വാത്സല്യിക്കുകയും ഇടയ്ക്കുള്ളവരെ കേവലം ഉപേക്ഷയിലിടുകയും ചെയ്യുന്നതായി കണ്ടുവരുന്നു. എന്നാൽ അഗണ്യന്മാരായി തള്ളപ്പെടുന്ന ഇവർ പലപ്പോഴും മറെറല്ലാവരേക്കാളും കേമന്മാരായിത്തീരുന്നുമുണ്ടു്.

തങ്ങളുടെ ശക്തിക്കും സ്ഥിതിക്കും തക്കവണ്ണം കുറേ പണം പുത്രന്മാൎക്കു യഥേഷ്ടം ചിലവു ചെയ്യുന്നതിനു പിതാക്കന്മാർ അനുവദിച്ചുകൊടുക്കാതിരിക്കുന്നു എങ്കിൽ അതു വലിയ തെററാകുന്നു. കുട്ടികളെ ഇപ്രകാരമുള്ള ലുബ്ധാവസ്ഥയിൽ ശീലിപ്പിച്ചാൽ അവർ കേവലം ഹീനന്മാരും നികൃഷ്ടന്മാരും വേണ്ടുന്ന യാതൊന്നും ചെയ്യാത്തവരുമായിത്തീരുകയും ആ സ്ഥിതിയിൽ വളരുകയും ചെയ്യുന്നതു കൂടാതെ നിന്ദ്യങ്ങളായ വ്യാജസ്വഭാവങ്ങൾ ശീലിക്കുകയും നീചന്മാരും ദുഷ്ടന്മാരുമായ ആളുകളുടെ കൂട്ടത്തിൽ കൂടി നടക്കുകയും പിതാക്കന്മാർ മരിച്ചുകഴിഞ്ഞാൽ കുടുംബസ്വത്തു അവരുടെ കൈവശം വരുമ്പോൾ കയ്യും കണക്കുമില്ലാതെ ദുർവ്യയം ചെയ്തു സൎവ്വസ്വവും ക്ഷണത്തിൽ നശിപ്പിക്കുകയും ചെയ്യുന്നതാകുന്നു. പുത്രന്മാൎക്കു സ്വാതന്ത്ര്യത്തോടു കൂടി ചിലവു ചെയ്യുന്നതിനു ന്യായമായ ഒരു സംഖ്യ പിതാക്കന്മാർ കൊടുക്കേണ്ടതാകുന്നു. എന്നാൽ പുത്രന്മാർ ദുർവ്യയം ചെയ്യാതെയും ദുൎവ്വിഷയങ്ങളിൽ പ്രവേശിക്കാതെയും വഷളന്മാരായിത്തീരാതെയും ഇരിക്കാൻ തക്കവണ്ണം അവരുടെ എല്ലാകാൎയ്യങ്ങളിലും പിതാക്കന്മാരുടെ മേലന്വേഷണം ശരിയായിട്ടുണ്ടായിരിക്കുകയും വേണം. അപ്രകാരമായാൽ അതു വളരെ പ്രയോജനകരമായിത്തീരുന്നതാണു്.

വിദ്യാഭ്യാസത്തിലും മററും ഉത്സാഹം വൎദ്ധിക്കുന്നതിനായി ചെറുപ്രായക്കാരായ സഹോദരന്മാരിൽത്തന്നെ പരസ്പരം ഒരു വക മത്സരബുദ്ധിയെ ജനിപ്പിക്കുകയെന്നുള്ളതു മാതാപിതാക്കന്മാരുടേയും ഗുരുക്കന്മാരുടെയും ഇടയിൽ സാധാരണ പതിവാണല്ലൊ. എന്നാൽ ഇതു അത്യന്ത

ദോഷകരമായിട്ടുള്ളതാകുന്നു. ചിലപ്പോൾ ചെറുപ്പത്തിൽ സഹോദരന്മാൎക്കു പരസ്പരമുണ്ടാകുന്ന ഈ മത്സരം അവൎക്കു പ്രായം തികയുമ്പോൾ വലിയ കലഹകാരണവും ഗൃഹഛിദ്രനിദാനവുമായി പരിണമിച്ചുകാണുന്നതാണു്.

ഈററപ്പൊദേശക്കാർ മുതലായ ചില ആളുകൾ സ്വന്തപുത്രന്മാരേയും തങ്ങളുടെ സഹോദരന്മാർ, സഹോദരിമാർ മുതലായി തങ്ങൾക്കടുത്തുള്ളവരുടെ സന്താനങ്ങളേയും യാതൊരു വ്യത്യാസവും കൂടാതെ ഒന്നുപോലെ ഗണിച്ചുവരുന്നു. തങ്ങളാൽ സ്നേഹിക്കപ്പെടുന്നതിനും ധനസഹായം ചെയ്യപ്പെടുന്നതിനും മററും സ്വസന്താനങ്ങൾ മാത്രമേ അർഹിക്കുന്നുള്ളു എന്നു് അവർ വിചാരിക്കുന്നില്ല. തങ്ങൾക്കു രക്തസംബന്ധമുള്ളവരെ എല്ലാം അവർ ഒന്നുപോലെ വിചാരിക്കുന്നതുകൊണ്ടു തങ്ങളുടെ സ്നേഹത്തിനോ ധനത്തിനോ സഹായത്തിനോ പാത്രീഭവിക്കുന്നതു തങ്ങളുടെ കുഡുംബത്തിലുൾപ്പെട്ടവരായിരിക്കണമെന്നേ അവിടെ നിർബന്ധമുള്ളു. സ്വഭാവസ്ഥിതി വിചാരിച്ചാൽ സ്വപുത്രന്മാരെ മാത്രം സ്നേഹിക്കുക എന്നുള്ളതിനേക്കാൾ കുറച്ചുകൂടി ന്യായമായ ഏൎപ്പാടു ഇതുതന്നെയാണു്. എന്തെന്നാൽ ചില കുട്ടികൾക്കു് അവരുടെ ജന്മഹേതുക്കളായ പിതാക്കന്മാരേക്കാൾ പിതൃവ്യന്മാരോടോ രക്തസംബന്ധംകൊണ്ടു അടുപ്പമുള്ള മററു വല്ലവരോടുമോ മുഖച്ഛായയിലും നിറത്തിലും മററും അധികം സാമ്യമുള്ളതായി നാം പലപ്പോഴും കണ്ടുവരുന്നുണ്ടല്ലൊ.

തങ്ങൾക്കിഷ്ടമുള്ള വഴിയിലേക്കു മനസ്സിനെ തിരിച്ചുവിടാൻ കഴിവുള്ള കാലമായ ചെറുപ്രായത്തിൽത്തന്നെ തങ്ങളുടെ കുട്ടികളുടെ തൊഴിൽ ഇന്നതെന്നു തിരഞ്ഞെടുത്തു തീൎച്ചപ്പെടുത്തുകയെന്നുള്ളതു മാതാപിതാക്കന്മാരുടെ ചുമതലയാണു്. ചെറിയ കുട്ടികൾക്കു വല്ല വിഷയത്തിലും മററുള്ളവയിലുള്ളതിലധികമായി ഒരു സഹജവാസന ഉള്ളതായി കണ്ടാൽ അതുകൊണ്ടു മാത്രം അവരുടെ തൊഴിലിനെ തീൎച്ചയാക്കുന്നതു ശരിയല്ല. ഉത്ഭവത്തോടു കൂടി മററു സംഗതികൾ

കൂടി ചേർത്തു ആലോചിച്ചു നോക്കിയതിന്റെ ശേഷം ആ കുട്ടിക്കു മേലാൽ ഏററവും ഗുണപ്രദമായും ചേർന്നതായും വരുന്നതാണെന്നു തോന്നുന്ന മാർഗ്ഗത്തിലേക്ക് അവനെ ചെറുപ്പത്തിലെ തിരിച്ചുവിടേണ്ടതാണ്. അവരവക്കു ഇഷ്ടമുള്ള വഴിയെ പോകുന്നതിന്നു കുട്ടികളെ അനുവദിച്ചു വിടുന്നതായാൽ അവർ ഓരോ വിഷയങ്ങളിൽ അധികം ശോഭിക്കുമെന്നുള്ള വിചാരം അബദ്ധമാണ്. എന്നാൽ ചില കുട്ടികൾക്കു ചില വിഷയങ്ങളിൽ അനന്യസാധാരണവും അത്യത്ഭുതകരവുമായ വാസനാബലം വളരെ ചെറുപ്പത്തിലെ തന്നെ ഉള്ളതായി അവരുടെ ചില പ്രവൃത്തികളാൽ അവർ പ്രദർശിപ്പിച്ചുകണ്ടാൽ അവയിൽ നിന്ന് അവരുടെ ശ്രദ്ധയെ തിരിച്ചുവിടുന്നതു ബുദ്ധിയോടും ആലോചനയോടും കൂടിയ പ്രവൃത്തിയാകുന്നതുമല്ല. എങ്കിലും സാധാരണമായി ഈ ക്രമമനുസരിച്ചു പ്രവർത്തിക്കാവുന്നതുമല്ല. "ഏററവും പ്രയോജനകരമെന്നു നിനക്കു തോന്നുന്ന തൊഴിലിൽ അവനെ പ്രവേശിപ്പിച്ചാൽ പരിചയവും പഴക്കവും കൊണ്ടു അതു അവനു രസകരവും നിഷ്പ്രയാസസാദ്ധ്യവുമായിത്തീരുന്നതാണ്" എന്നാണ് ഒരു പ്രസിദ്ധനായ പ്രാചീനവിജ്ഞാനിയുടെ ഉപദേശം..

## ൭. ഗാർഹസ്ഥ്യമോ ബ്രഹ്മചര്യമോ നല്ലതെന്നുള്ളത്.

ഭാര്യാപുത്രാദികളോടു കൂടിയിരിക്കുന്ന ഒരാൾക്കു വളരെ മുതൽ മുടക്കിയുള്ള കച്ചവടത്തിലോ കൈത്തൊഴിലുകളിലൊ എന്നല്ല, ധനസംബന്ധമുള്ള വലിയ യാതൊരുകാര്യത്തിലും പ്രവേശിക്കുന്നതിന്നു ധൈര്യമുണ്ടായിരിക്കയില്ല. ഇതിന്റെ കാരണം, താൻ പ്രവേശിക്കുന്ന കാര്യം ഒടുക്കം അശുഭമായി പരിണമിക്കുന്നു എങ്കിൽ തന്റെ ഭാര്യാപുത്രാദികൾ അഗതികളായി വളരെ വലഞ്ഞുപോകുമല്ലൊ എന്നുള്ള ഭ

യമാണ് ഇതിനു കാരണം. അതെന്തെന്നാൽ, മഹത്തരങ്ങളും അധികമാളുകൾക്കു ഗുണപ്രദങ്ങളുമായി ലോകത്തിൽ ഉണ്ടായിട്ടുള്ള മിക്ക കാൎയ്യങ്ങൾക്കും കാരണഭൂതന്മാർ അകൃതോദ്വാഹന്മാരൊ അനപത്യന്മാരൊ ആയിട്ടുള്ളവരാണ്. അതുകൊണ്ടു സ്വഭാൎയ്യയെക്കുറിച്ചുണ്ടായിരിക്കേണ്ടുന്ന പ്രേമത്തെയും ഭാൎയ്യക്കായി കൊടുക്കേണ്ടുന്ന വിത്തസമ്പത്തുകളേയും എല്ലാം ഇവർ സമസൃഷ്ടന്മാരായ ഇതരജനങ്ങൾക്കായിട്ടു സമൎപ്പണം ചെയ്തതായി വിചാരിക്കാം. ഇവരുടെ ഈ ഔദാൎയ്യം ഇവരുടെ കാലാനന്തരം അസംഖ്യം ജനങ്ങൾക്കു അത്യന്തം പ്രയോജനകരമായി ഭവിക്കുന്നു. പക്ഷെ ഒരുവിധം വിചാരിച്ചുനോക്കിയാൽ വിവാഹംചെയ്തു സസന്താനന്മാരായിരിക്കുന്നവരാണ് ഭാവികാലത്തുണ്ടായിരിക്കുന്നവൎക്ക് ഉപയുക്തങ്ങളാകുന്ന വലിയ കാൎയ്യങ്ങൾ നിൎവ്വഹിക്കുന്ന വിഷയത്തിൽ മററവരെക്കാൾ കുറച്ചുകൂടി പ്രയത്നിക്കേണ്ടതു്. എന്തെന്നാൽ, ഇവൎക്ക് ഇഹലോകത്തിലുള്ള സകല സാധനങ്ങളേയുംകാൾ വിലയേറിയ സ്വത്ത് ഇവരുടെ സന്താനങ്ങളാണ്. ഭാവികാലത്തു പൊതുജനങ്ങൾക്ക് ഉപയുക്തങ്ങളായി ഭവിക്കുന്ന കാൎയ്യങ്ങൾ ഇവർ ചെയ്തിട്ടുംവെച്ചുപോയാൽ അവയുടെ ഫലാംശം അവരുടെ സന്തതികൾക്കും അനുഭവിക്കാനിടവരുന്നതാണല്ലൊ.

അകൃതവിവാഹന്മാരെല്ലാവരും പൊതുജനക്ഷേമതല്പരന്മാരാണെന്നു ഞാൻ പറയുന്നില്ല. ആഹാരനിദ്രാദികളായി തങ്ങൾക്കു അത്യാവശ്യകങ്ങളായ കാൎയ്യങ്ങളിലല്ലാതെ മനസ്സിനെ പ്രവേശിപ്പിക്കുന്നതു് അബദ്ധവും അനാവശ്യകവുമാണെന്നും ഏഷ്യജ്ജനങ്ങളുടെ സുഖദുഃഖാദികളെക്കുറിച്ചു വിചാരിക്കുക എന്നുള്ളതു തങ്ങളുടെ കൎത്തവ്യകൎമ്മമല്ലെന്നും വിചാരിക്കുന്നവർ അകൃതവിവാഹന്മാരുടെ ഇടയിലും ധാരാളമുണ്ടു്. ഭാൎയ്യാപുത്രാദികൾ ഉണ്ടായിരിക്കുന്നതു തന്നെ അനാവശ്യച്ചിലവിനു കാരണമാണെന്നു വിചാരിക്കുന്നവരേയും ഇടയ്ക്കിട കണ്ടുവരുന്നുണ്ടു്. സന്താനങ്ങളുണ്ടായാൽ തങ്ങളുടെ സ്വത്തു ഒരുകാലത്തു് വിഭജിക്കേണ്ടതായി വരുമെ

ന്നും അപ്പോൾ സ്വത്തിൻെറ പുഷ്ടി കുറഞ്ഞുപോകുമെന്നും വിചാരിച്ചിട്ടു്, അനപത്യതയെക്കുറിച്ചു സന്തോഷം ഭാവിക്കുന്ന മഹാലുബ്ധന്മാരും ദുരാഗ്രഹികളും മൂഢന്മാരുമായ ചില ധനവന്മാരും ഇല്ലെന്നില്ല. "ഇന്നിടത്തു് ഇന്നാരു വലിയ സമ്പന്നനാണ്" എന്നു ചിലർ പറയുമ്പോൾ "കാൎയ്യം ശരിതന്നെ. പക്ഷെ അയാൾ സംരക്ഷിക്കേണ്ടുന്നവരായി ആ കുടുംബത്തിൽ ആളുകളും ധാരാളമുണ്ടു്" എന്നു മറ്റു ചിലർ മറുപടി പറയുകയും പതിവുണ്ടു്. ഒരാൾക്കു സന്താനങ്ങൾ അധികമുണ്ടായിരിക്കുന്നതു് അയാളുടെ ധനത്തിനു ഹാനികരമാണെന്നാണല്ലൊ ഈ മറുപടിയിൽ നിന്നു ധ്വനിക്കുന്ന അൎത്ഥം. ഈ വക വൎത്തമാനങ്ങൾ കേട്ടിട്ടായിരിക്കാം മേൽപറഞ്ഞ വിധത്തിലുള്ള മൂഢന്മാരായ ചില ധനികന്മാർ പുത്രന്മാരില്ലാതെയിരിക്കുന്നതിനെക്കുറിച്ചു് സന്തോഷഭാവത്തോടു കൂടിയിരിക്കുന്നതെന്നു തോന്നുന്നു.

അനേകമാളുകൾ വിവാഹംചെയ്യാതെയിരിക്കുന്നതിനുള്ള പ്രധാന കാരണം അവരുടെ സ്വാതന്ത്ര്യേച്ഛ തന്നെയാണു്. സ്വയമേവ ഉല്ലസിക്കുകയും അപ്പഴപ്പോൾ തോന്നുന്നതുപോലെ സ്വച്ഛന്ദമായി നടക്കുകയും ചെയ്യണമെന്നാഗ്രഹിക്കുന്നവർ, മനുഷ്യൎക്കു വസ്ത്രധാരണം ഒഴിച്ചുകൂടാത്ത ഒന്നാണെന്നുള്ള നിർബന്ധപൂൎവ്വകമായ ഏൎപ്പാടുതന്നെ ഒരു വക ഉപദ്രവവും ബുദ്ധിമുട്ടുമാണെന്നു ഗണിച്ചുപോരുന്നില്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ളവർ വിവാഹം അസ്വാതന്ത്ര്യകരമാണെന്നു വിചാരിക്കുന്നതിൽ അല്പംപോലും അത്ഭുതപ്പെടാനില്ല. സ്നേഹിതന്മാരോ, യജമാനന്മാരോ, ഭൃത്യന്മാരൊ ആയിരിക്കാൻ വിവാഹം ചെയ്യിട്ടില്ലാത്തവരാണ് നല്ലതെന്നു് ഒരു പക്ഷമുണ്ടു്. പക്ഷെ വിവാഹം ചെയ്യിട്ടില്ലാത്തവൎക്കു സ്വരാജ്യം വിട്ടുപോകുന്നതിനു യാതൊരു പ്രതിബന്ധവുമില്ലാത്തതിനാൽ ഇവരെ ഒരു രാജ്യത്തെ ഉത്തമപ്രജകളുടെ ശേഖരത്തിൽ ഗണിക്കാൻ പാടില്ല. സ്വരാജ്യംവിട്ടു ദൂരസ്ഥലങ്ങളിൽ പോയി കുടിപാൎത്തുവരുന്നതു പ്രായേണ വിവാഹം ചെയ്യിട്ടില്ലാത്തവ

രാണെന്നുള്ളതു നാം സാധാരണമായി കണ്ടുവരുന്ന സംഗതിയാണല്ലൊ.

പൌരോഹിത്യം വഹിക്കുന്നതിനു വിവാഹം ചെയ്തിട്ടില്ലാത്തവർ ആയിരിക്കുന്നതു തന്നെയാണ് നല്ലതു്. എന്തെന്നാൽ, ഒരു കുടുംബത്തെ സംരക്ഷണം ചെയ്യുന്നതിൽ ചുമതലപ്പെട്ടിരിക്കുന്നവക്കു് എത്ര പണം കിട്ടിയാലും ഈ ആവശ്യത്തിലേക്കു തന്നെ മതിയാകാതെയെ ഇരിക്കയുള്ളു. പിന്നെ പരോപകാരാൎത്ഥമായി ദ്രവ്യവ്യയം ചെയ്കയെന്നുള്ളതു് അവക്കു വളരെ അസാദ്ധ്യമായിട്ടല്ലാതെ വരുന്നതല്ലല്ലൊ. ന്യായാധിപതികൾ, മജിസ്ട്രേട്ടന്മാർ മുതലായവർ (വിവാഹം ചെയ്തിട്ടുള്ളവരോ, ഇല്ലാത്തവരൊ) എങ്ങനെയുള്ളവരായിരുന്നാലും ഒരുപോലെതന്നെയാണ്. കൈക്കൂലിക്കോ, ശിപാൎശിക്കോ വഴിപ്പെടുന്നവരായ ഉദ്യോഗസ്ഥന്മാർ വിവാഹം ചെയ്തിട്ടില്ലാത്തവരായിരുന്നാലും ഒരു ഭാൎയ്യയേക്കാൾ അഞ്ചിരട്ടി ദോഷം ചെയ്വാൻ കഴിയുന്ന വല്ല കീഴുദ്യോഗസ്ഥന്റെയും വലയിൽ അകപ്പെട്ടുപോകാൻ വളരെ എളുപ്പമുണ്ടു്. പട്ടാളക്കാർ വിവാഹം ചെയ്തിട്ടുള്ളവരായിരിക്കുന്നതാണു നല്ലതു്. എന്തുകൊണ്ടെന്നാൽ, "നിങ്ങൾ നിങ്ങളുടെ ഭാൎയ്യമാരെയും സന്താനങ്ങളേയും ഓൎത്തു ധൈൎയ്യത്തോടു കൂടി യുദ്ധം ചെയ്യണം" എന്നു സേനാനായകന്മാർ സൈനികന്മാരോടു ഉൽഘോഷിക്കുന്നതായി കേട്ടിട്ടുണ്ടു്. ടൎക്കികളുടെ ഇടയിൽ വിവാഹത്തെക്കുറിച്ചുള്ള ബഹുമാനം വളരെ കുറവായിരിക്കുന്നതുകൊണ്ടാണ് അവരുടെ സൈനികന്മാർ കേവലം നികൃഷ്ടന്മാരായിരിക്കുന്നതെന്നാണ് എന്റെ അഭിപ്രായം. ഭാൎയ്യയും സന്താനങ്ങളുമുള്ളവരുടെ സ്വഭാവം കാലക്രമേണ മാൎദ്ദവവും ദയയുമുള്ളതായിത്തീരുന്നതാണ്. വിവാഹം ചെയ്തിട്ടില്ലാത്തവക്കു് അധികമായ ചിലവുകളൊന്നുമില്ലാത്തതിനാൽ പൊതുഗുണത്തിനായി വലിയ സംഖ്യകൾതന്നെയും ദാനം ചെയ്യുന്നതിനു് അധികമായ വൈമനസ്യം ഉണ്ടാകുന്നതല്ല. എങ്കിലും ഓരോ ജനങ്ങളുമായുള്ള ഏൎപ്പാടുകളിൽ ഇവർ പ്രായേണ നിൎദ്ദയന്മാ

രായിട്ടാണ കാണപ്പെടുന്നതു്. അതിനാൽ ക്രിമിനൽകേസുകൾ വിസ്തരിച്ചു നിർദ്ദാക്ഷിണ്യമായി വിധികല്പിക്കുന്ന വിഷയത്തിൽ യുവാക്കു സവിശേഷമായി ഒരു സാമർത്ഥ്യമുണ്ടായിരിക്കുന്നതാണ്. എന്തെന്നാൽ, ഇങ്ങിനെയുള്ള വിധികർത്താക്കന്മാർ അവശ്യം നിശ്ചലഹൃദയന്മാരായിരിക്കേണ്ടതാണല്ലൊ. അല്ലാതെ അവർ ദയകാണിച്ചിട്ടാവശ്യമില്ല. ബുദ്ധിക്കു ഗൌരവമുള്ളവർ അവരാൽ അംഗീകരിക്കപ്പെടുന്ന വഴികളെ ഒരിക്കലും വിട്ടു നടക്കാത്തവരാകയാൽ അവരുടെ പ്രേമം ഏററവും സുസ്ഥിരമായിരിക്കുന്നതാണ്. അതുകൊണ്ടു് ഇപ്രകാരമുള്ളവർ ഏററവും സ്നേഹമുള്ള ഭർത്താക്കന്മാരുമായിരിക്കുന്നതാണ്. ഹോമർ എന്ന ഗ്രീക്കുകവിയുടെ കൃതിയിലെ കഥാനായകനായ യുലീസസ് കാലിപ്സോ എന്ന ദേവിയുടെ കൂടെ താമസിക്കുന്നപക്ഷം അദ്ദേഹത്തിനു നിത്യജീവിതം കൊടുക്കാമെന്നു ആ ദേവി വാഗ്ദാനം ചെയ്തു. എങ്കിലും യുലീസസ് നിത്യജീവിതത്തെക്കാൾ തന്റെ വൃദ്ധയായ ഭാൎയ്യയെ സ്നേഹിക്കയാൽ ആ വാഗ്ദാനത്തെ സ്വീകരിച്ചില്ല എന്നുള്ള കഥ ഈ സന്ദർഭത്തിൽ ഓൎക്കേണ്ടതാണ്. പാതിവ്രത്യമുള്ള സ്ത്രീകൾ അഹംഭാവവും ശാഠ്യവുമുള്ളവരും തങ്ങളുടെ പാതിവ്രത്യത്തെക്കുറിച്ചു വാസ്തവത്തിലുള്ളതിലധികം ഗൌരവം വിചാരിക്കുന്നവരുമായിരിക്കും. എന്നാൽ ഭാൎയ്യ പതിവ്രതയായിരിക്കണമെങ്കിൽ അവളുടെ ഭർത്താവു വിവേകബുദ്ധിയുള്ളവനാണെന്നുള്ള സമ്മതം അവൾക്കു ദൃഢമായി ഉണ്ടായിരിക്കണം. ഭാൎയ്യയുടെ പാതിവ്രത്യത്തെക്കുറിച്ചു ദുശ്ശങ്കയുള്ളവനായ ഭർത്താവു വിവേകബുദ്ധിയുള്ളവനാണെന്നു ഭാൎയ്യക്കു ഒരിക്കലും തോന്നുന്നതല്ല. ഒരു പുരുഷൻ യൌവനാരംഭത്തിങ്കൽ തന്നെ വിവാഹം ചെയ്യുന്നു എങ്കിൽ അതു് അനുരാഗംകൊണ്ടു മാത്രമായിരിക്കും. മദ്ധ്യപ്രായത്തിൽ വിവാഹം ചെയ്യുന്നതു ഭാൎയ്യയുടെ സഖിത്വത്തെ ആഗ്രഹിച്ചുമായിരിക്കും. പ്രായേണ വൃദ്ധന്മാർ വിവാഹം ചെയ്യുന്നതിനായി ആഗ്രഹിക്കുന്നതു ഭാൎയ്യമാർ തങ്ങളെ ശുശ്രൂഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുണമെന്നുള്ള വിചാരംകൊണ്ടു മാത്രമാണ്. അതുകൊണ്ടു യ

ഷ്ടം ഏതുപ്രായത്തിലും വിവാഹം ചെയ്യുന്നതിനു മതിയായ കാരണം ഇല്ലെന്നില്ല. എങ്കിലും ജ്ഞാനിയെന്നു പ്രസിദ്ധനായിരുന്ന തെയിൽസിന്റെ അഭിപ്രായം അങ്ങനെയല്ലായിരുന്നു. "ഒരു പുരുഷന്റെ യൌവനം വിവാഹത്തിനു അപ്രാപ്തവും വാൎദ്ധക്യം അതീതവുമായ കാലങ്ങളാകുന്നു" എന്നു അദ്ദേഹം പറഞ്ഞിരിക്കുന്നു. ഇതിന്റെ സൂക്ഷ്മാൎത്ഥം വിവാഹമേ പാടില്ലെന്നാണെന്നു സ്പഷ്ടമാണല്ലോ. ധൂൎത്തന്മാരായ ഭൎത്താക്കന്മാൎക്കു സുശീലകളായ ഭാൎയ്യമാർ ഉള്ളതായി പലപ്പോഴും കണ്ടുവരുന്നുണ്ടു്. ഇതിന്റെ കാരണമെന്താണെന്നു പരിച്ഛേദിക്കുന്നതിനു നിവൃത്തി കാണുന്നില്ല. ഇങ്ങനെയുള്ള ഭൎത്താക്കന്മാർ പ്രായേണ ക്രൂരന്മാരായിരിക്കുന്നതുകൊണ്ടു് ഇവർ ഭാൎയ്യമാരോടു വല്ല ദയയോ സന്തോഷമോ കാണിക്കുന്നതു ദുർല്ലഭമായിരിക്കുമെങ്കിലും അതുകളെ ഭാൎയ്യമാർ അസാമാന്യമായി വിലവെയ്ക്കുമായിരിക്കാം. അല്ലെങ്കിൽ ഭൎത്താക്കന്മാരുടെ ക്രൂരകൎമ്മങ്ങളെ എല്ലാം ക്ഷമയോടുകൂടി സഹിക്കുന്നതു തങ്ങൾക്കു് അഭിമാനഹേതുവാണെന്നു ഭാൎയ്യമാർ വിചാരിക്കുമായിരിക്കാം. എന്നു മാത്രവുമല്ല, ഏതൊരു സ്ത്രീയും അവളുടെ മാതാപിതാക്കന്മാർ, സഹോദരന്മാർ മുതലായവരുടെയും ബന്ധുക്കളുടെയും മറ്റും ഹിതത്തിനു വിരോധമായി സ്വേച്ഛാനുസാരം ഒരാളെ ഭൎത്താവായി വരിക്കുന്നു എങ്കിൽ അവൻ എത്രതന്നെ വഷളനും ക്രൂരനുമായിരുന്നാലും അവന്റെ ഹിതത്തെ അനുവൎത്തിക്കുന്നതിൽ അവൾ അനന്യസാധാരണിയായ സഹനശക്തിയെ പ്രദൎശിപ്പിക്കാതെയിരിക്കയില്ല. തങ്ങളുടെ വിവേകശൂന്യയായ പ്രവൃത്തികൊണ്ടുണ്ടാകുന്ന ആപത്തുകളെ മറക്കുന്നതായി കഴിയുന്ന വിധത്തിലെല്ലാം ശ്രമിക്കുകയെന്നുള്ളതു്. ഏവൎക്കും സ്വാഭാവികമായിട്ടുള്ളതാണല്ലോ.

## ൮ അസൂയ.

കോപം, സ്നേഹം, അസൂയ മുതലായി പല മനോവികാരങ്ങൾ മനുഷ്യൎക്ക സഹജമായിട്ടുള്ളതാണല്ലൊ. എന്നാൽ, ഒരാൾക്ക മറെറാരാളോടു കോപം മനസ്സിൽ അങ്കുരിക്കുക മാത്രം ചെയ്യുന്നതുകൊണ്ടു യാതൊരു ദോഷവും സംഭവിക്കുന്നതല്ല. കോപംനിമിത്തം അടിക്കുകയോ മററുവല്ല സാഹസപ്രവൃത്തികളും ചെയ്കയൊ ചെയ്യുന്നു എങ്കിലല്ലാതെ അതിനേക്കുറിച്ചു ഭയപ്പെടാനൊന്നുമില്ല. എങ്കിലും അധികമായ സ്നേഹത്തോടു കൂടിയോ അസൂയയോടു കൂടിയോ ഉള്ള ഒരാളുടെ നോട്ടത്തിന് എന്തെങ്കിലും ദോഷഫലത്തെ ഉണ്ടാക്കിത്തീൎക്കാൻ കഴിയും. ഇതു് സ്നേഹത്തിനും അസൂയക്കുമുള്ള ഒരു വിശേഷശക്തിയാകുന്നു. "കണ്ണുവെക്കുക, കണ്ണുപററുക" എന്നും മററും നമ്മുടെ ഇടയിൽ സാധാരണമായി പറയുന്നതിൻെറയും മേല്പറഞ്ഞ വിശേഷശക്തിയുടേയും സൂക്ഷ്മസ്ഥിതി വിചാരിച്ചാൽ ഇവരണ്ടും ഒന്നുതന്നെയാണെന്നു ബോധപ്പെടുന്നതാണ്. എന്തിനേക്കുറിച്ചെങ്കിലും നമുക്ക് അതിയായ കൌതുകമൊ അസൂയയോ തോന്നുമ്പോൾ അതിനെ നമുക്കു ലഭിക്കണമെന്നോ അഥവാ അതിനു എന്തെങ്കിലും നാശം സംഭവിക്കണമെന്നോ ഉള്ള ശക്തിമത്തായ ഒരു മോഹം അവ (കൌതുകവും അസൂയയും) രണ്ടിൽനിന്നും നമ്മുടെ മനസ്സിൽ അങ്കുരിക്കുന്നു. ഈ രണ്ടു വികാരങ്ങളും മനസ്സിൽ ഉദിക്കുന്ന വിധത്തിലെല്ലാം പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. നമ്മുടെ മനസ്സിൽ കൌതുകമോ അസൂയയോ ഏതൊരു വസ്തുവിനെക്കുറിച്ചു തോന്നുന്നുവോ ആ വസ്തുവിനെ നാം അഭിമുഖമായി കാണുന്ന അവസരങ്ങളിൽ ഈ രണ്ടു വികാരങ്ങളും നമ്മിൽ സ്ഥിതിചെയ്യുന്നതായി നമ്മുടെ നോട്ടങ്ങളിൽ നിന്നു വെളിപ്പെടുന്നു. ഈ മൂന്നു സംഗതികളിലും സ്നേഹത്തിനും അസൂയക്കും തമ്മിൽ വളരെ സാമ്യമുണ്ടു്. "കണ്ണുവെക്കുക, കണ്ണുപററുക" എന്നൊക്കെപ്പറയുന്നതിൽ വല്ല പരമാൎത്ഥവുമുണ്ടെങ്കിൽ മേൽപ്പറഞ്ഞ മൂന്നു സംഗതി

കളും യോജിച്ചുള്ള നോട്ടത്തിനു മാത്രമേ ആ ശക്തിയുണ്ടായിരിക്കയുള്ളു. ഇങ്ങനെ നോക്കുന്ന ആളുടെ കണ്ണിൽ നിന്നു പുറപ്പെടുന്നതായി എന്തോ ഒരുവക ശക്തിയുണ്ടെന്നുള്ള വിശ്വാസം പല ജാതിക്കാരുടെയും രാജ്യക്കാരുടെയും ഇടയിൽ കാണുന്നുണ്ടു്. ഒരാളുടെ പ്രാബല്യം ഏറെറവും തേജസ്സോടുകൂടി പ്രകാശിക്കുമ്പോൾ അന്യന്മാക്കു് അയാളെക്കുറിച്ചുള്ള അസൂയയുടെ ശക്തി വദ്ധിക്കുകയും, ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അയാളുടെ ജീവപോഷണശക്തികൾ ശരീരത്തിനു് പുറത്തുകൂടി പ്രസരിക്കുകയും ചെയ്യാനിടയുള്ളതിനാൽ അപ്പോഴാണു് അസൂയക്കാരുടെ കണ്ണുകളുടെ ശക്തി ദോഷഫലത്തെ ചെയ്യുന്നതെന്നു പലരും അഭിപ്രായപ്പെട്ടിട്ടുണ്ടു്.

എന്നാൽ മേല്പറഞ്ഞതുപോലെയുള്ള സംഗതികളെ വിട്ടു് ഇനി നമുക്കു സാരസംഗതികളിലേക്കു പ്രവേശിച്ചു നോക്കാം. അന്യന്മാരെക്കുറിച്ചു് അധികമായ അസൂയയോടുകൂടിയിരിക്കുന്നതാരാണു്?, അന്യന്മാരുടെ അസൂയയ്ക്കു് അതിമാത്രമായി പാത്രീഭവിക്കുന്നതാരാണു?, ഭരണകത്താക്കന്മാരെക്കുറിച്ചു ജനസാമാന്യത്തിനുണ്ടാകുന്ന വെറുപ്പും സാധാരണ ജനങ്ങളെക്കുറിച്ചു പ്രത്യേകമായുണ്ടാകുന്ന അസൂയയും തമ്മിലുള്ള വ്യത്യാസമെന്തു്? എന്നിവയെക്കുറിച്ചു താഴെ വിവരിക്കുന്നു.

൧. അസൂയാലുക്കൾ എങ്ങനെയുള്ളവരാണു്? ഉ. തന്നിൽത്തന്നെ യാതൊരു വിശേഷഗുണവുമില്ലാത്തവർ അന്യന്മാരുടെ ഗുണങ്ങളെക്കുറിച്ചു് എല്ലായ്പോഴും അസൂയയോടു കൂടിത്തന്നെയിരിക്കും. എന്തെന്നാൽ, തങ്ങളുടെ ഗുണങ്ങളും അന്യന്മാരുടെ ദോഷങ്ങളും സാധാരണജനങ്ങൾക്കു ചാരിതാൎത്ഥ്യജനകങ്ങളാകുന്നു. തന്നിൽ യാതൊരു ഗുണവുമില്ലാത്തവർ അന്യന്മാക്കുള്ള ദോഷം കണ്ടു സന്തോഷിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നു. സൽസ്വഭാവംകൊണ്ടു മറെറാരാളുടെ നിലയിൽ എത്താൻ തനിക്കു ശക്തിയില്ലെന്നു് ഒരാൾക്കു ബോധം വന്നാൽ അപ്പോൾ മുതൽ അയാൾ മറെറ ആളുടെ ഗുണത്തെ നിസ്സാരമാക്കി പറഞ്ഞു പറഞ്ഞു രണ്ടു

പേരും തുല്യസ്ഥിതിയിലുള്ളവരാണെന്ന് ആക്കിത്തീർക്കാനായി ശ്രമിക്കുന്നു.

൨. തങ്ങൾക്ക് ആവശ്യമുള്ളവയും ഇല്ലാത്തവയുമായ കാര്യങ്ങളെയെല്ലാം സദാ തിരക്കിയും അന്വേഷിച്ചുംകൊണ്ടു നടക്കുകയും അവയിലെല്ലാം എങ്ങനെയുംചെന്നു സംബന്ധിക്കുകയും ചെയ്യുന്നവരും അസൂയകൊണ്ടു നിറഞ്ഞവർ തന്നെയായിരിക്കും. അവർ അന്യന്മാരുടെ കാര്യങ്ങളിൽ ഇത്ര വളരെ അന്വേഷിച്ചു നടക്കുന്നതു് അതിൽ നിന്നു തങ്ങൾക്കു വല്ല ഗുണവും വരുത്തിക്കൊള്ളാമെന്നുള്ള ഉദ്ദേശത്തോടു കൂടിയല്ല. മററുള്ളവരുടെ സ്ഥിതി കണ്ടും കേട്ടും അറിഞ്ഞുകൊണ്ടിരുന്നാൽ ഒരു നാടകാഭിനയം കണ്ടാലുണ്ടാകുന്നതുപോലെയുള്ള രസം അവർക്ക് അതുകൊണ്ടുണ്ടാകുന്നതാകുന്നു. പ്രത്യുത സ്വന്തകാര്യങ്ങളെ മാത്രം അന്വേഷിച്ചുകൊണ്ടു നടക്കുന്നവർക്ക് അസൂയയ്ക്ക് അധികം മാർഗ്ഗങ്ങളുണ്ടാകുന്നതല്ല. അസൂയയുള്ളവർക്ക് ഇങ്ങനെ സ്വന്ത കാര്യങ്ങളിൽ മാത്രം മനസ്സിനെ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കാൻ ശക്തിയുണ്ടായിരിക്കുകയില്ല. അവർ ഗൃഹങ്ങൾ തോറും തെരുവീഥികൾ തോറും അലഞ്ഞു നടക്കുന്നു. അന്യന്മാരുടെ സകല കാര്യങ്ങളും അറിയണമെന്നുള്ള അത്യാഗ്രഹത്തോടു കൂടിയിരിക്കുന്നവരെല്ലാം അസൂയാകുക്ഷികളായിട്ടിരിക്കാനല്ലാതെ നിവൃത്തിയില്ലെന്ന് ഒരു മഹാൻ പറഞ്ഞിരിക്കുന്നു.

൩. ശ്രേഷ്ഠവംശത്തിൽ ജനിച്ചവർക്ക് നൂതനമായി അവസ്ഥയും സമ്പത്തും ഉണ്ടാകുന്നവരോടു് അസൂയയുണ്ടാകുന്നതാണ്. എന്തെന്നാൽ, അവർ തമ്മിൽ അതിനു മുൻപിരുന്നിരുന്ന സ്ഥിതി അപ്പോൾ ഭേദപ്പെട്ടുപോകുമല്ലൊ. വാതു കെട്ടി ഓടുന്ന രണ്ടു പേരിൽ ഒരാൾ മുൻപു കടന്ന് ഓടിപ്പോകുന്തോറും മറെറയാൾ മുൻപോട്ടു തന്നെ ഓടിയാലും അയാളുടെ ഗതി പുറകോട്ടാണെന്ന് അയാൾക്കു തന്നെ തോന്നിപ്പോകുന്നു.

൪. ജനനാൽത്തന്നെ വിരൂപന്മാരൊ, ഷണ്ഡന്മാരോ, അംഗഹീനന്മാരോ, അശക്തന്മാരോ ആയിട്ടുള്ളവർ അസൂ

യയുള്ളവരായിരിക്കും. എന്തെന്നാൽ സ്വപ്രയത്നം കൊണ്ടു് ഉൽകർഷത്തെ പ്രാപിക്കാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിലിരിക്കുന്നവരെല്ലാം അന്യന്മാരുടെ ഉൽകർഷത്തിനു ഹാനി വരുത്താൻ കഴിയുന്നവിധത്തിലെല്ലാം ശ്രമിക്കാതെയിരിക്കയില്ല. എന്നാൽ, മേല്പറഞ്ഞപ്രകാരമുള്ള ഓരോരോ കുറവുകളോടു കൂടിയവർ ധൈര്യശാലികളായിരുന്നാൽ അവർ അന്യന്മാരെക്കുറിച്ചു് അസൂയപ്പെടാതെ തങ്ങളുടെ കുറവുകളെ പരിഹരിക്കാനായി സർവ്വാത്മനാ പരിശ്രമിക്കയേ ഉള്ളൂ. ഇങ്ങനെയുള്ള പരിശ്രമം കൊണ്ടു് പ്രയത്നക്കാരായി ഇവർ വല്ലതും സാധിച്ചാൽ "ഇതു് ഒരു മുടന്തന്റെ, അല്ലെങ്കിൽ ഒരു ഷണ്ഡന്റെ പ്രയത്നത്തിന്റെ ഫലമാണു്. ഇവർക്കു സഹജങ്ങളായ പല അസൌകര്യങ്ങളും ഉണ്ടായിരുന്നിട്ടും ഇവർ ഇത്രയുമൊക്കെ സാധിച്ചതു് ഏറ്റവും അത്ഭുതകരമായിരിക്കുന്നു" എന്നു് അന്യന്മാർ പറയുന്നതാകകൊണ്ടു് അതിനിടയാകണമെന്നുള്ള വിചാരത്തോടു കൂടിയായിരിക്കും അവരുടെ പരിശ്രമം. ഗ്രീക്കചക്രവർത്തിയായിരുന്ന ജസ്റ്റീനിയന്റെ കീഴിൽ ഏറ്റവും പരാക്രമശാലിയായ ഒരു സൈന്യാധിപതിയായിരുന്ന നാർസീസും സ്പാർട്ടായിലെ വിശ്രുതനായ രാജാവായിരുന്ന അജസിലാസും മുഗൾരാജാവായിരുന്ന തൈമൂറും മുടന്തന്മാരായിരുന്നു എന്നുള്ളതു സുപ്രസിദ്ധമാണല്ലോ.

൫. ആദ്യമേ ഒരു വലിയ പദവിയിൽ ഇരിക്കുകയും പിന്നീടു വല്ല കാരണവശാലും താഴ്ത്തപ്പെടുകയും വീണ്ടും പഴയ ഉന്നതസ്ഥിതിയിലേയ്ക്കു് ഉയർത്തപ്പെടുകയും ചെയ്യപ്പെട്ടിട്ടുള്ളവരും അസൂയയുള്ളവരായിരിക്കുന്നതാണു്. ഇവർക്കു് ഒരിക്കൽ ആപത്തു സംഭവിച്ചതു കൊണ്ടു് ആ കാലത്തോടും ആ കാലത്തിൽ ജീവിച്ചിരുന്ന എല്ലാവരോടും ഇവർക്കു ശണ്ഠയായിരിക്കും. അന്യന്മാർക്കു് എന്തെങ്കിലും കഷ്ടതകൾ സംഭവിച്ചാൽ അവ തങ്ങൾക്കു സംഭവിച്ച ആപത്തുകളുടെ ശമനകാരണങ്ങളായി ഇവർ വിചാരിച്ചുപോകും. അതു കൊണ്ടു കഷ്ടതകൾ കൂടാതെയിരിക്കുന്നവരോടു് ഇങ്ങനെ

യുള്ളവൎക്ക് അസൂയ ഉണ്ടാകാതെയിരിക്കയില്ലെന്നുള്ളതു സ്പഷ്ടമാണല്ലൊ.

൯. മനശ്ചാഞ്ചല്യം കൊണ്ടോ അഹംമതികൊണ്ടോ പല വിഷയങ്ങളിൽ പടുതയും പ്രസിദ്ധിയും സമ്പാദിക്കണമെന്ന് ആഗ്രഹിക്കുന്നവൎക്കും അസൂയയുണ്ടാകുന്നതു സ്വാഭാവികമാകുന്നു. ഇവർ ഉൾപ്പെടുന്നവയായ വിഷയങ്ങളിൽ ഒന്നിലല്ലെങ്കിൽ മറെറാന്നിൽ അന്യന്മാർ ഇവരെ ജയിക്കുമെന്നുള്ളതു തീൎച്ചയാണ്. അപ്പോഴൊക്കയും ഇവൎക്ക് അന്യന്മാരോട് അസൂയ ജനിക്കുന്നതുമാണ്. റോമാചക്രവൎത്തിയായിരുന്ന ഹാഡ്റിയൻ ചിത്രമെഴുത്തു, കാവ്യനിൎമ്മാണം മുതലായി അനേക വിഷയങ്ങളിൽ തന്റെ ബുദ്ധിയെ പ്രവേശിപ്പിച്ചിരുന്നു. അതുകൊണ്ടു ചിത്രമെഴുത്തുകാർ, കവികൾ മുതലായവരോട് അടക്കാൻ പാടില്ലാത്തവിധത്തിലുള്ള അസൂയ അദ്ദേഹത്തിനുണ്ടായിരുന്നു.

൧൦. അടുത്ത ചാൎച്ചക്കാരും ഒരു കാലത്തു തുല്യസ്ഥിതിയിൽ ഇരുന്നിരുന്നവരും ഒരുമിച്ചു വളൎന്നവരുമായ ആളുകളിൽ ഒരാൾ മററവരെയെല്ലാം പശ്ചാൽകരിക്കുന്നതായ ഒരു ഉന്നതപദവിയെ പ്രാപിക്കുന്നതായാൽ അയാളോടു ശേഷമുള്ളവൎക്കെല്ലാവൎക്കും അസൂയയുണ്ടാകാതിരിക്കയില്ല. സമസ്ഥിതിയിൽ ഇരുന്നിരുന്നവരിൽ ഒരാൾ മാത്രം ഇങ്ങനെ അനന്യസാധാരണമായ ഔന്നത്യത്തെ പ്രാപിക്കുന്നതു തങ്ങൾക്ക് അനവസരമായ അവമാനഹേതുവാണെന്ന് അവർ വിചാരിക്കുന്നു. ജനസാമാന്യം ഇവർ തമ്മിലുള്ള താരതമ്യത്തെ വിവേചനം ചെയ്യുകയും ഒരേസ്ഥിതിയിൽ നിന്ന് ഒരാൾ മാത്രം ഇങ്ങനെ ഉയൎന്നതു മററവൎക്കുള്ള ശക്തിക്കുറവൊ മറെറന്തെങ്കിലും കുററമോ കൊണ്ടാണെന്നു തീൎച്ചപ്പെടുത്തുകയും ചെയ്യുന്നു. ഇവർ തന്നെ തങ്ങളുടെ അധോഗതിയെക്കുറിച്ചു കൂടക്കൂടെ വിചാരിക്കുകയും അന്യന്മാർ അതിനെക്കുറിച്ചു നാനാപ്രകാരത്തിൽ ഓരോ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യും. അന്യന്മാരുടെ വാക്കുകൾ ഇവരുടെ അസൂയയെ ദ്വിഗുണീകരിക്കയും ചെയ്യുന്നു.

മേല്പറയപ്പെട്ട ഏഴു തരക്കാരും അസൂയാലുക്കളായിത്തീരുന്നതിനു വളരെ എളുപ്പമുള്ളതാകുന്നു.

ബി. ഇനി അന്യന്മാരുടെ അസൂയയ്ക്കു അധികമായി പാത്രീഭവിക്കുന്നതും പാത്രീഭവിക്കാത്തതും ഏതുവിധത്തിലുള്ള ആളുകളാണെന്നും അസൂയയുടെ ശക്തിയെ കുറയ്ക്കുന്നതു ഇന്നവിധത്തിലാണെന്നുമുള്ളതിനെക്കുറിച്ചാണ് വിചാരിക്കേണ്ടതു്.

എ. വാസ്തവത്തിൽ ഉൽഗതിക്ക് അർഹതയുള്ളവരെന്നു പരക്കെ ഒരു ജനസമ്മതം സിദ്ധിച്ചിട്ടുള്ളവരുടെ ഉന്നതിയിങ്കൽ അർഹതയും അവകാശവുമില്ലാത്തവരുടെ ഉയർച്ചയെക്കുറിച്ചുണ്ടാകുന്നതു പോലെ അസൂയ ഉണ്ടാകുന്നതല്ല. യോഗ്യന്മാർക്ക് ഉന്നതി സിദ്ധിക്കുന്നു എങ്കിൽ അവർ സർവ്വപ്രകാരേണയും അതിന് അർഹന്മാരാണെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. കൊടുത്തുതീർക്കേണ്ടതായ കടം കൊടുത്തുതീർക്കുന്നതിനെക്കുറിച്ച് ആർക്കും അസൂയയുണ്ടാകാൻ വഴിയില്ലല്ലൊ. തങ്ങളുടെ സ്ഥിതിയെ തങ്ങളേക്കാൾ ഉയർന്ന നിലയിലിരിക്കുന്നവരുടെ സ്ഥിതിയോടു ചേർത്തു താരതമ്യം നോക്കുമ്പോഴാണ് അസൂയ ജനിക്കുന്നതു്. എന്നാൽ താരതമ്യവിവേചനത്തിന് ഒരു പ്രകാരത്തിലും നിവൃത്തിയില്ലാത്ത വിധത്തിൽ ഉന്നതസ്ഥിതിയെ പ്രാപിച്ചിരിക്കുന്ന രാജാക്കന്മാരെക്കുറിച്ചു സാധാരണജനങ്ങൾക്ക് ഒരിക്കലും അസൂയയുണ്ടാകുന്നതല്ല. രാജാക്കന്മാരോടു തത്തുല്യന്മാരായ മററു രാജാക്കന്മാർക്കു മാത്രമെ അസൂയയുണ്ടാവുക പതിവുള്ളു. എന്നാൽ അനർഹന്മാരുടെ ഉയർച്ചയെക്കുറിച്ചുണ്ടാകുന്ന അസൂയ ആരംഭത്തിൽ വളരെ അധികമായിരുന്നാലും അതു കാലക്രമേണ കുറഞ്ഞുവരികയും പ്രത്യുത അർഹന്മാരുടെ ഉൽഗതിയെക്കുറിച്ചുണ്ടാകുന്ന അസൂയ ആരംഭത്തിൽ ഏററവും ലഘുവായിരിക്കുമെങ്കിലും അതു് അവരുടെയും അവരുടെ അഭ്യുദയത്തിൻെറയും വിഷയത്തിൽ പ്രതിവത്സരം വർദ്ധിച്ചുവരികയും ചെയ്യുന്നതാണെന്നുള്ള സംഗതി ഇവിടെ പ്രത്യേകം ഓർക്കേണ്ടതാണ്. എന്തെന്നാൽ കാലാന്തരം കൊണ്ടു യോ

ഗ്യന്മാരുടെ യോഗ്യത സ്ഥിതിഭേദത്തെ പ്രാപിക്കുന്നതല്ലെ ങ്കിലും ഏകദേശം തുല്യയോഗ്യതകളോടു കൂടിയ ആളുകൾ പുതിയതായി ഉണ്ടായിവരുന്തോറും ഇവരുടെ യോഗ്യതയെ ക്കുറിച്ചുള്ള വിലമതിപ്പു കുറഞ്ഞുപോകുന്നതാകുന്നു.

ശ്രേഷ്ഠകുടുംബജാതന്മാരായവരുടെ ഉയർച്ചയെക്കുറിച്ചും അധികമായ അസൂയ ഉണ്ടാകുന്നതല്ല. എന്തുകൊണ്ടെന്നാൽ ഒരു ഉൽകൃഷ്ടകുടുംബം അസാമാന്യമായ ഉയർച്ചയ്ക്കു് അർഹതയുള്ളതാണെന്നു മറ്റുള്ളവർ സാധാരണമായി സ്വയമേവ സമ്മതിക്കുന്നു. പ്രതിമാസം നാലു കാശുപോലും വരവില്ലാത്ത ഒരാൾക്കും തൊള്ളായിരം രൂപ വരവുള്ള മറ്റൊരാൾക്കും ആയിരം രൂപ മാസപ്പടിയുള്ള ഓരോ ഉദ്യോഗം കിട്ടു~~ന്നതായാൽ രണ്ടാമ~~ത്തെ ആളുടെ ഉയർച്ച സാമാന്യം ക്രമമനുസരിച്ചുള്ളതാകകൊണ്ടു് അതിനെക്കുറിച്ചുണ്ടാകുന്ന അസൂയ കേവലം തുച്ഛമായിട്ടേ ഇരിക്കയുള്ളൂ. പെട്ടെന്നും അസാമാന്യമായും ഉണ്ടാകുന്ന ഉയർച്ചയെക്കുറിച്ചാണു് അധികമായി അസൂയയുണ്ടാകുന്നതു്. സമനിരപ്പായിക്കിടക്കുന്ന സ്ഥലത്തേക്കാൾ സൂര്യന്റെ ചൂടു് അധികം തട്ടുന്നതു ചരിഞ്ഞുകിടക്കുന്ന സ്ഥലത്താണല്ലോ. ആ കാരണംകൊണ്ടു തന്നെ എല്ലാവരുടെയും ദൃഷ്ടിയെ ആകർഷിക്കത്തക്കവണ്ണമുള്ള വലിയ അവസ്ഥാന്തരപ്രാപ്തി പെട്ടെന്നു് ആരുടെ സ്ഥിതിക്കുണ്ടാകുന്നുവോ അയാൾ അസൂയയാകുന്ന സൂര്യകാന്തിയുടെ പ്രതാപത്തെ യഥാക്രമം അനുഭവിക്കേണ്ടിവരും. നേരെമറിച്ചു, മന്ദം മന്ദം കാലക്രമംകൊണ്ടു് ഓരോരോ പടിപടിയായി, അത്യന്തമായ അവസ്ഥാന്തരം പെട്ടെന്നു പ്രത്യക്ഷമാകാത്ത വിധത്തിൽ ഉന്നതപദത്തെ പ്രാപിക്കുന്നവർ സമതലങ്ങൾ സൂര്യന്റെ ചൂടിനെ എന്നപോലെ അസൂയയുടെ ശക്തിയെ അധികം അറിയുന്നതിനിടവരുന്നതല്ല. അധികം ചുമതലയോ ഞെരുക്കമോ ഉള്ള ജോലികളിൽ ഏർപ്പെടുന്നവരും അസൂയയുടെ ശക്തി മുഴുവനും അറിയേണ്ടതായി വരികയില്ല. അവരുടെ ഉദ്യോഗത്തിനുള്ള പ്രാഭവത്തിനു തക്കതായി അവർക്കു് ഒരു വലിയ ചുമടു വഹിക്കാനുണ്ടെന്നുള്ളതു് അസൂ

യാകുക്ഷികൾക്ക് ഒരാശ്വാസജനകമായിരിക്കും. അതുകൊണ്ടു് അവരെക്കുറിച്ചു ദയയോ സഹതാപമോ ആണ് അന്യന്മാൎക്കുണ്ടാകുന്നതു്. സഹതാപം ഉദിക്കുമ്പോൾ അസൂയ അസ്തമിച്ചുപോകുമല്ലോ. കരുതലും നയവുമുള്ള രാജ്യഭരണകൎത്താക്കന്മാർ അവരുടെ കഷ്ടതകളേയും പരിസ്ഥിതികളേയും മററും കുറിച്ചു കൂടെക്കൂടെ മുറവിളി കൂട്ടുകയും വിലപിക്കുകയും ചെയ്യുന്നതു നാം സാധാരണ കണ്ടുവരുന്നതാണല്ലോ. ഇതു് അവരുടെ മനസ്സിലുള്ള യഥാൎത്ഥസ്ഥിതിയാണെന്നു ഭ്രമിക്കണമെന്നില്ല. അവരുടെ ഈ സൂത്രംകൊണ്ടു് അസൂയയുടെ ശക്തിയെ കുറയ്ക്കുകയെന്നുള്ളതാണ് അവർ സാധിക്കുന്നതു്.

൨. എന്നാൽ അവനവനു തന്നെ ഒഴിക്കാൻ പാടില്ലാത്തവയും മേലധികാരത്തിൽനിന്നു വരുന്നവയുമായ അനേകം ജോലികളെ വഹിക്കേണ്ടിയിരിക്കുന്നവരേക്കുറിച്ചു മാത്രമല്ലാതെ എല്ലാവരേയും കുറിച്ചു മേൽപ്പറഞ്ഞ പ്രകാരമുള്ള സഹതാപം ഉണ്ടാകുമെന്ന് ഒരിക്കലും വിചാരിക്കാൻ പാടില്ല. വലിയ ഉന്നതസ്ഥിതിയിലിരിക്കുന്നവർ നാനാപ്രകാരമുള്ള ചുമതലകളെ അനാവശ്യമായി സ്വേച്ഛാപ്രകാരം ശിരസാ വഹിക്കുന്നതിനായി തുനിയുന്നതായാൽ അവരെക്കുറിച്ചു് അന്യന്മാരുടെ അസൂയ വൎദ്ധിക്കുന്നതിന് അതിൽപരം നല്ലതായ ഒരു കൌശലം വേറെയില്ല. നേരേ മറിച്ചു വലിയ സ്ഥിതിയിലിരിക്കുന്നവർ തങ്ങളുടെ കീഴിൽ പല പല പടികളിലായി ഇരിക്കുന്ന ചില്ലറ ജോലിക്കാരെ പിരിച്ചുവിടാതെ അവരേ അവരുടെ യോഗ്യതയ്ക്കു തക്കവണ്ണം യഥാസ്ഥാനം വെച്ചുകൊള്ളുകയും അവരുടെ അധികാരങ്ങളേയും അവകാശങ്ങളേയും കുറയ്ക്കാതിരിക്കുകയും ചെയ്യുന്നതായാൽ ആ പ്രധാനന്മാരേക്കുറിച്ചുള്ള അസൂയ അത്ഭുതകരമാകുംവണ്ണം കുറഞ്ഞുപോകുന്നതുമാണ്. എന്തെന്നാൽ അങ്ങനെയാകുമ്പോൾ ആ പ്രധാനന്മാരിൽ അസൂയയാകുന്ന സൂൎയ്യന്റെ ക്രൂരരശ്മി തട്ടാതെ മറയ്ക്കുന്നതിനു കീഴിലുള്ളവർ തണൽപോലെ ഉപയോഗപ്പെടുന്നതാണല്ലോ. തങ്ങളുടെ ഉന്നതപദവിയെക്കുറിച്ചു് അ[illegible]വത്തോടും അ

ക്ഷാന്തിയോടുംകൂടിയിരിക്കുകയും പുറമേയുള്ള ആഡംബരങ്ങ
ളേയും അലങ്കാരങ്ങളേയും അസാമാന്യമായി വൎദ്ധിപ്പിക്കുകയും
സമന്മാരേയും ശത്രുക്കളേയും കീഴമൎത്തി തങ്ങളുടെ പ്രാഭവ
ത്തേയും പ്രതാപത്തേയും പ്രത്യക്ഷീകരിക്കണമെന്നു് ആഗ്രഹി
ക്കയും ചെയ്യുന്നവർ അന്യന്മാരുടെ അസൂയയ്ക്കു് ഒരു ഒന്നാംത
രംലാക്കായിത്തീരുന്നതാണു്. വിവേകബുദ്ധിയുള്ളവർ അസൂ
യയുടെ ശക്തിയെക്കുറയ്ക്കുന്നതിന്നായി ഓരോസംഗതികൾ വി
ട്ടുവീഴ്ചകളും ദാക്ഷിണ്യവും ചെയ്യുകയും തങ്ങൾക്കു പ്രത്യേക
മായി മുതലയോ ലാഭമോ ഇല്ലാത്ത സംഗതികളിൽ തങ്ങ
ളുടെ ആഗ്രഹത്തിനോ അഭിപ്രായത്തിനോ വിപരീതമാ
യി കാൎയ്യം നടക്കുന്നതിൽ വിസമ്മതിക്കാതെയിരിക്കുകയും
ചെയ്യുന്നു. എന്നാൽ, വാസ്തവത്തിൽ വലിപ്പമുള്ളവർ അ
തില്ലെന്നു ഭാവിക്കാതെയും പരനിന്ദയും ആത്മപ്രശംസയും
കൂടാതെയും ഇരുന്നാൽ അവരേക്കുറിച്ചുണ്ടാകുന്ന അസൂയ പു
റമേ വിനയം ഭാവിക്കുകയും അകമേ വലിയ ഡംഭം വഹി
ച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരെക്കുറിച്ചുണ്ടാകുന്നതിൽ
വളരെകുറഞ്ഞിരിക്കും. തങ്ങൾക്കു യാതൊരു വക യോഗ്യത
കളുമില്ലെന്നുള്ള നാട്യത്തോടും ഏററവും വിനയഭാവത്തോ
ടും കൂടി നടക്കുന്നവർ അവരുടെ ഉന്നതപദവിയ്ക്കു് അവർ
അൎഹന്മാരല്ലെന്നും അതു ഭാഗ്യംകൊണ്ടു മാത്രം സിദ്ധിച്ച
താണെന്നും സ്വയമേവ സമ്മതിക്കുന്നതായിവരുന്നു. അതി
നാൽ അവരെക്കുറിച്ചു സാമാന്യത്തിൽ കൂടുതലായി അസൂ
യപ്പെടാൻ അവർ തന്നെ അന്യന്മാരെ പഠിപ്പിക്കയാണു്
ചെയ്യുന്നതു്.

൯. ഈ ഭാഗം അവസാനിപ്പിക്കുന്നതിനു മുൻപായി ഒ
രു സംഗതി കൂടി പറയാനുണ്ടു്. അസൂയ ഫലിക്കുന്നതു
ക്ഷുദ്രപ്രയോഗത്തിനുള്ളതു പോലെയുള്ള ഒരു വിധം ശ
ക്തികൊണ്ടാണെന്നു് ആരംഭത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അ
സൂയ ശമിക്കുന്നതും ഏകദേശം ഇതുപോലെ തന്നെയാണു്.
ആൎക്കെങ്കിലും ഉപദ്രവം വരുത്തക്കവണ്ണം ക്ഷുദ്രം പ്രയോഗി
ച്ചാൽ ആ ബാധ്യത ഒഴിഞ്ഞു മാററിയോ ആകൎഷിച്ചോ അ

ന്യന്മാരിലൊ പ്രതിബിംബങ്ങളിലോ ആകുന്നതു നാം കണ്ടുവരുന്നതാണല്ലൊ. അപ്രകാരം തന്നെ ഏതുകൊണ്ടെങ്കിലും അസാധാരണതയോ അസാമാന്യമായ ശോഭയോ കൌതുകപ്രദായകത്വമോ ഉള്ള വസ്തുക്കൾക്കു നാവിൻേറയും, ദൃഷ്ടിബാധ മുതലായവ പററാതെയിരിക്കുന്നതിനായി ആദ്യമേ ജനങ്ങളുടെ ദൃഷ്ടിക്കു വിഷയീഭവിക്കത്തക്കവണ്ണം ആ വസ്തുക്കളുടെ പുരോഭാഗങ്ങളിൽ ചില വികൃതാകൃതികളായ ചിഹ്നങ്ങളേയും മററും സ്ഥാപിക്കുകയും പല ദിക്കുകളിലും നടപ്പുള്ളതാണല്ലൊ. അതുപോലെ ജനസാമാന്യത്തിൻെറ ദൃഷ്ടിക്കു് എപ്പോഴും വിഷയീഭവിക്കത്തക്കവണ്ണം ഉന്നതസ്ഥിതിയിൽ ഇരിക്കുന്നവർ ബുദ്ധിയുള്ളവരായിരുന്നാൽ തങ്ങളുടെ നേരേയുണ്ടാകാവുന്ന അസൂയയുടെ കാഠിന്യം അനുഭവിക്കുന്നതിനായി മററാരേയെങ്കിലും വേഷം കെട്ടിച്ചു വരസ്യമായി പ്രതിഷ്ഠിച്ചിരിക്കും. ഇതു് ഒന്നുകിൽ തൻെറ കീഴിലുള്ളവരിൽ ആരേയെങ്കിലുമോ ഒരു ഭൃത്യനേയോ ആയിരിക്കും. അല്ലെങ്കിൽ തങ്ങളുടെ സ്നേഹിതന്മാരിൽ ആരേയെങ്കിലുമോ ഒരു കൂട്ടുജോലിക്കാരനേയോ ആയിരിക്കും. അങ്ങനെയൊരാളെ മുൻപിൽ നിറുത്തിക്കൊണ്ടാൽ അന്യന്മാരുടെ അസൂയയുടെ ഗതി ആ ആളുടെ നേരേ ആയിരിക്കുമല്ലൊ. വേണ്ടത്തക്ക സ്ഥാനവലിപ്പവും അധികാരബലവും കൊടുക്കുന്നതായിരുന്നാൽ എന്തെല്ലാം ആപത്തുകളും അപകടങ്ങളുമുണ്ടായാലും ഇങ്ങനെയുള്ള ജോലിയെ സ്വീകരിക്കാൻ തയാറുള്ള ഉത്സാഹികളും സാഹസശീലന്മാരുമായ ആളുകൾ ധാരാളം ഉണ്ടായിരിക്കുന്നതുമാണു്.

സി. ഭരണകർത്താക്കന്മാരോടു ജനസാമാന്യത്തിനുണ്ടാകുന്ന വിരോധത്തെക്കുറിച്ചു മാത്രമാണു് ഇനിപ്പറയാനുള്ളതു്. ഇങ്ങനെ പൊതുവേയുണ്ടാകുന്ന അസൂയ, അല്ലെങ്കിൽ വിരോധംകൊണ്ടു ചില പ്രയോജനങ്ങളും ഇല്ലെന്നില്ല. സാധാരണന്മാരായ ഓരോ [illegible] അസൂയ കൊണ്ടാണു് യാതൊരു [illegible] ത ന്നാൽ ഭരണകർത്താക്ക [illegible]

ന്ന ശത്രുത്വം കൊണ്ടു, രാജ്യത്തിൽ ക്രമത്തിലധികം അധികാരമുള്ളവരെ യഥാക്രമം താഴ്ത്തുന്നതിന്നിടയാകുന്നു. മേൽപ്പറഞ്ഞപ്രകാരം ജനങ്ങൾക്കുണ്ടാകുന്ന ശത്രുത്വം തങ്ങളെ ബാധിച്ചേക്കുമോ എന്നുള്ള ഭയം നിമിത്തം വലിയ ഉദ്യോഗത്തിലിരിക്കുന്നവർ കടിഞ്ഞാൺ കൊണ്ടു കുതിരകളുടെ ഗതിവേഗത്തെ എന്നപോലെ സീമാതിക്രമണം ചെയ്യാതെ എപ്പോഴും തങ്ങളെതന്നെ തടുത്തു നിറുത്തുകയും ചെയ്യുന്നു. ഭരണകർത്താക്കന്മാരോടു ജനങ്ങൾക്കുണ്ടാകുന്ന ശത്രുത്വത്തെ അല്ലെങ്കിൽ അസൂയയെ സാധാരണമായി പര്യ്യായാന്തരേണ പറഞ്ഞുവരുന്നതു പ്രജകളുടെ ഇടയിലുള്ള അസന്തുഷ്ടിയെന്നാണ്. ഇതിനെക്കുറിച്ചു വേറൊരദ്ധ്യായത്തിൽ സവിസ്തരം പറയുന്നതാകുന്നു. ഇവിടെ ഇതിനെപ്പറ്റി ചുരുക്കമായി മാത്രമേ പറയുന്നുള്ളൂ.

ഭരണകർത്താക്കന്മാരുടെ പേരിൽ ബഹുജനങ്ങൾക്കുണ്ടാകുന്ന ശത്രുത്വത്തെ, അല്ലെങ്കിൽ അസൂയയെ രാജ്യത്തിൽ സർവ്വത്ര ബാധിക്കുന്നതായ ഒരു സാംക്രാമികരോഗത്തോടു സദൃശമായി ഗണിക്കാവുന്നതാകുന്നു. എന്തെന്നാൽ, സാംക്രാമികരോഗം ഒരു സ്ഥലത്തു തുടങ്ങിയാൽ അവിടെയുള്ള അരോഗികളേയും അതു രോഗികളാക്കിത്തീർക്കുന്നതുപോലെ ഗവർമ്മേണ്ടിനെക്കുറിച്ചു ജനങ്ങളുടെ ഇടയിൽ തൃപ്തികേടുണ്ടായാൽ അതു ഗവർമ്മേണ്ടിന്റെ സൽപ്രവൃത്തികൾക്കും ദുരർത്ഥങ്ങളെ ആരോപിച്ച് അവയേയും ദുഷ്പ്രവൃത്തികളാക്കിയും ഗവർമ്മേണ്ടിന്നുണ്ടാകാവുന്ന നല്ലപേരിനേയും ദുഷ്പ്പേരാക്കിയും തീർക്കുന്നു. എന്നാൽ, ബഹുക്കളുടെ ഇടയിൽ അസന്തുഷ്ടി വർദ്ധിച്ചിരിക്കുമ്പോൾ ഗവർമ്മേണ്ടു ജനങ്ങളെ സന്തോഷിപ്പിക്കാനായി യാതൊന്നും ചെയ്യാനാവശ്യമില്ല. അങ്ങനെ വല്ല മര്യ്യാദയും ഗവർമ്മേണ്ടു ചെയ്യുന്നതായാൽ അതു ഭരണകർത്താക്കന്മാർ മനക്കരുത്തില്ലായ്കകൊണ്ടും ബഹുജനങ്ങളുടെ [illegible] ള്ള ഭയംകൊണ്ടും ചെയ്യുന്നത [illegible] ത്തും. അതുകൊണ്ടു സാം[illegible] ന്നവരേ ആ രോഗ

ങ്ങൾ അധികമായി ബാധിക്കുന്നതുപോലെ ഭരണകൎത്താക്കന്മാൎക്കു ജനങ്ങളുടെ വിരോധത്തെക്കുറിച്ചു ഭയമുണ്ടെന്നു ധാരണയെന്നാൽ അതു തൃപ്തികേടും ക്ഷോഭാദ്യം പൂൎവ്വാധികം വൎദ്ധിക്കയല്ലാതെ ഒട്ടും ശമിക്കുന്നതല്ല. ഇപ്രകാരമുള്ള ബഹുജനവിരോധം ആരംഭത്തിൽ രാജ്യത്തിലെ പ്രധാന ഉദ്യോഗസ്ഥന്മാരുടെയോ മന്ത്രിമാരുടെയോ നേരെ അല്ലാതെ രാജാവിന്റെ നേരെ ആയിരിക്കുകയില്ല. എങ്കിലും ഒരു പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻ ബഹുജനവിരോധമുണ്ടാകുവാൻ തക്കതായി യാതൊന്നും ചെയ്യാതെയിരുന്നിട്ടും അയാളുടെ നേരെ ദുസ്സഹമായ ബഹുജനവിരോധം ഉള്ളതായിട്ടോ, അഥവാ ബഹുജനവിരോധം ഏതെങ്കിലും ഒരു പ്രധാനപ്പെട്ട ഉദ്യോഗസ്ഥനോടു മാത്രമല്ല, പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരായ എല്ലാവരോടും പൊതുവെ ഉള്ളതായിട്ടോ കാണപ്പെട്ടാൽ ആ വിരോധത്തിന്റെ വാസ്തവസ്ഥിതി അറിഞ്ഞുവരുമ്പോൾ അതു രാജാവിന്റെ നേരെ ആയിരിക്കുന്നതായി കാണപ്പെടുമെന്നുള്ളതു് ഒരിക്കലും തെറ്റായിത്തീരാത്തതായ ഒരു പരമാൎത്ഥമാണ്. സാധാരണജനങ്ങൾ തമ്മിലുള്ള അസൂയയിൽ നിന്നു വ്യത്യാസപ്പെട്ടിരിക്കുന്നതായി ഭരണകൎത്താക്കന്മാരോടു ബഹുജനങ്ങൾക്കുള്ള തൃപ്തികേടിനെ, അല്ലെങ്കിൽ വിരോധത്തെക്കുറിച്ചു് ഇതിലധികമായി ഇവിടെ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല.

ഇനി പൊതുവെ സംബന്ധിക്കുന്നവയായ ചില സംഗതികളെക്കൂടിപ്പറഞ്ഞിട്ടു് ഈ പ്രസംഗത്തെ സമാപിപ്പിച്ചേയ്ക്കാം. മനുഷ്യരുടെ മനോവികാരങ്ങളിൽവെച്ചു ശക്തിയുള്ളതു് അസൂയയാണ്. എന്തെന്നാൽ മറ്റുള്ള വികാരങ്ങൾ ഉണ്ടാകുവാനുള്ള കാരണങ്ങൾ ഇടവിട്ടിടവിട്ടേ ഉണ്ടാകുന്നുള്ളു. നേരെമറിച്ചു് അസൂയയെ ജനിപ്പിക്കുന്നവയായ സംഗതികൾ എപ്പോഴും എവിടെയും ഉണ്ടായിക്കൊണ്ടിരിക്കും. "അസൂയയ്ക്കു വിശ്രമമോ [illegible]" [illegible]ന്നുള്ള പഴഞ്ചൊല്ലു് ഈ തത്വത്ത[illegible].

സ്നേഹവും അസൂയയും.

ണിക്കുന്നതുകൊണ്ടു് ആകപ്പാടെ വളരെക്കുഴങ്ങുന്നുണ്ടു്. എന്തെന്നാൽ ഈ വികാരങ്ങൾ സദാപി ഏററവും ശക്തിയോടു കൂടി ഹൃദയത്തിൽ വ്യാപരിച്ചുകൊണ്ടിരിക്കും. മററുള്ള വികാരങ്ങൾ ചില പ്രത്യേകസന്ദർഭങ്ങളിലും പ്രത്യേക കാരണങ്ങൾകൊണ്ടും മാത്രം ഉണ്ടാകുന്നവയാണെന്നു പറഞ്ഞിട്ടുണ്ടല്ലൊ. അതിനാൽ അസൂയ മററുള്ള സകല വികാരങ്ങളിലുംവെച്ചു ത്യാജ്യവും ഹീനവുമായിട്ടുള്ളതാണു്. അതുകൊണ്ടു്, അസൂയയെന്നുള്ളതു പിശാചിനുള്ള ഒരു പ്രത്യേകസ്വഭാവമാണെന്നു സങ്കല്പിക്കപ്പെട്ടിരിക്കുന്നു. "നല്ല വിത്തുകൾക്കിടയിൽ കളകളുടെ വിത്തുകളെ രാത്രിയിൽ ആരുമറിയാതെ വിതയ്ക്കുന്ന അസൂയാകുലൻ" എന്നാണല്ലൊ പിശാചിനേക്കുറിച്ചു പറയപ്പെട്ടിരിക്കുന്നതു്. എന്തെന്നാൽ, അസൂയ ഏററവും ഗൂഢമായിട്ടും ഏവക്കും അപ്രത്യക്ഷമായുമാണു് ലോകത്തിൽ പ്രചരിക്കുന്നതു്. നല്ല വിത്തുകളോടു് ഉപമിക്കപ്പെടാവുന്ന മംഗളകാര്യങ്ങളെ നശിപ്പിക്കുന്നതിനാണു് അസൂയക്കാരൻെറ സർവ്വപ്രധാനമായ പരിശ്രമം എന്നുള്ളതും ഓർക്കേണ്ടതാണു്.

## അനുരാഗം.

അനുരാഗത്തെ നാടകകഥകളോടു സംബന്ധിപ്പിക്കുന്നതുകൊണ്ടു നാടകങ്ങൾ അഭിനയിക്കുമ്പോൾ സദസ്യന്മാക്കു രസം വദ്ധിക്കുന്നു. അതിനാൽ അനുരാഗം എന്നുള്ള മനോവികാരംകൊണ്ടു വാസ്തവത്തിൽ പ്രയോജനമുണ്ടാകുന്നതു നാടകാഭിനയക്കാക്കാണെന്നു തന്നെ പറയാം. അനുരാഗം പ്രായേണ മനുഷ്യായുസ്സിനു ദോഷകരമായിട്ടാണു് കണ്ടുവരുന്നതു്. അനുരാഗം ഒരു മോഹിനിയെപ്പോലെ മനുഷ്യരെ ആകർഷിക്കുകയും അവസാനത്തിൽ അവക്കു നാശത്തെ വരു[illegible]. ചിലപ്പോൾ അതു് ഒരു ഭയ[illegible]ക്കു ഭ്രാന്തു പിടിപ്പിക്ക[illegible] ചെയ്യുയോ ഭ്രാന്തുപിടി

പ്പിക്കുകയോ ചെയ്യുന്നതക്കവണ്ണം അത്രമേൽ അതിരുവിട്ടു അനുരാഗത്തിന്റെ വലയിൽ അകപ്പെട്ടിട്ടുള്ളവരായി ചരിത്രപ്രസിദ്ധന്മാരായ പ്രാചീനമഹാന്മാരിലും അർവാചീനമഹാന്മാരിലും ആരും ഉണ്ടായിരുന്നതായിട്ടറിഞ്ഞിട്ടില്ല. ഈശ്വരസ്വഭാവന്മാരും മഹത്തരങ്ങളായ വിഷയങ്ങളിൽ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നവരുമായ മഹാന്മാർ തേജോഹാനികരവും നിഷ്‌പൌരുഷപ്രദവുമായ ഈ വികാരത്തിനു കീഴ്‌പ്പെട്ടുകയില്ലെന്നുള്ളതിന് ഇതിനെക്കാൾ നല്ല തെളിവിനാവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ റോമ്മാചരിത്രത്തിൽ പ്രസിദ്ധന്മാരായ മാൎക്ക് അന്തോണി, അപ്പിയസ് ക്ലാഡിയസ് എന്നിവരുടെ ചരിത്രം ഇതിനു' ഒരു വ്യത്യസ്തമാകുന്നു. സൂക്ഷിച്ചിരിക്കാതെയിരുന്നാൽ യോഗ്യന്മാരേയും ചിലപ്പോൾ കുഴക്കാനുള്ള ശക്തി അനുരാഗത്തിനുണ്ടെന്നുള്ള ഒരു പാഠം ഇതിൽ നിന്നു നമുക്കു ഗ്രഹിക്കാം. 'അന്യോന്യം നോക്കിക്കണ്ടു രസിക്കാൻ രണ്ടാളുകൾ ഉണ്ടെങ്കിൽ അവൎക്കു മററാരെയും കണ്ടിട്ടാവശ്യമില്ല' എന്ന് എപ്പിക്‌റെറിറസ് എന്ന തത്വജ്ഞാനി പറഞ്ഞിരിക്കുന്നു. ഇതിനെക്കുറിച്ചു വല്ലതും പറയുന്നതായാൽ ഇതൊരു കഥയില്ലാത്ത അഭിപ്രായമെന്നേ പറയാൻ പാടുള്ളൂ. സ്വൎഗ്ഗത്തേയും വിശിഷ്ടതരങ്ങളായ മറെറല്ലാ വസ്തുക്കളേയും കുറിച്ചു ധ്യാനിക്കാനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഒരു മനുഷ്യൻ അവനെപ്പോലെയുള്ള മറെറാരാളുടെ ആകൃതി കണ്ടു ഭ്രമിച്ച് അതു തന്നെ സദാപി കണ്ടുകൊണ്ടിരിക്കാനല്ലാതെ മററൊന്നിനും ആഗ്രഹമില്ലാത്തവനായിത്തീരുന്നതു' എത്രയോ ശോചനീയയായ ഒരവസ്ഥയാണ്. മൃഗങ്ങൾക്കു ഭക്ഷണപദാൎത്ഥത്തെക്കുറിച്ചല്ലാതെ മറെറാന്നിനേയും കുറിച്ചു വിചാരിക്കാൻ ശക്തിയില്ല. ഉൽകൃഷ്ടതരങ്ങളായ അനേകതരമാവശ്യങ്ങൾക്കായി നമുക്ക് ഈശ്വരനാൽ നൽകപ്പെട്ടിട്ടുള്ള കണ്ണുകളെക്കൊണ്ട് ഒരു സ്ത്രീയുടെ സൌന്ദൎയ്യത്തെ നോക്കിക്കൊണ്ടിരിക്കാനല്ലാതെ മറെറാന്നും ചെയ്യാൻ കഴിയാതെ [illegible]ത്തക്കവണ്ണം അത്രത്തോളം അനുരാഗഭ്രാന്തന്മാരായി[illegible]ട്ടുള്ള മനുഷ്യരെ മൃഗങ്ങളോടു തുല്യന്മാരായി ഗണിക്കാവുന്നതാണ്.

അനുരാഗത്തെക്കുറിച്ചു പറയുകയൊ എഴുതുകയൊ ചെയ്യുമ്പൊഴെല്ലാം പതിവായി അതിശയോക്തി പ്രയോഗിക്കുന്നതിൽ ഒരനൌചിത്യവുമുള്ളതായി ആരും ഗണിച്ചുവരുന്നില്ല. അനുരാഗം എന്നതു് അതിരെല്ലാം അതിക്രമിച്ചിട്ടുള്ള ഒരു വികാരമാണെന്നുള്ളതിന് ഈ അതിശയോക്തിപ്രയോഗവും ഒരു നല്ല ദൃഷ്ടാന്തമാകുന്നു.

സീമാതിക്രമണം അനുരാഗികളുടെ സംഭാഷണത്തിൽ മാത്രമല്ല അവരുടെ വിചാരത്തിൽക്കൂടിയുമുണ്ടാകുന്നു. എന്തെന്നാൽ ഓരോ മനുഷ്യനും തങ്ങളെക്കുറിച്ചു തങ്ങൾക്കു തന്നെയുള്ള മതിപ്പു പ്രായേണ ക്രമത്തിൽ വളരെയധികം കൂടുതലായിരിക്കുന്നതാണ്. നമ്മിൽ നിന്ന് ഓരോ കാര്യങ്ങൾ സാധിക്കുന്നതിനായി നമ്മെ മുഖസ്തുതി ചെയ്യുന്നവർ അനാവശ്യമായും അവാസ്തവമായും അതിരു കടന്നുമായിരിക്കും നമ്മുടെ യോഗ്യതകളെ പ്രശംസിക്കുന്നതു്. എങ്കിലും ആ വക പ്രശംസകളൊന്നും നമുക്കു തന്നെ നമ്മെക്കുറിച്ചുള്ള മതിപ്പിനോളം അതിരു കടന്നു വരുന്നവയായിരിക്കുകയില്ല. എന്നാൽ അനുരക്തനായ ഒരു പുരുഷന്റെ മുഖസ്തുതി ഇതിലൊക്കയിലുമധികം അതിരുകടന്നതായിരിക്കും. എന്തെന്നാൽ അനുരാഗമഗ്നനായ ഒരു പുരുഷൻ അവന്റെ പ്രേമഭാജനമായ ഒരു സ്ത്രീയിൽ ഉണ്ടെന്നു വിചാരിക്കുന്നിടത്തോളം വിശേഷഗുണങ്ങൾ തന്നിൽത്തന്നെ ഉണ്ടെന്നു അവൻ ഏറ്റവും അഹംഭാവിയായിരുന്നാൽ കൂടിയും വിചാരിക്കുന്നില്ല. അതുകൊണ്ടു് 'അനുരാഗവും വിവേകവും കൂടി ഒരുമിച്ചു് ഒരിക്കലും ഒരു മനുഷ്യനിൽ സ്ഥിതി ചെയ്യുന്നതല്ല'' എന്നുള്ള ആപ്തവാക്യം ഏറ്റവും പരമാർത്ഥമായിട്ടുള്ളതാകുന്നു. കാമോന്മാദമഗ്നനായ ഒരു പുരുഷനു തന്റെ പ്രേമഭാജനമായ സ്ത്രീയെക്കുറിച്ചുള്ള മതിപ്പു സീമാതീതമായിരിക്കുമെന്ന വാസ്തവം അന്യന്മാർക്കു മാത്രമല്ല ആ സ്ത്രീപുരുഷന്മാർ പോലെ അന്യോന്യം അനുരാഗത്തിനു വശംവദന്മാ[illegible]തയിരുന്നാൽ ആ സ്ത്രീക്കു തന്നെ മറ്റുള്ളവരെക്കാൾ തെളിവായി മനസ്സിലാകുന്നതാണ്. എന്തെന്നാൽ

അനുരാഗത്തിനു സിദ്ധിക്കുന്ന പ്രതിഫലം ഒന്നുകിൽ തുല്യാനുരാഗം അല്ലെങ്കിൽ തന്നിൽ വിരാഗിയായ ജനത്തിന്റെ മനോനിന്ദ ഇവ രണ്ടിലൊന്നാണെന്നുള്ളതു് ഒരിക്കലും തെറ്റിപ്പോകാത്തതായ ഒരു വാസ്തവമാകുന്നു. അതുകൊണ്ടു് അനുരാഗത്തിനു വശംവദനാകുന്ന പുരുഷൻ മുമ്പു കൂടി ആലോചിച്ചു പ്രവർത്തിക്കേണ്ടുന്നതിനുള്ള ചുമതലയുള്ളവനാണു്. എന്തെന്നാൽ അനുരാഗം കൊണ്ടു വേറെ പല അനർത്ഥങ്ങൾ വരുന്നതു കൂടാതെ താൻ ആരിൽ അനുരക്തനായി ഭവിക്കുന്നുവോ ആ ആൾക്കു തന്നെക്കുറിച്ചുള്ള അനുരാഗം നശിച്ചുപോകുന്നതിനും ഇടവന്നേക്കാവുന്നതാണു്. മറ്റനർത്ഥങ്ങൾ എന്തെല്ലാമാണെന്നുള്ളതു പല കവികളും സവിസ്തരം പ്രസ്താവിച്ചിട്ടുള്ളതാകുന്നു.

"അത്യാവേശമൊടംഗനാസു നില വി-
ട്ടോട്ടേറെ വാവാടിനാൽ –
ദുഃഖാപത്തതിൽ മാനഹാനി, മുതലിൽ-
ദുഃഖിന്നു മോക്ഷാരതി,
ഉത്താപം, കുലഹാനി, ബന്ധുവിരഹം,
താപം, തപോനാശനം,
സത്യോല്ലംഘന, മർത്ഥഹാനി, മരണം
പത്തമതെൻതോഴരേ."

സൌന്ദര്യവതിയായ ഒരു സ്ത്രീയെ ലഭിക്കുന്നതിനായി ധനം, ശക്തി, കീർത്തി, പരാക്രമം, ജ്ഞാനം എന്നിവയെല്ലാം ഉപേക്ഷിച്ച പാറിസ് എന്ന ആളുടെ കഥയിൽ നിന്നു് ഈ സംഗതി നമുക്കു നല്ലപോലെ ഗ്രഹിക്കാവുന്നതാണു്. സൂക്ഷ്മസ്ഥിതി ആലോചിച്ചു നോക്കിയാൽ നമ്മുടെ ഐശ്വര്യം പരമകാഷ്ഠയെ പ്രാപിച്ചിരിക്കുമ്പോഴും അതു തീരെ ക്ഷയിച്ചിരിക്കുമ്പോഴും നാം ഏറ്റവും ബലഹീനന്മാരായിരിക്കും. ഇങ്ങനെ നമ്മുടെ ബലഹീനത വർദ്ധിച്ചിരിക്കുന്ന അവസരങ്ങളിലാണു് അനുരാഗം നമ്മിൽ അങ്കുരിച്ചു വർദ്ധിക്കുകയും സീമാലംഘനം ചെയ്കയും ചെയ്യുന്നതു്. ഐശ്വര്യം ക്ഷയിച്ചു നാം ആപത്തിൽ അകപ്പെട്ടിരിക്കുമ്പോ

ഴം അനുരാഗം വർദ്ധിക്കുമെന്നുള്ള വാസ്തവം സാധാരണമായി അധികമാളുകൾ മനസ്സിലാക്കീട്ടുണ്ടെന്നു തോന്നുന്നില്ല. ഐശ്വര്യവും ആപത്തും ഒന്നുപോലെ അനുരാഗത്തെ വർദ്ധിപ്പിക്കുന്നു എന്നുള്ളതു തന്നെ അനുരാഗം വിവേകത്തിൽ നിന്നുത്ഭവിക്കുന്നതല്ലെന്നുള്ളതിനു മറ്റൊരു ദൃഷ്ടാന്തമാണ്.

അനുരാഗത്തെ നിശ്ശേഷമായി പരിത്യജിക്കാൻ പാടില്ലാതെ വന്നാൽ അതു സീമാലംഘനം ചെയ്യാതെയും ആയുഷ്കാലത്തിലുള്ള ഗൌരവാവഹങ്ങളായ ഇതരകാര്യങ്ങളുമായി അതിനു യാതൊരു സംബന്ധത്തിനും ഇടകൊടുക്കാതെയും സൂക്ഷിക്കുന്നവർക്കു വലിയ വിപത്തൊന്നും സംഭവിക്കാതെ ഒരു വിധം രക്ഷപ്പെടാം. എന്തെന്നാൽ സാരവത്തരങ്ങളായ കാര്യങ്ങൾക്ക് അനുരാഗം നിമിത്തം എന്തെങ്കിലും പ്രതിബന്ധം നേരിടുന്നതിന് എപ്പോഴെങ്കിലും ഒരിക്കൽ ഇടവരുത്തിയാൽ അത് അങ്ങനെ ചെയ്യുന്ന ആളുടെ ഐശ്വര്യത്തിന് ഒരു തടസ്സമായിത്തീരുമെന്നു മാത്രമല്ല നിശ്ചിതകാര്യങ്ങളെ ഉദ്ദേശാനുസരണം നിറവേറുന്നതിനു മേലാൽ ആ ആൾ അശക്തനായിത്തീരുകയും ചെയ്യുന്നു.

പട്ടാളക്കാർ മദ്യപാനത്തിലെന്നതുപോലെ അനുരാഗത്തിലും മറ്റുള്ളവരെക്കാൾ മുൻപിട്ടു നിൽക്കുന്നവരായിട്ടാണ് കാണപ്പെടുന്നത്. യുദ്ധത്തിൽ ഇവർ മറ്റുള്ളവരെക്കാൾ കഷ്ടതകളും ആപത്തുകളും അനുഭവിക്കേണ്ടുന്നവരായതുകൊണ്ടു യുദ്ധമില്ലാത്തപ്പോൾ മറ്റുള്ളവരെക്കാൾ സുഖമനുഭവിക്കുന്നതിനും ഇവർ അർഹന്മാരാണെന്നായിരിക്കും ഇവരുടെ വിചാരം.

അന്യന്മാരെ സ്നേഹിക്കുകയെന്നുള്ളതു മനുഷ്യസ്വഭാവത്തിൽ അന്തർഭവിച്ചിരിക്കുന്ന ഒരു ശീലമാകുന്നു. എന്നാൽ ഈ സ്നേഹം ഒരാളുടെയോ ചുരുക്കം ചിലരുടെയോ മേൽ മാത്രമായി ചെലവാക്കാതെയിരുന്നാൽ അതു പലരുടെ മേലും വ്യാപരിക്കുകയും എല്ലാവരിലുമുള്ള ദയയും പരോപകാരതൽപരതയുമായി പരിണമിക്കുകയും ചെയ്യുന്നതാണ്.

ചില സന്യാസികൾ ഇതിന്ന നല്ല ദൃഷ്ടാന്തമാകുന്നു. ഭാൎയ്യാഭൎത്താക്കന്മാർ തമ്മിലുള്ള അനുരാഗത്തിൽ നിന്നാണ് മനുഷ്യരുടെ ഉൽപാദനം എന്നും സ്നേഹിതന്മാർ തമ്മിലുള്ള സ്നേഹം മനുഷ്യസ്വഭാവത്തിന്ന പൎയ്യാപ്തിയായ പക്വത വരുത്തുന്നു എന്നും അക്രമമായ അനുരാഗം മനുഷ്യസ്വഭാവത്തെ നിശ്ശേഷം വഷളാക്കുകയും അധോഗതിയേയും അപകൃഷ്ടസ്ഥിതിയേയും പ്രാപിപ്പിക്കുകയും ചെയ്യുന്നു എന്നും ഇതിനെക്കുറിച്ച് ആകപ്പാടെ പറഞ്ഞുകൊണ്ട് ഈ പ്രസംഗത്തെ ഇവിടെ സമാപിപ്പിക്കുന്നു.

## കുലീനന്മാർ, അല്ലെങ്കിൽ ഇടപ്രഭുക്കന്മാർ.

രാജാക്കന്മാരാൽ ഭരിക്കപ്പെടുന്ന രാജ്യങ്ങളിൽ ഇടപ്രഭുക്കന്മാർ എന്നൊരു വകക്കാരില്ലെങ്കിൽ രാജാക്കന്മാരുടെ അധികാരബലം അതിരുകവിഞ്ഞു പോവുകയും ഉപദ്രവകരമായിത്തീരുകയും ചെയ്യുന്നതാകുന്നു. ടൎക്കിരാജ്യത്തെസ്ഥിതി ഇതിനൊരു നല്ല ദൃഷ്ടാന്തമാണ്. പ്രജകളായ സാധാരണജനങ്ങൾക്കു രാജാവിനോടു മത്സരിക്കാൻ തക്കതായ ധൈൎയ്യവും ശക്തിയും ഉണ്ടായിരിക്കുകയില്ല. അതുകൊണ്ടു രാജാവിന്റെയും പ്രജകളുടേയും മദ്ധ്യേ ഇടപ്രഭുക്കന്മാരെന്നൊരു വൎഗ്ഗക്കാരുണ്ടായിരിക്കേണ്ടതു് അത്യാവശ്യകമാണ്. ഇടപ്രഭുക്കന്മാർ രാജാക്കന്മാരുടെ അധികാരത്തേയും പ്രാധാന്യത്തേയും നിലക്കു നിറുത്തുകയും ജനസാമാന്യത്തിന്റെ ദൃഷ്ടിയേ രാജകുടുംബത്തിന്മേൽ നിന്നു തങ്ങളിലേക്കു തന്നെ ഒട്ടെല്ലാം ആകൎഷിക്കുകയും ചെയ്യുന്നു. ജനസമുദായരാജ്യഭാരം നടപ്പുള്ള രാജ്യങ്ങളിൽ ഇടപ്രഭുക്കന്മാരെക്കൊണ്ടു വലിയ ആവശ്യമൊന്നുമില്ല. ഇങ്ങനെയുള്ള രാജ്യങ്ങളിൽ പ്രഭുക്കന്മാരില്ലാതെയിരുന്നാൽ ഗവൎമ്മേണ്ടിന്നു വിരോധമായുള്ള കൂട്ടുകെട്ടുകൾ കുറഞ്ഞിരിക്കുമെന്നുതന്നെയുമല്ല, ജനാധിപത്യമുള്ള സ്ഥലത്തു രാജ്യകാൎയ്യങ്ങൾ നടത്തുന്നതു് ഇന്ന

വിധം വേണമെന്നുള്ളതിനെക്കുറിച്ചല്ലാതെ അവ നടത്തുന്നവർ ഇന്നസ്ഥിതിയിലുള്ളവരായിരിക്കണമെന്നുള്ളതിനെക്കുറിച്ചു ജനങ്ങൾ അത്ര ശ്രദ്ധിക്കുകയുമില്ല. ഭരണകർത്താക്കന്മാർ ജനങ്ങളുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നതായിരുന്നാൽത്തന്നെയും അതു് അവരുടെ കുലീനതയോ പാരമ്പര്യമോ കൊണ്ടായിരിക്കുകയില്ല. അവർ ചെയ്യുന്ന ജോലിയുടെ മാഹാത്മ്യം കൊണ്ടോ അഥവാ ആ ജോലിക്കു് അവർക്കുള്ള യോഗ്യതകൊണ്ടോ മാത്രമായിരിക്കും. യൂറോപ്പിലെ സ്വിറ്റ്സർലൻഡിൽ പ്രഭുക്കന്മാരില്ല. എങ്കിലും അവിടെയുള്ള പല ജാതിക്കാരും പല സ്ഥലങ്ങളിൽ നിവസിക്കുന്നവരുമായ സകല ജനങ്ങളും രഞ്ജിപ്പോടു കൂടി താമസിച്ചുവരുന്നു. ആ രാജ്യക്കാരുടെയിടയിൽ രാജശക്തിക്കു പകരം രാജ്യത്തിന്റെ ക്ഷേമാഭിവൃദ്ധികരങ്ങളായ കാര്യങ്ങളിൽ എല്ലാവർക്കും ഒന്നുപോലെയുള്ള താൽപര്യമൊന്നുതന്നെയാണു് അവിടെയുള്ള എല്ലാവരേയും പരസ്പരം യോജിപ്പിക്കുന്നതായ ശക്തി. നെഥർലൻഡ്സ് എന്ന യൂറോപ്യൻരാജ്യത്തിലും രാജ്യഭാരം സംബന്ധിച്ച കാര്യങ്ങളിൽ എല്ലാവരും സമന്മാരായതുകൊണ്ടു മുഖം നോക്കാതെ ഓരോ കാര്യങ്ങളെക്കുറിച്ചു തുറന്നു പറയുകയും ആലോചിക്കുകയും വാദപ്രതിവാദങ്ങൾ നടത്തുകയും ചെയ്യുന്നു. അതിനാൽ സന്തോഷം എല്ലാവരും നികുതി കൊടുക്കുകയും രാജ്യഭരണസമ്പ്രദായം മററുള്ള സകല രാജ്യങ്ങളിലും കണ്ടുവരുന്നതിനേക്കാൾ ഉത്തമരീതിയിൽ ഇരിക്കുകയും ചെയ്യുന്നു.

ശക്തന്മാരും തേജസ്വലന്മാരുമായ പ്രഭുക്കന്മാർ രാജാവിന്റെ അധികാരം സീമാതിക്രമണം ചെയ്വാൻ സമ്മതിക്കാത്തവരാണെങ്കിലും രാജാവിന്റെ പ്രാഭവം വദ്ധിക്കുന്നതിനു് ഇവരുടെ സാന്നിദ്ധ്യം ഉപയോഗപ്പെടുന്നതാണു്. പ്രഭുക്കന്മാർ നിമിത്തം സാധാരണ ജനങ്ങൾക്കു പലവിധം ഭാരങ്ങൾ വഹിക്കേണ്ടതായി വരുന്നതാണെങ്കിലും അവരുടെ (പ്രഭുക്കന്മാരുടെ) ആഡംബരങ്ങളും മററും ഇവർക്കും ഉത്സാഹജനകങ്ങൾതന്നെയായിരിക്കും. രാജാവിനേയും രാജ്യത്തെ നിയമങ്ങളേയും ധിക്കരിക്കാൻ തക്കവിധത്തിൽ പ്രഭു

ക്കന്മാരും അതിരു കവിഞ്ഞ അധികാരമുള്ളവരായിരിക്കരുതാത്തതാകുന്നു. എങ്കിലും പ്രജകൾ രാജാവിനോട് എന്തെങ്കിലും ധിക്കാരം കാണിക്കുന്നതായിരുന്നാൽ അതിനെതിർത്തു രാജാവിന്റെ സ്ഥാനമാനങ്ങൾക്കു യാതൊരു കളങ്കവും സംഭവിക്കാതെ രക്ഷിക്കുന്നതിനു വേണ്ടുന്ന പ്രാബല്യം രാജ്യത്തിലെ പ്രഭുക്കന്മാർക്കു് അവശ്യം ഉണ്ടായിരിക്കേണ്ടതുമാണു്. പ്രഭുക്കന്മാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതും ഗുണകരമായിട്ടുള്ളതല്ല പ്രഭുക്കന്മാർ അധികമായാൽ പലവിധത്തിൽ രാജ്യത്തിലെ ചിലവു വർദ്ധിക്കാനിടയാകുന്നതാണു്. എന്നു മാത്രവുമല്ല, പ്രഭുകുടുംബങ്ങളിൽ പലതും കാലക്രമേണ അവരുടെ സ്ഥിതിക്കു യാതൊരു ആനുരൂപ്യവുമില്ലാത്തവിധത്തിൽ ദാരിദ്ര്യാവസ്ഥയെ പ്രാപിക്കാനാണെളുപ്പം. അങ്ങനെ വരുന്നതും അത്ര സുഖകരമായിരിക്കുന്നതല്ലല്ലൊ. വളരെപ്പഴക്കമുള്ളതായ ഒരു കോട്ടയോ കൊട്ടാരമോ കാട്ടിലുള്ള ഒരു വിശേഷവൃക്ഷമോ യാതൊരു കേടും ന്യൂനതയും കൂടാതെ നില്ക്കുന്നതായി കാണുമ്പോൾ അവയെക്കുറിച്ചു നമ്മുടെ മനസ്സിൽ ഒരുവക ബഹുമാനമോ ഭക്തിയോ ഒക്കെ സ്വാഭാവികമായിട്ടുണ്ടാകുന്നു. ഈ സ്ഥിതിക്കു് അനേകം ശതാബ്ദങ്ങളായിട്ടുണ്ടായിട്ടുള്ള പലതരം ആപത്തുകളെ എല്ലാം അതിക്രമിച്ചു യാതൊരു ഹാനിയും ക്ഷീണവും കൂടാതെ നിലനിന്നുവരുന്ന ഒരു ശ്രേഷ്ഠകുടുംബത്തെക്കുറിച്ചു് എത്രയോ അധികമായ ബഹുമാനം പ്രകൃത്യാ ഉണ്ടായിരിക്കുന്നതാണല്ലൊ. പ്രഭുസ്ഥാനം പ്രഥമമായി ഒരാൾക്കു ലഭിക്കുന്നതു രാജാവിന്റെ സന്തോഷംകൊണ്ടാണു്. എന്നാൽ, പരമ്പരയാ അനേകകാലമായി ഒരു കുടുംബത്തിൽത്തന്നെ നിലനിന്നുപോരുന്ന പ്രഭുത്വം രാജാവിന്റെ ഔദാര്യംകൊണ്ടു മാത്രമുള്ളതാണെന്നു പറയാൻ പാടില്ല. ഇതുവരെ കാലം തങ്ങളുടെ ഈ സ്ഥാനത്തിനു യാതൊരു ഹാനിയും ഭവിക്കാതെ സൂക്ഷിച്ചു രക്ഷിച്ചുപോരുന്നതിനു് ആ കുടുംബക്കാർക്കുണ്ടായ ശക്തിയെക്കുറിച്ചു കൂടി ഇവിടെ ഓർക്കേണ്ടതാണു്.

ആദ്യമായി ഒരു പ്രഭുത്വത്തെ സമ്പാദിച്ചയാൾ അയാളു ടെ പിൻഗാമികളേക്കാൾ ശക്തനായി ഇരുന്നിരിക്കണം. എന്നാലും ഈ പ്രഭുത്വത്തെ പ്രാപിക്കത്തക്ക നിലയിൽ എത്തു ന്നതിന്നായി അയാൾ പലതരം അനീതികളും അക്രമങ്ങളും പ്രവൎത്തിച്ചിട്ടുണ്ടായിരിക്കുമെന്നുള്ളതു സ്വല്പം പോലും അ സംഭാവ്യമല്ല. എന്തെന്നാൽ, നീതിയും അനീതിയും കൂടിക്ക ലൎന്നവയായ പലതരം സ്വഭാവങ്ങളും ശക്തികളും ഇല്ലാ തെ വലിയ ഉന്നതിയേ പ്രാപിക്കുന്നവർ വളരെച്ചുരുക്കമാ ണ്. എന്നിരുന്നാലും അവരുടെ കാലാനന്തരം അവരുടെ ഗു ണങ്ങളേ അല്ലാതെ ദോഷങ്ങളേ അവരുടെ സന്തതികൾ ഓൎമ്മയിൽ വെച്ചുകൊണ്ടിരിക്കാനിടയില്ല.

ശ്രേഷ്ഠകുടുംബജാതന്മാർ സ്വല്പമെല്ലാം അസൂയയുള്ളവ രായിരിക്കും. എന്തെന്നാൽ, കുലീനന്മാരായിട്ടുള്ളവർ പ്രാ യേണ പരിശ്രമശീലമോ ഉത്സാഹശീലമോ ഉള്ളവരാ യിരിക്കുകയില്ല. പരിശ്രമശീലന്മാരോട് ആ ശീലമില്ലാ ത്തവൎക്കു പ്രകൃത്യാ അസൂയ ഉണ്ടായിപ്പോകുന്നതാണ്. എന്നു മാത്രമല്ല, പ്രഭുത്വം ലഭിച്ചിട്ടുള്ളവൎക്ക് ആ നിലയിൽ നിന്ന് അധികമായി ഉയരാൻ മാൎഗ്ഗമില്ല. അതുകൊണ്ട് അങ്ങനെ യുള്ളവർ അഭിവൃദ്ധി കൂടാതെ പൂൎവ്വസ്ഥിതിയിൽത്തന്നെ ഇ രിക്കുമ്പോൾ അന്യന്മാർ ഉന്നതിയേ പ്രാപിച്ചുവരുന്നതു ക ണ്ടാൽ അവൎക്ക് അസൂയയുണ്ടായിപ്പോകുന്നതു് അസാധാരണ മല്ല. പ്രത്യുത കുലീനന്മാരോട് അന്യന്മാൎക്കുള്ള അസൂയ വ ളരെ കുറഞ്ഞിരിക്കും. എന്തെന്നാൽ, അവൎക്കു (കുലീനന്മാൎക്കു) ധാരാളം പദവികൾ മുൻപിനാലേ ഉള്ളതായതുകൊണ്ട് പുതിയതായി അസൂയയ്ക്കു കാരണമില്ലല്ലൊ. അതുകൊണ്ട് ഉ ൽകൃഷ്ടകുടുംബക്കാരിൽത്തന്നെ കാൎയ്യശേഷിയുള്ളവരെത്തി രഞ്ഞെടുത്തു രാജ്യം ഭരിക്കുന്നതിനായി രാജാവു നിയമിക്കു ന്നതായിരുന്നാൽ രാജ്യകാൎയ്യങ്ങൾ ഭംഗിയായി നടക്കുന്നതാ ണ്. എന്തെന്നാൽ, തങ്ങളേ ഭരിക്കാനുള്ള അവകാശവും അധികാരവും ഇവൎക്കു സ്വതേതന്നെ ഉണ്ടെന്നുള്ള ഒരു ബോ

ധം ഉള്ളതുകൊണ്ടു ജനങ്ങൾ വലിയ വൈമുഖ്യമൊന്നും കൂടാതെ ഈ പ്രുളക്കന്മാൎക്കു കീഴടങ്ങിക്കൊള്ളും.

## പരഗുണകാരിതാവും പരഗുണകാംക്ഷിതാവും.

"പരഗുണകാരിതാം" എന്ന പദത്തിനു സമസൃഷ്ടന്മാരുടെ ഗുണത്തെ വൎദ്ധിപ്പിക്കാനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ശീലമെന്നും "പരഗുണകാംക്ഷിതാം" എന്ന പദത്തിന് ഈ പരിശ്രമത്തിലേക്കുള്ള ആഗ്രഹത്തോടും മനോഗതിയോടും കൂടിയ സ്ഥിതിയെന്നുമാണ് ഇവിടെ അൎത്ഥം വിവക്ഷിച്ചിരിക്കുന്നത്. മനുഷ്യൎക്കുള്ള ശ്രേഷ്ഠതരങ്ങളായ സകല ഗുണങ്ങളിൽവെച്ചും ഉത്തമമായിട്ടുള്ളതു പരഗുണകാരിതാമാകുന്നു. പരഗുണകാരിതാംകൊണ്ടാണ് മനുഷ്യസ്വഭാവത്തിന് ഈശ്വരസ്വഭാവത്തോട് ഐകരൂപ്യം സിദ്ധിക്കുന്നത്. പരഗുണകാരിതാമില്ലാത്ത മനുഷ്യർ ഏററവും നികൃഷ്ടന്മാരും ക്രിമിപ്രായന്മാരുമായി ഗണിക്കപ്പെടുന്നതാകുന്നു. പരഗുണകാരിതാം ക്രിസ്തീയ വേദപുസ്തകത്തിൽ പറയപ്പെട്ടിട്ടുള്ള സ്നേഹത്തേപ്പോലെയാണ്. ഇവ രണ്ടും എത്രതന്നെ അധികമായിപ്പോയാലും അസ്ഥാനത്തു പ്രയോഗിക്കാതെയിരുന്നാൽ യാതൊരുവിധത്തിലുമുള്ള ദോഷഫലത്തെയും ചെയ്യുന്നതല്ല. അധികമായിപ്പോയാൽ ദോഷഫലത്തെ ചെയ്യുന്ന പല സംഗതികളുണ്ട്. അധികാരബലത്തിലുമുള്ള ആഗ്രഹാഭിവൃദ്ധികൊണ്ടു സ്വൎഗ്ഗദൂതന്മാരും അനാവശ്യകാൎയ്യങ്ങൾ അറിയണമെന്നുള്ള അത്യാഗ്രഹംകൊണ്ടു മനുഷ്യവൎഗ്ഗവും അധോഗതിയെ പ്രാപിച്ചതായി ക്രിസ്തീയവേദപുസ്തകങ്ങളിൽ പറഞ്ഞിട്ടുള്ളത് ഇതിനൊരു ദൃഷ്ടാന്തമാകുന്നു. എന്നാൽ, സ്നേഹം അധികമായിപ്പോയതുകൊണ്ടു യാതൊരു വൈഷമ്യവും വരാനില്ല.

പരഗുണകാരിതാം മനുഷ്യസ്വഭാവത്തിനു പ്രകൃതിസിദ്ധമായിട്ടുള്ള ഒരു ഗുണമാകുന്നു. ഈ ഗുണപ്രകാരം മനുഷ്യരോ

ട്ട പ്രവൎത്തിക്കാത്തവർ പക്ഷിമൃഗാദികളോടു വളരെ വാത്സല്യമുള്ളവരായിരിക്കുന്നതാണ്. ഏററവും ക്രൂരന്മാരായ ടർക്കികൾ ഇതിന്നൊരു നല്ല ദൃഷ്ടാന്തമാണ്. ഈറാക്കർ മൃഗങ്ങളോടു വളരെ ദയയുള്ളതായിട്ടു കാണപ്പെടുന്നു. പട്ടികൾ, പക്ഷികൾ മുതലായവയ്ക്കു ഭിക്ഷ കൊടുക്കകകൂടി ഇവരുടെയിടയിൽ നടപ്പുണ്ട്. ടർക്കിരാജ്യത്തിന്റെ തലസ്ഥാനമായ കൊൺസ്റ്റന്റിനോപ്പിളിൽ ഒരു ക്രിസ്ത്യാനി വളരെ നീണ്ട മൂണ്ടുകളോടു കൂടിയ ഒരു പക്ഷിയെ പിടിച്ചു വിനോദാത്ഥം അതിന്റെ മൂണ്ടുകൾ പിടിച്ചു വളരെ അകത്തി വയ്ക്കുയും, അവ തമ്മിൽ വീണ്ടും അടുക്കാതെ ഒരു കോൽ കുത്തിക്കേററി വയ്ക്കുയും ചെയ്തു കണ്ടിട്ട് അവിടെയുള്ള മഹമ്മദീയന്മാർ കല്ലെടുത്തെറിഞ്ഞ് ആ ക്രിസ്ത്യാനിയെ കൊല്ലാൻ ഭാവിച്ചു. എങ്കിലും അവൻ ഭാഗ്യവശാൽ ഒരുവിധം രക്ഷപ്പെട്ടു എന്നേ പറയാനുള്ളൂ.

പരഗുണകാരിത്വം അസ്ഥാനത്തായാൽ ദോഷം സംഭവിക്കുമെന്നുള്ളതിനു സംശയമില്ല. ഒരാൾക്കു സൽഗുണം അസാമാന്യമായിട്ടുണ്ടായിരുന്നാൽ അയാളെക്കൊണ്ട് ഒന്നിനും കൊള്ളുകയില്ല എന്നു ദുരാത്മതാസൂചകമായ ഒരു ദുർവ്വാദം ഇററലിക്കാരുടെ ഇടയിൽ ഉണ്ടാവുക പതിവാണ്. കഠിനഹൃദയന്മാരും മര്യാദയില്ലാത്തവരുമായവർ ഏതെല്ലാം വിധത്തിൽ ഉപദ്രവിച്ചാലും അതെല്ലാം ക്ഷമയോടുകൂടി സഹിക്കണമെന്ന് ഉപദേശിക്കുന്നതല്ലാതെ യാതൊരു പ്രതികാരവും ചെയ്യാൻ ക്രിസ്തുമതം വിധിച്ചിട്ടില്ലെന്നും അതു് അതിന്നൊരു വലിയ ന്യൂനതയായിട്ടും ഇററലിയിലെ ഒരു പ്രസിദ്ധഗ്രന്ഥകാരനായ മാക്കിയവലി സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. ഇങ്ങനെ പറയാൻ ഇയ്യാൾക്കു ലജ്ജയാകാതെപോയതിങ്കൽ വളരെ ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നു. പരഗുണകാരിത്വത്തെ ക്രിസ്ത്യാനിമതംപോലെ ഇത്രയും ഉൽകൃഷ്ടമായിഗണിച്ചിട്ടുള്ള മറെറാരു മതവും ഇല്ലാത്തതായിരിക്കാം അയാൾ ഇങ്ങനെ പറയുന്നതിനു വാസ്തവമായിട്ടുള്ള കാരണം. ക്രിസ്ത്യാനിമതത്തെക്കുറിച്ചുള്ള ഈ ദോഷാരോപണം

അസംബന്ധമാണെന്നു കാണിക്കാറാം നാം തന്നെ അസ്ഥാനത്തിൽ പരഗുണകാരിത്വത്തെ ഉപയോഗപ്പെടുത്തി അവലപ്പെടാതെയിരിക്കാറാമായിട്ട്, അത്യുന്നതം പ്രശംസ്യമായ ഈ ശ്രേഷ്ഠഗുണം ക്രമത്തിലധികമോ അസ്ഥാനത്തിലോ ആയിപ്പോകുന്നതു് എപ്പോഴെല്ലാമാണെന്നാലോചിക്കാം.

(൧). അന്യന്മാക്കു ഗുണം ചെയ്യാനായി അനുഗ്രഹിക്കുന്നതു ശ്ലാഘനീയമാണ്. എന്നാൽ, അവരുടെ മുഖത്തു സ്ഫുരിക്കുന്ന എല്ലാവിധം അനുഗ്രഹങ്ങളേയും ദുർമ്മോഹങ്ങളേയും നിറവേറ്റാനായി തുനിയുന്നതു ശുദ്ധഹൃദയന്മാക്കു പ്രകൃത്യാ വന്നുപോകുന്ന ഒരുവക തന്റേടമില്ലായ്മയുടെയും ഗൌരവക്കുറവിന്റെയും ലക്ഷണമാകുന്നു. (൨) ഒരു കോഴി ഒരു കുപ്പ മാന്തിച്ചിക്കി നിരത്തിയപ്പോൾ അമൂല്യമായ ഒരു രത്നം കണ്ടുകിട്ടിയതായും "ഇതു് ഒരു നെന്മണിയോ മറേറാ ആയിരുന്നെങ്കിൽ ഇതിനേക്കാൾ എത്രയൊ ഉപയുക്തമായിരുന്നേനെ" എന്നു് ആ കോഴി വിചാരിച്ചതായും ഒരു കഥയുണ്ടു്. *അതുപോലെ നമ്മുടെ ഉപകാരത്തിന്റെ വില അതിന്റെ സ്വീകത്താക്കളുടെ സ്വഭാവത്തെ അനുസരിച്ചിരിക്കുന്നതാണ്. അതുകൊണ്ടു നാം ആക്കു് ഉപകാരം ചെയ്യണമെന്നു വിചാരിക്കുന്നുവോ അവക്കു നാം എന്തു ചെയ്താലാണ് സ്വീകാൎയ്യങ്ങളായ ഉപകാരങ്ങളായിത്തീരുന്നതെന്നു നല്ലപോലെ ആലോചിച്ചു തീച്ചപ്പെടുത്തിയതിന്റെ ശേഷം മാത്രമെ ആക്കെങ്കിലും ഒരുപകാരം ചെയ്യാനായി നാം ഒരുങ്ങിപ്പുറപ്പെടാവൂ. ഈശ്വരന്റെ ഓരോ വ്യാപാരങ്ങളിൽ നിന്നു തന്നെ നമുക്കിതു സ്പഷ്ടമായി കാണാവുന്നതാണ്. നീതിതല്പരന്മാരായും അക്രമികളായും മറ്റും ലോകത്തിലുള്ള എല്ലാത്തരക്കാക്കും ഒന്നുപോലെ പ്രയോജനകരമായിത്തീരുവാൻ തക്കവണ്ണം ഈശ്വരൻ മഴ, സൂൎയ്യപ്രകാശം മുതലായവയെ നൽകുന്നു. എന്നാൽ, ഈശ്വരൻ ലോകത്തിൽ എല്ലാവരേയും ഒന്നുപോലെ സമ്പന്നന്മാരൊ ബുദ്ധിമാന്മാരൊ കീൎത്തിമാന്മാരൊ ആക്കിത്തീക്കുന്നുമില്ല. അപ്രകാരം തന്നെ നാം എല്ലാവക്കും പൊതുവേ ചേരുന്നവയായ ഉപകാരങ്ങളെ പക്ഷഭേ

ദം കൂടാതെ വെച്ചുകൊടുക്കുകയും പ്രത്യേകം ചില സ്വഭാവമോ സ്ഥിതിയോ ഉള്ളവൎക്കു മാത്രം തദനുരൂപങ്ങളായ ഉപകാരങ്ങളേക്കൂടി പ്രത്യേകമായിട്ടു വെച്ചുകൊടുക്കുകയും വേണ്ടതാണ്. (ന.) ക്രിസ്തീയവേദപുസ്തകത്തിൽ "നിന്നെപ്പോലെ തന്നെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കണം" എന്നു പറഞ്ഞിട്ടുള്ളതിന്റെ സാരം അന്യന്മാരോടുള്ള സ്നേഹം അവനവനേക്കുറിച്ചു് അവനവനുതന്നെയുള്ള സ്നേഹത്തിന്റെ (ആത്മസ്നേഹത്തിന്റെ) ഒരു പ്രതിഛായയായിരിക്കണം എന്നാകുന്നു. അതിനാൽ അവനവനു ദോഷം സംഭവിക്കത്തക്ക വിധത്തിൽ തന്നേത്താൻ മറന്ന് അവനവനേക്കാൾ കൂടുതലായി അന്യന്മാരെ സ്നേഹിക്കണമെന്ന് ഇതിനൎത്ഥം വരുന്നതല്ല. ഒരു വിശേഷവസ്തുവിന്റെ പ്രതിഛായയെടുക്കുന്നതിനായിട്ടുള്ള ശ്രമത്തിൽ ആ വസ്തുവിനേത്തന്നെ ഉടച്ചുകളഞ്ഞു എന്നു വരാതെ പ്രത്യേകം സൂക്ഷിക്കേണ്ടതാണല്ലോ. അതുകൂടാതെ "നിനക്കുള്ള സകലവും വിറ്റു ദരിദ്രന്മാൎക്കു കൊടുത്തതിന്റെ ശേഷം എന്റെ പിന്നാലെ വരിക" എന്നു യേശുക്രിസ്തു വേറൊരു സ്ഥലത്തു പറഞ്ഞിരിക്കുന്നു. എന്നാൽ, "നിനക്കുള്ളതു സകലവും ഉപേക്ഷിച്ചതിന്റെ ശേഷം നിന്റെ ദാരിദ്ര്യാവസ്ഥയിലും സമ്പത്തുള്ളപ്പോഴത്തേപ്പോലെ വലിയ കാൎയ്യങ്ങൾ ചെയ്യത്തക്കവണ്ണം എന്റെ ശിഷ്യത്വം സ്വീകരിക്കാൻ നിനക്കു യോഗ്യതയും മനസ്സുമില്ലെങ്കിൽ നിനക്കുള്ളതു വിററിട്ടാവശ്യമില്ല" എന്നു കൂടി ഒരൎത്ഥം ഈ വാക്യത്തിൽ സ്പഷ്ടമായി അന്തൎഭവിച്ചിട്ടുണ്ടു്. മേല്പറഞ്ഞപ്രകാരമുള്ള യോഗ്യതയും മനസ്സും ഇല്ലാത്ത ഒരാൾ തനിക്കുള്ളതെല്ലാം വിററു ദാനംചെയ്യുന്നതു വലിയ അബദ്ധമാണ്. അവന്റെ സ്വത്തിൽ നിന്നുള്ള ആദായം കൊണ്ടു സ്വല്പം സ്വല്പമായിട്ടെങ്കിലും വളരെക്കാലത്തേക്കു പലൎക്കും ഉപകാരം ചെയ്വാൻ കഴിയുന്നതാണ്. അപ്രകാരമുള്ള സ്വല്പമായ ഉപകാരത്തിനു പകരം വലിയ ഉപകാരം ചെയ്വാനായിട്ടു് ഉള്ളതെല്ലാം വില്ക്കുന്നതു പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലുന്നതുപോലെ മൌഢ്യത്തെ സൂചിപ്പിക്കുന്നതായ ഒരു പ്രവൃത്തിയാകുന്നു.

ബുദ്ധിപൂൎവ്വകമായി ആലോചിച്ചു സ്വയമേവ ഉണ്ടാക്കി ത്തീൎക്കുന്നതും ഉപയോഗിക്കുന്നതുമായ പരഗുണകാരിത്വം കൂടാതെ മനസ്സിന്റെ പ്രകൃതിസിദ്ധമായ ശക്തികൊണ്ടു തന്നെ പരോപകാരം ചെയ്യുന്നവരുമുണ്ടു. അപ്രകാരം തന്നെയുള്ള പരോപദ്രവകാരികളും ഇല്ലെന്നില്ല. സ്വാഭാവികമായ പരഗുണകാംക്ഷിത്വം ഒടുവിൽ പറഞ്ഞവൎക്കു ഒട്ടും തന്നെ ഉണ്ടായിരിക്കയില്ല. ഇവരിൽ തന്നെ ശക്തിമത്തായ പരജന ദ്വേഷിത്വം ഇല്ലാത്തവർ ഒരു സമയം മുഷ്കസ്വഭാവികളായും അസഭ്യന്മാരായും സകല സംഗതികളിലും എതിരായി നില്ക്കുന്നതിൽ പ്രതിപത്തിയുള്ളവരായും അസാദ്ധ്യകാൎയ്യങ്ങളെ സാധിക്കണമെന്നു ശാഠ്യം പിടിക്കുന്നവരായും കാണപ്പെട്ടേയ്ക്കാമെന്നല്ലാതെ ഇതിൽ കൂടുതലായ ദോഷങ്ങളൊന്നും അവരിൽ നിന്നു വരുന്നതല്ല. എന്നാൽ പരജന ദ്വേഷിത്വം എന്ന ദുർഗ്ഗുണം ബലവത്തായി ആരിൽ സ്ഥിതി ചെയ്യുന്നുവോ അവർ ഏററവും പിശുനബുദ്ധികളായും സദാ പരദ്രോഹത്തിങ്കൽ താല്പൎയ്യമുള്ളവരായും കാണപ്പെടും. ഇങ്ങിനെയുള്ളവൎക്കു അന്യന്മാരുടെ ആപത്തുകളെ കാണുന്നതിലധികം സന്തോഷകരമായ മറെറാരു കാൎയ്യമില്ല. അന്യന്മാരുടെ ആപത്തുകളെ ആകാവുന്നിടത്തോളം വർദ്ധിപ്പിക്കുന്നതിനായി തങ്ങളാൽ കഴിയുന്ന വിധത്തിലുള്ള ശ്രമങ്ങളെല്ലാം ഇവർ ചെയ്കയും ചെയ്യും. കുഷ്ഠരോഗിയായിരുന്ന ലാസറസിന്റെ വ്രണത്തെ നക്കിയതായി ക്രിസ്തീയവേദപുസ്തകത്തിൽ പറയപ്പെട്ടിട്ടുള്ള പട്ടികൾക്കുണ്ടായിരുന്നിടത്തോളംപോലും ദയാശീലം ഇവൎക്കുണ്ടായിരിക്കയില്ല. പഴുത്തൊലിക്കുന്ന വ്രണങ്ങളുടെ ചുററും ആൎത്തുനടക്കുന്ന ഈച്ചകളെ അനുകരിക്കുന്നവയായിരിക്കും ഇവരുടെ പ്രവൃത്തികൾ. പ്രാചീനഗ്രീക്കചരിത്രത്തിൽ പ്രസിദ്ധനായ ടൈമൺ എന്നയാൾ ഇതുപോലെ ഒരു സൎവ്വലോകദ്വേഷിയായിരുന്നു. തന്റെ തോട്ടത്തിൽ നില്ക്കുന്ന ഒരു വൃക്ഷത്തിന്മേൽ ഓരോരുത്തർ വന്നു കെട്ടിത്തൂങ്ങി മരിക്കുക പതിവായിരിക്കുന്നു എന്നും ഇപ്പോൾ അനേകമാളുകൾ അങ്ങനെ മരിച്ചിട്ടുണ്ടെന്നും ഇനിയും ലൌകികകാ

ഷ്ടഭാരങ്ങൾ കൊണ്ടും മററും സ്വപ്രാണത്യാഗം ചെയ്യണമെന്ന് അഗ്രഹമുള്ളവരുണ്ടെങ്കിൽ വേഗത്തിൽ ചെന്നു തന്റെ ആ വൃക്ഷത്തെ ഉപയോഗപ്പെടുത്തിക്കൊള്ളണമെന്നും ആ വൃക്ഷത്തെ വെട്ടി അതു നിൽക്കുന്ന സ്ഥലത്തു് ഒരു പുര പണിയിക്കണമെന്ന് താൻ വിചാരിക്കുന്നതുകൊണ്ടു് ഇനി അധികമമാന്തിക്കുന്നവരെല്ലാം ഈ മനോഭംഗത്തോടു കൂടി മടങ്ങിപ്പോകേണ്ടി വരുമെന്നും മററും ആ ടൈമൺ ഒരവസരത്തിൽ ഒരു പ്രസംഗം ചെയ്തതായി കാണുന്നു. അതുകൊണ്ടു് അയാൾ ആത്മഹത്യ ചെയ്വാൻ ജനങ്ങളെ ഗുണദോഷിക്കുക ആയിരുന്നു എങ്കിലും അതിനുള്ള ഒരു മാർഗ്ഗംകൂടി അയാൾ തന്നെ ഉപദേശിച്ചു കൊടുത്തു. എന്നാൽ ഇപ്പോൾ നമ്മുടെയിടയിൽ കാണപ്പെടുന്ന ഓരോ ജനദ്രോഹികൾ ഇത്ര പോലും ദയ കാണിച്ചുകാണുന്നില്ല. ഇവരുടെ കഠിനപ്രവൃത്തികൾകൊണ്ടും ദ്രോഹങ്ങൾ കൊണ്ടും മററും ഇഹലോകവാസത്തെ ഉപേക്ഷിക്കുകയെ നിവൃത്തിയുള്ളൂ എന്നു വിചാരിക്കാൻ തക്ക നിലയിൽ തങ്ങളാൽ ആക്കിത്തീർക്കപ്പെട്ടിട്ടുള്ളവർക്കു മരിക്കുന്നതിനു് ഒരു മാർഗ്ഗവും ഇവർ കാണിച്ചുകൊടുക്കുന്നില്ല.

ഇപ്രകാരമുള്ള ആളുകളെ ഒരു തരം സൃഷ്ടിപാഠഭ്രഷ്ടന്മാരായി ഗണിക്കാവുന്നതാണ്. വളവുള്ള തടികൾ സുഖവാസയോഗ്യങ്ങളും നിശ്ചലങ്ങളുമായിരിക്കേണ്ടുന്ന ഗൃഹങ്ങൾ പണിയുന്നതിനു് ഉപയോഗപ്പെടുന്നില്ലെങ്കിലും സമുദ്രത്തിലെ കാററുകളിലും തിരമാലകളിലും കിടന്നിളകിക്കൊണ്ടും അവയുടെ ശക്തിയെ അതിക്രമിച്ചുകൊണ്ടും സഞ്ചരിക്കുന്നതിനായിട്ടുള്ള കപ്പലുകൾ പണിയുന്നതിനു് ഏററവും ഉപയോഗപ്പെടുന്നവയാണല്ലൊ. അതുപോലെ മേല്പറഞ്ഞപ്രകാരമുള്ള സ്വഭാവത്തോടു കൂടിയവർ മിക്ക സംഗതികളിലും ത്യാജ്യന്മാരാണെങ്കിലും രാജ്യഭരണകർത്താക്കന്മാരായിരിക്കുകയെന്നുള്ള വിഷയത്തിൽ ഇവർ സവിശേഷം ശക്തന്മാരായിത്തീരുന്നതാണ്.

പരഗുണകാരിത്വം എന്നതു പലതരത്തിലുള്ളതും പര
ഗുണങ്ങളോടു കൂടിയതുമാകുന്നു. അപരിചിതന്മാരോടു-
ള്ള ഔദാൎയ്യത്തിനും മൎയ്യാദയ്ക്കും ഉചിതവിധം പെരുമാറുന്ന ആ
ളുകൾ പ്രത്യേകം ഒരു രാജ്യത്തെയോ ദേശത്തെയോ മാത്ര
മല്ല, ലോകത്തെ മുഴുവനും തങ്ങളുടെ സ്വന്തം ദേശമായി
ഗണിക്കുന്ന ശീലമുള്ളവരായിരിക്കും. ഇങ്ങനെയുള്ളവരു
ടെ ഹൃദയം ഒരു ദ്വീപുപോലെ ലോകകാൎയ്യങ്ങളിൽ നിന്നു
വേൎപെട്ടതായിരിക്കയില്ല. പിന്നെയൊ ഒരു ഭൂഖണ്ഡം
പോലെ നാനാവിഷയങ്ങളിലും പ്രവേശവും സംബന്ധവുമു
ള്ളതായിരിക്കും. ദിവ്യൗഷധങ്ങളായി ഉപയോഗിക്കാവു
ന്ന കറകൾ ചിലതരം വൃക്ഷങ്ങളുടെ തൊലി മുറിക്കുമ്പോൾ
അവയിൽ നിന്നു പുറത്തേക്ക് ഒഴുകുന്നുണ്ടല്ലൊ. അന്യന്മാരു
ടെ ആപത്തിങ്കൽ മനസ്സലിവുള്ളവരെ ഈ തരം വൃക്ഷങ്ങ
ളോടു് ഉപമിക്കാം. ഇങ്ങനെയുള്ളവർ അന്യന്മാരുടെ ആപ
ത്തുകളെ പരിഹരിക്കാനായി സ്വയമേവ ഓരോ വേദന
കളേയും കഷ്ടനഷ്ടങ്ങളേയും സഹിക്കുന്നതിനു സന്നദ്ധന്മാ
രായിരിക്കും. തങ്ങളോടു് അന്യന്മാർ എന്തെങ്കിലും ദ്രോ
ഹം ചെയ്താൽ അവരോടു ക്ഷമിക്കുന്നതിനു തയാറായി
രിക്കുന്നവരുടെ ഹൃദയത്തെ ഉയൎന്ന കുന്നുകളുടെ മുകളിൽ പ
ണിയിക്കപ്പെട്ടിട്ടുള്ള കോട്ടകളോടുപമിക്കാവുന്നതാണ്. എ
ന്തെന്നാൽ, ഇവരോടു് അന്യന്മാൎക്കുള്ള അസൂയയേയോ ദ്വേ
ഷത്തേയോ വഞ്ചനയേയോ എല്ലാം മറക്കാനും ക്ഷമിക്കാനും
ഇവൎക്കു യാതൊരു പ്രയാസവും ഉണ്ടായിരിക്കയില്ല. ഉയ
ൎന്ന കുന്നുകളിന്മേലുള്ള കോട്ടകളിൽ താമസിക്കുന്നവരെ
ശത്രുക്കൾക്കു വെടിവെച്ചു മുറിവേല്പിക്കാൻ പാടില്ലാത്ത
തുപോലെ സകല ദോഷങ്ങളേയും മറക്കാനും ക്ഷമിക്കാനും ക
ഴിയുന്ന ആളുകളുടെ ഹൃദയങ്ങളെ വാസ്തവത്തിൽ തപിപ്പി
ക്കാൻ അന്യന്മാരുടെ ദ്രോഹപ്രവൃത്തികൾക്കും ദ്രോഹവിചാ
രങ്ങൾക്കും ശക്തിയുണ്ടായിരിക്കുകയില്ല.

സ്വല്പസംഗതികളെക്കുറിച്ചും കൃതജ്ഞതയുള്ളവരായിരി
ക്കുന്നവർ അന്യന്മാരുടെ ദ്രവ്യത്തെ ലോഷ്ടതുല്യമായി ഗണ

ക്കുന്നവരും അവരുടെ പ്രവൃത്തികളുടെ ഉദ്ദേശത്തെ മാറ്റാറില്ല വെല്ലുന്നവരുമായിരിക്കും.

“രക്തസംബന്ധംകൊണ്ടു ചാർച്ചക്കാരായ എന്റെ സഹോദരന്മാർക്കുവേണ്ടി സ്വയമേവ ക്രിസ്തുവിനോടു പിരിഞ്ഞു ശാപഗ്രസ്തനാവാൻ ഞാനാഗ്രഹിക്കുന്നു” എന്നു യേശുക്രിസ്തുവിന്റെ ഒരു പ്രധാനശിഷ്യനായ പൌലൂസ് ഒരു സ്ഥലത്തു പറഞ്ഞിട്ടുണ്ടു്. നമ്മുടെ സമസൃഷ്ടന്മാരോടും, ഈ വിധത്തിൽ പരിപൂർണ്ണപക്ഷപാതതയോടു കൂടിയ പരഗുണകാരിത്വത്തെ ഉപയോഗിക്കുന്നതിനെ ആണു് സർവോപരിശ്രേഷ്ഠഗുണമായി വിചാരിക്കേണ്ടതു്. ഈ സ്വഭാവത്തിനു് ഈശ്വരസ്വഭാവത്തോടു് ഒരു വിധത്തിൽ ഐകരൂപ്യമുള്ളതായി ഗണിക്കുക കൂടി ചെയ്യാവുന്നതാണു്.

## ധീരത്വം

### (അഥവാ നിർഭയത്വം.)

---

വാഗീശപണ്ഡിതവിശാരദന്മാരിൽ വെച്ചു പ്രഥമഗണനീയനായിരുന്ന ഡെമൊസ്തനീസിനോടു വാഗ്മിത്വത്തിനു് ഒന്നാമതായി വേണ്ടുന്ന ഗുണം എന്താണെന്നു ചോദിച്ചപ്പോൾ, പ്രസംഗത്തിനു ചേർന്ന വിധത്തിലുള്ള അഭിനയമാണെന്നു് അദ്ദേഹം മറുപടി പറഞ്ഞു. രണ്ടാമതായി വേണ്ടുന്ന ഗുണമെന്തെന്നു ചോദിച്ചപ്പോൾ അതും അഭിനയം തന്നെയാണെന്നു പറഞ്ഞു. മൂന്നാമതായി വേണ്ടുന്ന ഗുണമെന്താണെന്നു ചോദിച്ചപ്പോഴും അഭിനയമെന്നുതന്നെ അദ്ദേഹം പറഞ്ഞു. ഇതിന്റെ താല്പര്യം ജനസാമാന്യത്തെ ആകർഷിക്കത്തക്കതായ വാഗ്മിത്വത്തിനു സർവ്വപ്രധാനമായി വേണ്ടതു വാക്കുകളുടെ അർത്ഥത്തിനും അവയുടെ ഉച്ചാരണത്തിനും അനുസരണമായ വിധത്തിലുള്ള ഹസ്താദിചലനമാ

ണിനാണ്. ഇതിനെക്കുറിച്ച് ഒരഭിപ്രായം പറയാൻ ഡെമൊസ്തനീസിനെക്കാൾ യോഗ്യതയുള്ളവർ ദുർല്ലഭമാകുന്നു. പ്രസംഗത്തോടുകൂടി അഭിനയം പ്രയോഗിക്കുന്നതിൽ അദ്ദേഹം പ്രകൃത്യാ വലിയ സാമർത്ഥ്യമൊന്നുമുള്ള ഒരാളല്ലായിരുന്നു. അതുകൊണ്ട് ഈ അഭിപ്രായം വാസ്തവമായിരിക്കാനല്ലാതെ ഇടയില്ല. ബുദ്ധിശക്തി വാക്കുശക്തി മുതലായി പ്രസംഗികന്മാർക്ക് അവശ്യം വേണ്ടുന്ന സാരവത്തരങ്ങളായ ഇതരഗുണങ്ങളേക്കാൾ അഭിനയമാകുന്ന ഒരു ബാഹ്യശക്തിക്ക് ഇത്ര പ്രാധാന്യം കല്പിച്ചത് ഒരത്ഭുതമായിത്തോന്നിയേക്കാം. എന്നാൽ ഇതിന്റെ കാരണം സ്പഷ്ടമാകുന്നു. ജനസാമാന്യത്തിൽ അധികം പേരും ജ്ഞാനികളല്ല. മിക്കവരും കേവലം മൂഢന്മാരാണ്. അതുകൊണ്ട് അവരുടെ മൂഢതയ്ക്കു ചേരുന്ന ഗുണങ്ങളെ മാത്രമെ ശരിയായി വിലവെയ്ക്കാൻ അവർ ശക്തന്മാരാകുന്നുള്ളു.

പ്രസംഗങ്ങൾക്ക് അഭിനയം ഏതു പ്രകാരമൊ അപ്രകാരം ലോകകാര്യങ്ങൾക്കു നിർഭയത്വവും ആവശ്യകമാകുന്നു. കാര്യനിർവ്വഹണത്തിന് ഒന്നാമതായും രണ്ടാമതായും മൂന്നാമതായും അവശ്യം വേണ്ടുന്നതായ ശക്തി എന്താണെന്നു ചോദിച്ചാൽ നിർഭയത്വം എന്നല്ലാതെ മറെറാരു മറുപടിയുമില്ല. സ്വഭാവത്തിന്റെ അറിവില്ലായ്കയിൽ നിന്നും നീചത്വത്തിൽ നിന്നുമാണ് നിർഭയത്വം ഉണ്ടാകുന്നതു്. അതുകൊണ്ടു മററു പല ഗുണങ്ങളോടും താരതമ്യപ്പെടുത്തിനോക്കിയാൽ നിർഭയത്വത്തെ ഏററവും അധമമായ ഒന്നെന്നേ പറയാൻ പാടുള്ളൂ. എന്നിരുന്നാലും ബുദ്ധിക്ക് അഗാധതയില്ലാത്തവരും ധൈര്യഹീനന്മാരുമായ ആളുകളെ ഭ്രമിപ്പിച്ചു കരചരണാദികളെ ബന്ധിച്ച സ്ഥിതിയിലാക്കിത്തീർക്കാൻ നിർഭയത്വത്തിനു ക്ഷുദ്രപ്രയോഗത്തിനെന്നപോലെ ഒരു ശക്തിയുണ്ട്. മനുഷ്യരിൽ അധികം പേരും മൂഢന്മാരും ബുദ്ധിക്ക് അഗാധതയില്ലാത്തവരുമാണെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലൊ. അതു മാത്രവുമല്ല, ഏററവും ജ്ഞാനികളായിട്ടുള്ളവരു പോലും അവരുടെ ബുദ്ധിക്കോ മനസ്സിനോ വല്ല ക്ഷീണതയ്ക്കും സം

ഭവിച്ചിരിക്കുമ്പോൾ നിർഭയത്വം കണ്ടു പരിഭ്രമിച്ചുപോകു
ന്നു. അതുകൊണ്ടു ജനാധിപത്യം നടപ്പുള്ള രാജ്യങ്ങളിൽ
നിർഭയനായ ഒരുവനു ഭൂരിപക്ഷക്കാരുടെ ഇടയിൽ സമ്മ
തനാകാനും രാജ്യഭാരമിടപ്പെട്ട കാൎയ്യങ്ങളിൽ യഥേഷ്ടം പ
ലതും പ്രവൎത്തിക്കാനും ഒരു പ്രയാസവുമുണ്ടാവുകയില്ല. അല്ല
ജനാധിപത്യമൊ ഏകരാജാധിപത്യമൊ നടപ്പുള്ള രാജ്യ
ങ്ങളിൽ നിർഭയത്വം മാത്രം പ്രധാനമായിട്ടുള്ളവരുടെ ത
ന്ത്രങ്ങൾ എല്ലായ്പോഴും ഫലിക്കുന്ന കാൎയ്യം സംശയമാണ്.
ഇങ്ങനെയുള്ളവർ ഒന്നാമതായി രംഗപ്രവേശം ചെയ്യു
മ്പോഴാണ് അവൎക്ക് അളവില്ലാത്ത ശക്തി ലഭിക്കുന്നത്. എ
ന്തെന്നാൽ അവൎക്ക നിറവേററാൻ കഴിയാത്ത അനേകം
കാൎയ്യങ്ങളെ നിൎവഹിക്കാമെന്നു വാഗ്ദാനം ചെയ്യുന്നതിന് അ
വൎക്ക യാതൊരു ഭയമൊ സംശയമൊ ഉണ്ടായിരിക്കുകയി
ല്ല. മിഥ്യാചികിത്സകന്മാർ, അല്ലെങ്കിൽ വൈദ്യമാനികൾ
ആയിട്ടുള്ളവർ ഏതു് അസാദ്ധ്യരോഗവും കാലവിളംബം കൂ
ടാതെ ഭേദമാക്കാമെന്നു ധൈൎയ്യസമേതം പറഞ്ഞു ജനങ്ങ
ളെ ഭ്രമിപ്പിക്കുന്നതുപോലെ രാജ്യത്തിനു പൊതുവെയുള്ള
ഓരോ വിഷമതകളെ പരിഹരിക്കാനുള്ള ശക്തി തങ്ങൾ
ക്കുണ്ടെന്നു നിർഭയം വാസ്തവവിരുദ്ധമായി പ്രസംഗിച്ചുകൊ
ണ്ടു നടക്കുന്ന ആളുകളും ധാരാളമുണ്ടു്. ഇപ്രകാരമുള്ള വ
ലിയ ചുമതലകളെ നിറവേററുന്നതിലേക്ക് അത്യാവശ്യക
മായ സൂക്ഷ്മജ്ഞാനം ലേശംപോലുമില്ലാതെ അവയെയെ
ല്ലാം വലിച്ചു തലയിൽ കയററിവെച്ചു ജനസമ്മതം സമ്പാ
ദിക്കുന്നവൎക്ക വളരെക്കാലത്തേയ്ക്കു് ആ നിലയിൽ നിൽക്കാ
ൻ ശക്തിയുണ്ടാകുന്നതല്ല. എങ്കിലും നിർഭയനായ ഒരുവനു
മഹമ്മദുമതസ്ഥാപകനായ മഹമ്മദിനെപ്പോലെ ചില അത്ഭു
തങ്ങളെ ചെയ്യാൻ കഴിയുന്നതായി നാം കണ്ടുവരുന്നുണ്ടു്.
മഹമ്മദു വളരെയാളുകളെ ഒരുമിച്ച് ഒരു സ്ഥലത്തു വി
ളിച്ചുകൂട്ടിയതിന്റെ ശേഷം അവിടെ കുറെ ദൂരത്തിലുണ്ടാ
യിരുന്ന ഒരു പൎവ്വതത്തെ താൻ നിൽക്കുന്ന സ്ഥലത്തേക്കു വി
ളിച്ചുവരുത്തുന്നതിനും അതിന്റെ ഉപരിഭാഗത്തു നിന്നു
കൊണ്ടു വിശ്വാസികൾക്കായി പ്രാൎത്ഥിക്കുന്നതിനും തനിക്കു

ശക്തിയുണ്ടെന്നു പറഞ്ഞ് ആ ആളുകളെയെല്ലാവരെയും വിശ്വസിപ്പിച്ചു. ആളുകളെല്ലാവരും വന്നുകൂടിയതിന്റെശേഷം മഹമ്മദ പർവ്വതത്തെ ഒന്നു വിളിച്ചു. പർവ്വതം അടുത്തു വരായ്കയാൽ വീണ്ടും വീണ്ടും രണ്ടുമൂന്നു പ്രാവശ്യം വിളിച്ചിട്ടും പർവ്വതം നിന്നിരുന്ന സ്ഥലത്തുനിന്ന് ഇളകിയില്ല. എങ്കിലും മഹമ്മദ് അതുകൊണ്ടു യാതൊരു അധീരതയും ലജ്ജയും പ്രദർശിപ്പിക്കാതെ "പർവ്വതം മഹമ്മദിന്റെ സന്നിധിയിലേക്ക വന്നില്ലെങ്കിൽ മഹമ്മദ പർവ്വതത്തിന്റെ അടുക്കലേക്ക പോകും" എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. അതുപോലെ തന്നെ നിർഭയശീലന്മാരായ ആളുകളും ഈ വിദ്യ പൂർണ്ണമായി ഗ്രഹിച്ചിട്ടുള്ളവരായിരുന്നാൽ അസാദ്ധ്യങ്ങളായ വലിയ കാര്യങ്ങളെയും സാധിക്കാമെന്ന വാഗ്ദാനം ചെയ്യുകയും അതു നിറവേററുവാൻ തങ്ങൾ അശക്തന്മാരാണെന്നു തീർച്ചയാകുമ്പോൾ വല്ല ഉപായവും പറഞ്ഞ് അതു കഴിച്ചുകൂട്ടുകയും വിഷയം മാററുകയും യാതൊരു പ്രയാസവും കൂടാതെ മറെറാരു വിഷയത്തിലേക്ക പ്രവേശിക്കുകയും ചെയ്യുന്നു.

ലജ്ജയില്ലായ്മ കണ്ടു ഭ്രമിച്ചുപോകാതെ കാര്യാകാര്യ വിവേചനശക്തിയോടുകൂടിയിരിക്കുന്നവർക്ക മേല്പറഞ്ഞ വിധത്തിലുള്ളവരുടെ ഇപ്രകാരമുള്ള പ്രവൃത്തികൾ ഫലിതങ്ങളോടു കൂടിയവയായി തോന്നും. സാധാരണന്മാർക്ക കൂടിയും അവ പലപ്പോഴും ഹാസ്യകാരണങ്ങളായിരിക്കുന്നതാണ്. എന്തെന്നാൽ, യുക്തിവിരുദ്ധങ്ങളായ സംഗതികൾ ഏവർക്കും പരിഹാസഹേതുക്കളും എല്ലാവരെയും ചിരിപ്പിക്കുന്നവയുമായിരിക്കുമല്ലൊ. നിർഭയത്വമുള്ള സ്ഥലത്തു നിശ്ചയമായി അയുക്തത്വവും ഉണ്ടായിരിക്കുന്നതാണ്. അഹംഭാവിയായ ഒരു മനുഷ്യന് എന്തെങ്കിലും വിഡ്ഢിത്തം പററിയാൽ അത് ഏവർക്കും പ്രത്യേകം വിനോദകാരണമായിരിക്കും. എന്തെന്നാൽ സാധാരണജനങ്ങൾക്ക വല്ല സന്ദർഭവശാലും വല്ല വിഡ്ഢിത്തവും പററിയാൽ അവർ അത്രവളരെ കുഴങ്ങാനിടയില്ല. എന്നാൽ ഒന്നിലും തനിക്ക മടക്കമില്ലെന്നും സകലവും തനിക്ക നിഷ്പ്രയാസസാദ്ധ്യമാണെന്നും ഭ

വിച്ചുകൊണ്ടു നടക്കുന്ന ഒരാൾക്കു വല്ല വിഡ്ഢിത്തവും പറ്റിയാൽ പിന്നീട് എന്തു ചെയ്യേണ്ടു എന്നറിയാഞ്ഞ് അയാൾ അനല്പമായി കുഴങ്ങി, ലജ്ജിച്ചു വല്ലാതെ വിഷമിച്ചു വശമാകും.

നിർല്ലജ്ജനായ ഒരു മനുഷ്യൻ ഒരുവിധം വിചാരിച്ചാൽ ഒരു കുരുടനാണെന്നു പറയാം. താൻ ഉൾപ്പെട്ടിരിക്കുന്ന കാൎയ്യത്തിലുള്ള പ്രതിബന്ധങ്ങളേയും പ്രയാസങ്ങളേയും കാണുന്നതിനുള്ള ശക്തി അവനുണ്ടായിരിക്കയില്ല. അതുകൊണ്ടു് ഈ സ്വഭാവക്കാരെ കാൎയ്യാലോചനകൾക്കു കൊള്ളുകയില്ല. എന്തെങ്കിലും സംഗതികളെ ആലോചിച്ചു തീൎച്ചപ്പെടുത്തിയതിന്റെ ശേഷം അവ നിൎവ്വഹിക്കുന്നതിനു് ഇങ്ങനെയുള്ളവരെ നിയോഗിക്കുന്നതു ഗുണപ്രദമായിരിക്കും. അതുകൊണ്ടു നിർഭയന്മാരായിട്ടുള്ളവരെ പ്രഥമസ്ഥാനത്തേക്കു നിയമിക്കാതെയിരിക്കേണ്ടതാണു്. പ്രഥമസ്ഥാനത്തിരിക്കുന്നവർ ആലോചിച്ചു തീൎച്ചയാക്കുന്ന സംഗതികളെ നിറവേറ്റുന്നതിനായി രണ്ടാമത്തെസ്ഥാനത്തിലോ അഥവാ ഒരു സഹായി എന്ന നിലയിലോ ഇവരെ നിയമിക്കുന്നതു നന്നായിരിക്കും. എന്തെന്നാൽ, ഒരു കാൎയ്യം ആലോചനയിലിരിക്കുമ്പോൾ അതു സംബന്ധിച്ചുള്ള വൈഷമ്യങ്ങളെ എല്ലാം അറിഞ്ഞിരിക്കുകയാണു് നല്ലതു്. അതു നിൎവ്വഹിക്കാനായി തുനിഞ്ഞിറങ്ങിയതിന്റെ ശേഷം അതിനുള്ള പ്രതിബന്ധങ്ങൾ അനല്പങ്ങളായിരുന്നാലും അവയെക്കുറിച്ചു സ്വല്പംപോലും അറിഞ്ഞിട്ടില്ലാത്ത ലക്ഷണത്തിലിരിക്കുക തന്നെയാണു് സൎവ്വോത്തമമായിട്ടുള്ളതു്.

## 13 നാസ്തിക്യം.

ലോകത്തിൽ നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗോചരങ്ങളായിട്ടും അഗോചരങ്ങളായിട്ടുമുള്ള സമസ്തവസ്തുക്കളും ഒരു സ്രഷ്ടാവു കൂടാതെ സ്വയമേവ ഉണ്ടായവയാണെന്നു വിശ്വസി

ക്കുന്നതിനേക്കാൾ വളരെ പ്രയാസം കുറഞ്ഞു കേവലം കല്പിതങ്ങളായ സകല ഗാനകഥകളേയും വിശ്വസിക്കുന്നതാകുന്നു. അതുകൊണ്ടു നാസ്തികന്മാരെ ബോധിപ്പിക്കുന്നതിനായി ഈശ്വരൻ യാതൊരു അത്ഭുതകർമ്മത്തെയും ഒരിക്കലും ചെയ്തിട്ടില്ല. ഈശ്വരന്റെ സാധാരണവ്യാപാരങ്ങൾ തന്നെ സൂക്ഷ്മം നോക്കിയാൽ വളരെ അത്ഭുതങ്ങളായിട്ടുള്ളവയാണ്. വിജ്ഞാനശാസ്ത്രത്തെക്കുറിച്ചു സ്ഥൂലമായ അല്പജ്ഞാനം മാത്രം സമ്പാദിക്കുന്നവർക്കു നാസ്തികത്വത്തിലേക്കു ഒരു ചായ്‌വു വന്നുപോകുമെന്നുള്ളതു വാസ്തവമാണ്. എന്നാൽ, ദൃഢമായ പര്യാലോചനയും സൂക്ഷ്മഗ്രഹണശക്തിയും ഉണ്ടാകുമ്പോൾ അതു പോയി ഈശ്വരഭക്തി താനേ ഉണ്ടാകുമെന്നുള്ളത് ഇതിനേക്കാൾ നിശ്ചയമായിട്ടുള്ളതാകുന്നു.

യഥാർത്ഥത്തിൽ നാസ്തികന്മാരായിട്ടുള്ളവർ വളരെ വളരെ ദുർല്ലഭമാണ്. "ദൈവമില്ലെന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു" എന്നല്ലാതെ "മൂഢൻ തന്റെ ഹൃദയത്തിൽ വിചാരിച്ചു" എന്നു ക്രിസ്തീയവേദപുസ്തകത്തിൽ പറഞ്ഞിട്ടില്ല. മൂഢൻ ഇങ്ങനെ പൂർണ്ണമായി വിശ്വസിച്ചിട്ടോ അല്ലെങ്കിൽ തനിക്കു തന്നെ ഇതു പൂർണ്ണസമ്മതമായിട്ടോ ഇങ്ങനെ പറയുന്നതല്ല. പിന്നെയോ, തത്ത ചിലയ്ക്കുന്നതുപോലെ അർത്ഥമില്ലാതെ അവൻ ഉരുവിട്ടു പഠിച്ചിട്ടുള്ള ചില വാചകങ്ങളെ പിന്നെയും പിന്നെയും ഉച്ചരിക്കുക മാത്രമാണ് ചെയ്യുന്നതെന്നും ദൈവമില്ലെന്നുള്ളത് അവന്റെ മനസ്സിലെ ദൃഢമായ വിശ്വാസമല്ല മനസ്സിന്റെ ആഗ്രഹം മാത്രമാണെന്നുമാണ് ഈ വാക്യത്തിന്റെ സൂക്ഷ്മമായ സാരം. എന്തെന്നാൽ ദൈവം ഇല്ലാതെയിരുന്നാൽ പല ഗുണങ്ങളും സൌകര്യങ്ങളുമുള്ളതായി വിചാരിക്കുന്നവരല്ലാതെ ആരും ദൈവമില്ലെന്നു പറയുന്നില്ല. നാസ്തികന്മാർ എപ്പോഴും അവരുടെ ഈ അഭിപ്രായത്തെക്കുറിച്ചു പ്രസംഗിച്ചുകൊണ്ടാണ് നടക്കുന്നതു്. അവർക്കു തന്നെ ഇതിൽ നല്ല ഉറപ്പില്ലാത്തതുകൊണ്ടും കൂടെക്കൂടെ അതിനെക്കുറിച്ചു സംസാരിച്ചുകൊണ്ടിരിക്കുന്ന മദ്ധ്യേ മററു വല്ലവരും

കൂടി തങ്ങളോടു യോജിക്കുന്നതായി കാണാനിടയായാൽ തങ്ങൾക്കു അത്രയ്ക്കു കൂടി ഉറപ്പു വരുമല്ലോ എന്നുള്ള വിചാരംകൊണ്ടുമാണു അവർ ഇങ്ങനെ നിറുത്താതെ ഈശ്വരനെക്കുറിച്ചു ചിലച്ചുകൊണ്ടിരിക്കുന്നതെന്നു അവരുടെ ഭാവംകൊണ്ടു തന്നെ തോന്നിപ്പോകുന്നു. അതുകൊണ്ടു ഈശ്വരനില്ലെന്നുള്ളതു അവരുടെ മനസ്സിലെ വിശ്വാസമല്ല, വെറും വാക്കു മാത്രമാണെന്നു തെളിവാകുന്നു. എന്നു മാത്രമല്ല നാസ്തികന്മാരും മററു സഭക്കാരെപ്പോലെ അവരുടെ ഈ പറച്ചിലിൽത്തന്നെ ദൃഢമായ വിശ്വാസത്തെ ഉണ്ടാക്കാനായിട്ടു ഈ അഭിപ്രായത്തിലേക്കു ആളുകളെ ചേർക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. തങ്ങളെക്കൊന്നാലും ഈ അഭിപ്രായത്തെ പിൻവലിക്കുകയില്ലെന്നു അവരിൽ ചിലർ ശാഠ്യം പിടിക്കുക കൂടി ചെയ്യുന്നതാണു ഇതിലെല്ലാത്തിലും അത്ഭുതമായിട്ടുള്ളതു. എന്നാൽ മതത്യാഗികളെ ശിക്ഷിക്കാനായി ഒരു ദൈവമില്ലെന്നാണു അവരുടെ വിശ്വാസമെങ്കിൽ പിന്നെ അവർ ഈ അഭിപ്രായത്തിൽ നിന്നു പിൻമാറുന്നതിനു ഇത്ര വൈമനസ്യം കാണിക്കുന്നതെന്താണെന്നു മനസ്സിലാകുന്നില്ല. എപ്പിക്കൂറീറസ് എന്ന പ്രാചീനവിജ്ഞാനി ഒരു നാസ്തികനായിരുന്നു എന്നും തന്റെ വിശ്വാസം ഗ്രഹിക്കാൻ ശക്തിയില്ലാത്തവർക്കു അതു ദോഷകാരണമായി തീരുമെന്നുള്ള ഭയം നിമിത്തം അദ്ദേഹം അതു മുഴുവനും വെളിക്കുവിടാതെയിരിക്കുകയായിരുന്നു എന്നും ചിലർ പറയുന്നതു വാസ്തവമല്ലെന്നുള്ളതു അയാളുടെ സ്വന്തവാക്കുകൾകൊണ്ടുതന്നെ നല്ലപോലെ തെളിവാകുന്നുണ്ടു. "ദേവന്മാരുടെ സ്വഭാവത്തെക്കുറിച്ചു അറിവില്ലാത്ത മൂഢന്മാർ വിശ്വസിക്കുന്നതെല്ലാം നീയും വിശ്വസിക്കുന്നതിലാണു പാപമുള്ളതു" എന്നുള്ള അദ്ദേഹത്തിന്റെ ദിവ്യവും ശ്രേഷ്ഠതരവുമായ അഭിപ്രായം തന്നെ ഇതിനു മതിയായ തെളിവാകുന്നു. മനുഷ്യരുടെ ജീവിതകാലത്തിലുണ്ടാകുന്ന ഓരോ സംഭവങ്ങളെ വ്യത്യാസപ്പെടുത്തുവാൻ ദൈവത്തിനു ശക്തിയില്ലെന്നു അദ്ദേഹം വാദിച്ചുവെങ്കിലും ദൈവമില്ലെന്നു സാധിക്കാൻ അദ്ദേഹത്തിനു ശക്തിയുണ്ടായില്ല. അവരിഷ്ഠു

ന്മാരായി കാട്ടിൽ കിടക്കുന്ന കാട്ടാളജാതിക്കാരുടെ ഇടയിൽപ്പോലും സകലലക്ഷണസംപൂർണ്ണമായ നാസ്തിക്യമില്ല. സകല ശക്തികളും നന്മകളും കൊണ്ടു പരിപൂർണ്ണനായ ഈശ്വരന്റെ സ്വഭാവത്തെ നിർദ്ദേശിക്കുന്നതിനായി ഒരു ഒറ്റ വാക്ക് അവരുടെ ഭാഷകളിൽ കാണാതെയിരുന്നേക്കാം. എന്നാൽ പല ശക്തികളോടു കൂടിയ പല ദേവന്മാർ ഉള്ളതായി അവരെല്ലാവരും വിശ്വസിച്ചുവരുന്നു. അതുകൊണ്ടു് ഈശ്വരവിശ്വാസത്തിന്റെ സാരാംശങ്ങളെല്ലാം ഇവർ ഗ്രഹിച്ചിട്ടില്ലായിരുന്നുവെങ്കിലും ഇവരും കേവലം നാസ്തികന്മാരല്ലായിരുന്നു എന്നു തീർച്ചയാകുന്നു. ദൈവമില്ലെന്നു ബുദ്ധികൊണ്ടു് ആലോചിച്ചു തീർച്ചയാക്കി വിശ്വസിക്കുന്നവർ വളരെ ചുരുക്കമാണു്. എന്നാൽ എവിടെയെങ്കിലും ഏതാനുമാളുകൾ അംഗീകരിച്ചുവരുന്ന ശരിയായിട്ടുള്ളതോ ശരിയല്ലാത്തതോ ആയ ഏതെങ്കിലും ഒരു മതത്തിൽ അവിശ്വാസം ഭാവിക്കുന്ന എല്ലാവരെയും അവരുടെ വിരോധികൾ നാസ്തികന്മാരെന്നു ഗണിച്ചുവരുന്നതുകൊണ്ടു് ഇവരുടെ സംഖ്യ വാസ്തവമായി ഉള്ളതിൽ വളരെ അധികമുണ്ടെന്നു തോന്നിപ്പോകുന്നതാണു്.

വാസ്തവത്തിൽ നാസ്തികന്മാരെന്നു ഗണിക്കപ്പെടേണ്ടവരായും ചിലരില്ലെന്നില്ല. എപ്പോഴും ഈശ്വരഭക്തിയെ സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചു സംസാരിച്ചുകൊണ്ടു നടക്കുകയും ഹൃദയത്തിൽ അവയെക്കുറിച്ചു യാതൊരു വിശ്വാസവുമില്ലാതെയിരിക്കുകയും ചെയ്യുന്ന കപടഭക്തിക്കാരാണു് സാക്ഷാൽ നാസ്തികന്മാരെന്നുള്ള നാമത്തിനു് അർഹന്മാരായിട്ടുള്ളവർ. ''മനസ്യന്യദ്വചസ്യന്യൽ'' എന്നുള്ള വിധം നടക്കുന്ന ഇവരുടെ മനസ്സാക്ഷി അവസാനത്തിൽ സദസദ്വിവേചനശക്തിയില്ലാത്തതായിത്തീരുന്നു.

ചില മനുഷ്യർ നാസ്തികന്മാരായിപ്പോകുന്നതിനുള്ള പ്രധാനകാരണങ്ങളെ താഴെപ്പറയുന്നു. (൧) ഒരു മതക്കാരിൽത്തന്നെ അനേകം വർഗ്ഗക്കാരുണ്ടാകുമ്പോൾ അവരിൽ ന

സ്തികന്മാരും ഉണ്ടാകാതെ നിവൃത്തിയില്ല. അനേകം കക്ഷികളുണ്ടാകാതെ അവർ രണ്ടു വലിയ ഭാഗക്കാരായി മാത്രം പിരിയുന്നതായാൽ രണ്ടു കൂട്ടക്കാരുടെയും തീവ്രത വർദ്ധിക്കുക മാത്രം ചെയ്യുന്നു. (൨) പുരോഹിതന്മാരുടെ ദുരാചാരങ്ങളായ നടപടികളാണ് വേറൊരു കാരണം. പുരോഹിതന്മാർ സാധാരണജനങ്ങളേക്കാൾ ദുർവൃത്തന്മാരായിട്ടാണ് പ്രായേണ കാണപ്പെടുന്നത്. (൩) വിശുദ്ധസംഗതികളെക്കുറിച്ചു ഹാസ്യമായി സംസാരിക്കുക ഒരു പതിവായി ചിലരിൽ കാണുന്നുണ്ട്. ഇതുകൊണ്ടു മതത്തെക്കുറിച്ചു ന്യായമായി ഉണ്ടായിരിക്കേണ്ടുന്ന ഭക്തി കാലക്രമേണ ക്ഷയിച്ചുപോകുന്നു. (൪) വിജ്ഞാനശാസ്ത്രങ്ങളിൽ മനുഷ്യരുടെ മനസ്സിന് അധികമായ പ്രവേശം ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലങ്ങളിലും നാസ്തികന്മാരുണ്ടാകാവുന്നതാണ്. വിശേഷിച്ചും ഈ കാലങ്ങളിൽ യുദ്ധങ്ങളും മററും ഇല്ലാതെയും ഐശ്വര്യം ക്രമത്തിലധികം വർദ്ധിച്ചും കൂടിയിരുന്നാൽ നാസ്തികന്മാരധികമുണ്ടാകാൻ വളരെയെളുപ്പമുണ്ട്. എന്തെന്നാൽ, ആപത്തുകളും കഷ്ടാരിഷ്ടങ്ങളുമുണ്ടാകുമ്പോൾ മനുഷ്യരുടെ ഹൃദയം സാധാരണയിൽ താഴ്മയുള്ളതും ഈശ്വരഭക്തിവിഷയങ്ങളായ ഉപദേശങ്ങളെ സ്വീകരിക്കുന്നതിനു തയാറുള്ളതുമായിരിക്കും.

നിരീശ്വരമതം കൊണ്ടു മനുഷ്യാവസ്ഥയ്ക്കു സിദ്ധിക്കുന്ന ഫലങ്ങൾ താഴെപ്പറയുന്നവയാകുന്നു. (൧) ഈശ്വരനെക്കുറിച്ചു ഭക്തിയും വിശ്വാസവുമില്ലാതെയിരുന്നാൽ മനുഷ്യജന്മം ശ്രേഷ്ഠമായിട്ടുള്ളതാണെന്നുള്ള വിശ്വാസവും ക്ഷയിച്ചുപോകും. മനുഷ്യരുടെ ആത്മാവു സച്ചിദാനന്ദാത്മകനായ ഈശ്വരങ്കൽനിന്ന് ഉത്ഭവിച്ചതാണെന്നുള്ളതാണല്ലൊ മനുഷ്യർക്കുള്ള ഒരു വിശിഷ്ടത. മനുഷ്യരും മൃഗങ്ങളും തമ്മിൽ ശരീരത്തെസംബന്ധിച്ചു വലിയ അന്തരമൊന്നുമില്ലാതെയാണിരിക്കുന്നത്. മനുഷ്യന്റെ ആത്മാവിന് ഈശ്വരനോടു യാതൊരു സംബന്ധവുമില്ലെന്നുകൂടിവന്നാൽ പിന്നെ മനുഷ്യനെ ഏററവും നീചനും നിന്ദ്യതരമായിട്ടാണ് ഗണിക്കേണ്ടത്. (൨)

നാസ്തിക്യംകൊണ്ടു മനുഷ്യാത്മാവിൻെറ ശ്രേഷ്ഠതയെ നശിച്ചുപോകുന്നതു കൂടാതെ മനുഷ്യസ്വഭാവത്തെ അതിനു സ്വാതന്ത്ര്യമായി ആരംഭത്തിലെ ഉള്ള നികൃഷ്ടസ്ഥിതിയിൽ നിന്നു് ഉദ്ധാരണം ചെയ്യാൻ മാർഗ്ഗമില്ലാതെയും തീരുന്നു. പട്ടികളുടെ സ്ഥിതി തന്നെ ഒന്നാലോചിച്ചുനോക്കാം. ഒരു പട്ടിക്കു് അതിനെ രക്ഷിക്കാൻ ശക്തിയും മനസ്സുമുള്ള ഒരു യജമാനനുണ്ടെന്നുള്ള ബോധം വന്നാൽ അതിൻെറ ധൈര്യവും സുശീലതയും എത്ര വളരെ വർദ്ധിക്കുന്നു എന്നുള്ളതു നാം കണ്ടറിയുന്നതാണല്ലോ. പട്ടികളുടെ ധൈര്യത്തിനും സുശീലതയ്ക്കും അവയുടെ യജമാനൻ ഏതുപ്രകാരമൊ അപ്രകാരമാണു് ഈശ്വരൻ മനുഷ്യനുടെ ഉള്ളിലുള്ള ശ്രേഷ്ഠസ്വഭാവത്തിനു് അവലംബസ്ഥാനമായിരിക്കുന്നതു്. പട്ടികൾക്കു് അവയെക്കാൾ ഉന്നതസ്വഭാവമുള്ള ഒരു യജമാനൻെറ മേലുള്ള ആശ്രയം ഇല്ലാതെയിരുന്നെങ്കിൽ അവയിൽ നാം സാധാരണമായി കണ്ടുവരുന്നതുപോലെയുള്ള ധൈര്യവും സുശീലതയും ഉണ്ടാകുമായിരുന്നില്ല. അതുകൊണ്ടു, നാം വേറെ അനേക കാരണങ്ങൾകൊണ്ടും വെറുക്കേണ്ടുന്നതായ നാസ്തിക്യം ഈ ഒരു കാരണംകൊണ്ടു തന്നെ സവിശേഷമായി നമ്മുടെ വെറുപ്പിനു് അർഹമായിരിക്കുന്നു.

ഓരോ മനുഷ്യക്കെന്നപോലെ തന്നെ ഓരോ രാജ്യക്കാക്കും ശ്രേഷ്ഠതയുണ്ടാകുവാനുള്ള പ്രധാന കാരണം ഈശ്വരവിശ്വാസം ഒന്നു തന്നെയാണു്. ലോകത്തിലുള്ള സകല രാജ്യങ്ങളിലും വെച്ചു ശ്രേഷ്ഠതയും പ്രൌഢയുമുണ്ടായിരുന്നതു റോമ്മാമഹാരാജ്യത്തിന്നായിരുന്നു. എന്നാൽ, റോമ്മാരാജ്യത്തെക്കുറിച്ചു് അവിടത്തെ അദ്വിതീയവാഗ്മിയായിരുന്ന സിസെറോ എന്നയാൾ റോമ്മാക്കാരോടു തന്നെ താഴെ വരുന്നപ്രകാരം ഒരവസരത്തിൽ പറഞ്ഞിട്ടുണ്ടു്. "അല്ലയോ മഹാനുഭാവന്മാരേ! നമ്മേക്കുറിച്ചു നമുക്കു തന്നെ നാമേററവും ഉന്നതസ്ഥിതിയിലായിരിക്കുന്നവരാണെന്നുള്ള ഒരഭിപ്രായം ഏററവും ബലവത്തായിട്ടുണ്ടായിരുന്നാലും ജനസംഖ്യയിൽ സ്പെയിൻകാരെയും കായബലത്തിൽ ഗോൾജാതിക്കാ

രെയും സൂത്രപ്രയോഗങ്ങളിൽ കൎത്തൃദേശക്കാരെയും സംഗീതസാഹിത്യാദിവിഷയങ്ങളിൽ ഗ്രീക്കുകാരെയും, നമ്മുടെ വൎഗ്ഗക്കാരോടും നമ്മുടെ ജന്മഭൂമിയോടും നമ്മുടെ കുടുംബത്തോടും സഹജമായിട്ടുള്ള താല്പൎയ്യത്തിൽ ഈററലിയിലേയും ലേഷ്യത്തിലേയും ആദിമനിവാസികളെയും ജയിക്കാൻ നമുക്കു ശക്തിയില്ല. എന്നാൽ, നമ്മുടെ സമസൃഷ്ടന്മാരോടും ഈശ്വരനോടുമുള്ള നമ്മുടെ കൎത്തവ്യകൎമ്മങ്ങൾ ഇന്നവയെല്ലാമാണെന്നു അറിഞ്ഞു പ്രവൎത്തിക്കുന്നതിലും സകല സംഗതികളും നിത്യന്മാരായ ദേവന്മാരുടെ ആജ്ഞാനുസരണമാണു നടത്തപ്പെടുകയും ഭരിക്കപ്പെടുകയും ചെയ്യുന്നതെന്നുള്ള തത്വത്തിന്റെ സാരാംശം മുഴുവനും ഗ്രഹിക്കുന്നതിനുള്ള ശക്തിയിലും നാം മററു സകല രാജ്യക്കാരെയും അതിശയിച്ചിരിക്കുന്നു എന്നുള്ളതു നിൎവ്വിവാദമാകുന്നു.”

## മൂഢവിശ്വാസം.

ഈശ്വരനു ചേരാത്തവയായ ലക്ഷണങ്ങൾ ഈശ്വരനുണ്ടെന്നു വിശ്വസിക്കുന്നതിനേക്കാൾ നല്ലതു് ഈശ്വരനെക്കുറിച്ചു് ഒരു വിശ്വാസവും ഇല്ലാതെയിരിക്കുന്നതാണു്. എന്തെന്നാൽ ഈശ്വരനു ചേരാത്ത ലക്ഷണങ്ങൾ ഉണ്ടെന്നു വിശ്വസിക്കുന്നതു് ഈശ്വരനിന്ദയായി വരുന്നതാകകൊണ്ടു് അതിൽ ഭേദം ഈശ്വരനെ ഒരു വിധത്തിലും വിശ്വസിക്കാതെ തന്നെ ഇരിക്കുന്നതാണല്ലൊ. പ്രാചീനകാലത്തിലെ ദിവ്യന്മാരായ ഗ്രന്ഥകൎത്താക്കന്മാരിൽ ഒരാളായ പ്ളൂട്ടാൎക്ക് വേറൊരു സംഗതിയെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ള അഭിപ്രായത്തിന്റെ സാരതത്വവും ഇതുതന്നെയാണു്. ‘തനിക്കു കുട്ടികൾ ജനിച്ചാൽ ഉടനെ അവരെപ്പിടിച്ചു വിഴുങ്ങുക പതിവായിരുന്ന പ്ളൂട്ടാൎക്ക് എന്നൊരാൾ ഉണ്ടായിരുന്നു എന്നു എല്ലാവരും പറയുന്നതിനേക്കാൾ പ്ളൂട്ടാൎക്ക് എന്നൊരാൾ ഉണ്ടായിരുന്നേ ഇല്ല എന്നു പറയുന്നതാണു് എനിക്കു സമ്മത

മായിട്ടുള്ളതു്' എന്നാണു് അയാൾ പറഞ്ഞിട്ടുള്ളതു്. അതു
കൊണ്ടു് ഈശ്വരനെക്കുറിച്ചുള്ള മൂഢവിശ്വാസത്തെക്കാൾ
ഉത്തമമായിട്ടുള്ളതു കേവലം നാസ്തികത്വം തന്നെയാണു്.
എന്നു മാത്രവുമല്ല മൂഢവിശ്വാസം നിരീശ്വരമതത്തെക്കാൾ
ആപൽക്കരവുമാണു്. കേവലം നാസ്തികനായ ഒരാളെ ഈ
ശ്വരവിശ്വാസമില്ലാതെ തന്നെ സദാചാരമാൎഗ്ഗത്തിൽ കൂ
ടി നടത്തുന്നതിനു് ഏറക്കുറെ കഴിയുന്നവയായി വിവേകബു
ദ്ധി, ശാസ്ത്രവിജ്ഞാനം, സ്വകീയജനസ്നേഹം, പൊതുജനാ
ഭിപ്രായം എന്നിങ്ങനെയുള്ള വസ്തു ശക്തിയുണ്ടായിരിക്കുന്ന
താണു്. എന്നാൽ മൂഢവിശ്വാസിയായ ഒരുവന്റെ മേൽ
ഈ വക യാതൊന്നിന്റെയും ശക്തി ഫലിക്കുന്നതല്ല. അയാ
ളുടെ മനസ്സിൽ കടന്നുകൂടി ദൃഢമായി ഉറച്ചിരിക്കുന്ന മൂഢ
വിശ്വാസങ്ങൾക്കനുസരണമായി മാത്രമായിരിക്കും അയാളു
ടെ പ്രവൃത്തികൾ. അതുകൊണ്ടു നിരീശ്വരമതത്തിന്റെ പ്ര
ചാരം നിമിത്തം രാജ്യഭരണസംബന്ധങ്ങളായ കാൎയ്യങ്ങളി
ൽ വലിയ കുഴപ്പമൊന്നും ഉണ്ടായിട്ടുള്ളതായി അറിയുന്നി
ല്ല. എന്തെന്നാൽ, ഈശ്വരനിലൊ നിത്യജീവനിലൊ വി
ശ്വസിച്ചു ഭക്തിഭരിതഹൃദയന്മാരായി ഇരുന്നുപോയതുകൊ
ണ്ടു മനുഷ്യായുസ്സിൽ വേണ്ടുന്ന ഐഹികങ്ങളായ സ്വകീയ
കാൎയ്യങ്ങളിൽ വേണ്ടുംവണ്ണം മനസ്സുവെച്ചു് അന്വേഷിക്കാൻ
സാധിച്ചില്ലെന്നുള്ളതു നാസ്തികന്മാൎക്കു വരുന്നതല്ലല്ലൊ. അ
തുകൊണ്ടു് അവരെക്കുറിച്ചു് അവരുതന്നെ വേണ്ടതുപോലെ
കരുതിക്കൊള്ളുന്നതാണു്. നിരീശ്വരമതത്തിനു് ഒരുവിധം
പ്രചാരമുണ്ടായിരുന്ന കാലങ്ങളിൽ നാഗരികത്വവും പരി
ഷ്കൃം വൎദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നതായിക്കാണുന്നു. റോമ്മാ
ചക്രവൎത്തിയായിരുന്ന അഗസ്റ്റസ് കൈസറിന്റെ ഭരണ
കാലംതന്നെ ഇതിനൊരു ദൃഷ്ടാന്തമാകുന്നു. എന്നാൽ മൂഢവി
ശ്വാസങ്ങളുടെ പ്രാബല്യംകൊണ്ടു് അനേകം രാജ്യങ്ങൾ വ
ലിയ കുഴപ്പത്തിലകപ്പെട്ടു ക്ഷയിച്ചുപോയിട്ടുണ്ടു്. ലോക
ത്തിലുള്ള നാനാവിധങ്ങളായ മറ്റെല്ലാശ്ശക്തികളേയും ബ
ലാൽ കീഴമൎത്തി, ഒരു സ്വതന്ത്രനായ രാജാവിനെപ്പോലെ
സകലകാൎയ്യങ്ങളേയും യഥേഷ്ടം നടത്താനുള്ള ശക്തി മൂഢ

വിശ്വാസത്തിനുണ്ടു്. മൂഢവിശ്വാസങ്ങൾ ഉത്ഭവിക്കുന്നതു
മൂഢന്മാരിൽ നിന്നാണെങ്കിലും കാലക്രമേണ വിവേകബുദ്ധി
യുള്ളവരും ഇതിലേക്കു ചാഞ്ഞുപോകുന്നു. സാധാരണമായി
ഓരോ കാൎയ്യങ്ങൾ നടപ്പിൽ വരുത്തുന്നതു് അവയുടെ ഗുണ
ദോഷങ്ങളെക്കുറിച്ചു ധാരാളമായി വാദപ്രതിവാദങ്ങൾ ക
ഴിഞ്ഞതിനു ശേഷം മാത്രമാണല്ലോ. എന്നാൽ പ്രത്യുത മൂ
ഢവിശ്വാസങ്ങൾ ആദ്യം നടപ്പിൽ വരികയും അവയെ
സാധൂകരിക്കാനുള്ള കാരണങ്ങളേയും യുക്തികളേയും രണ്ടാ
മതായി ആലോചിച്ചുണ്ടാക്കുകയുമാണു് പതിവു. മൂഢവി
ശ്വാസങ്ങളുടെ കാരണങ്ങൾ പലതുണ്ടു്. കാണാനും കേൾ
ക്കാനും മററും വളരെ കൌതുകമുള്ളവയായ കൎമ്മാചാരങ്ങ
ൾ, പുറമേയുള്ള നാട്യത്തിൽ മാത്രം പ്രധാനമായി സ്ഥിതി
ചെയ്യുന്ന ഈശ്വരഭക്തി, പാരമ്പൎയ്യവിശ്വാസങ്ങളെക്കുറി
ച്ചു സീമാതീതമായ വിശ്വാസം, പുരോഹിതന്മാരുടെ ലാഭ
ത്തിനും മാനത്തിനുമായി അവരുടെയിടയിൽത്തന്നെയുള്ള
കപടോപായങ്ങളും പരസ്പരസ്പൎദ്ധകളും, താന്തോന്നിത്തങ്ങ
ൾക്കും അനാവശ്യകനവീകരണങ്ങൾക്കും സംഗതിയാക്കുന്ന
സ്വഭാവം, ദൈവികസംഗതികളെ മാനുഷികസംഗതികൾ
ക്കനുസരണമായി വിധിച്ചു് അവാസ്തവങ്ങളായ അഭിപ്രായ
ങ്ങൾക്കു മനസ്സിൽ അവകാശം കൊടുക്കുന്ന സ്വഭാവം, വി
ദ്യാഭ്യാസം അധോഗതിയെ പ്രാപിച്ചിരിക്കുന്നതോ രാജ്യ
ത്തിനു പൊതുവെ ആപത്തു നേരിട്ടിരിക്കുന്നതോ ആയ കാ
ലം എന്നിങ്ങനെയുള്ളവയെല്ലാം മൂഢവിശ്വാസം ഉണ്ടാവുക
യോ വൎദ്ധിക്കുകയൊ ചെയ്യുന്നതിനുള്ള കാരണങ്ങളാണു്.
എന്നാൽ മൂഢവിശ്വാസങ്ങളുടെ മറ മാററിയാൽ അവയ്ക്കു
വാസ്തവത്തിലുള്ള വൈരൂപ്യം മുഴുവനും എല്ലാവൎക്കും സ്പഷ്ട
മായിക്കാണാവുന്നതാണു്. മുഖച്ഛായയിലും മററും കുരങ്ങി
നു മനുഷ്യരോടു ചില സാമ്യമുള്ളതുകൊണ്ടു് അതിന്റെ
വൈരൂപ്യം കുറച്ചുകൂടി അധികമാവുകയാണല്ലോ. അതു
പോലെ മൂഢവിശ്വാസത്തിനു വാസ്തവമായ ഈശ്വരവി
ശ്വാസത്തോടു ചില സംഗതികളിൽ സ്വല്പമായിട്ടുള്ള ഐക
രൂപ്യമുള്ളതുകൊണ്ടാണു് മൂഢവിശ്വാസം ഇത്രമാത്രം വെറു

കുത്തക്കതായിതീൎന്നിരിക്കുന്നതു്. നല്ല മാംസം ചീഞ്ഞു് അതിൽനിന്നുണ്ടാകുന്ന കൃമികളെന്നപോലെ മൂഢവിശ്വാസങ്ങൾ ഏററവും ശ്രേഷ്ഠങ്ങളായ കൎമ്മാചാരങ്ങൾ ദുഷിച്ചുണ്ടായവയായതുകൊണ്ടു് അവ ഏറെക്കൂടി നിന്ദ്യങ്ങളായിരിക്കുന്നു. എന്നാൽ മൂഢവിശ്വാസങ്ങളെ പരിത്യജിക്കുന്നതിൽത്തന്നെ ചിലർ മററു ചില മൂഢവിശ്വാസങ്ങളെ പ്രദൎശിപ്പിക്കുന്നു. ഇവർ മൂഢവിശ്വാസങ്ങളെ ഉപേക്ഷിക്കുക മാത്രമല്ല ചെയ്യുന്നതു്. അവക്കു നേരെ വിപരീതമായും അവയിൽ നിന്നു കഴിയുന്നതും അകലെയും മേലാൽ നില്ക്കണമെന്നു വിചാരിക്കുക കൂടി ചെയ്യുന്നു. മരുന്നുസേവിച്ചു വയറിളക്കുമ്പോൾ ചില സമയങ്ങളിൽ ശരീരത്തിലെ ദുഷ്ടുകൾ മാത്രമല്ല, ശരീരപോഷണത്തിനു് അത്യാവശ്യകങ്ങളായ ചില സാധനങ്ങൾ കൂടി ഇളകിപ്പോകുന്നതുപോലെ മൂഢവിശ്വാസങ്ങളെ പരിത്യജിക്കുന്നതിനോടു കൂടി ആവശ്യകങ്ങളായ സദ്വിശ്വാസങ്ങളും പൊയ്പ്പോകാതെയിരിക്കാനായി പ്രത്യേകം കരുതലുണ്ടായിരിക്കേണ്ടതാണു്. ഓരോ സഭകളിലോ സമുദായങ്ങളിലോ ഉള്ള സാധാരണന്മാരായ അംഗങ്ങൾ തന്നെ നവീകരണം ആരംഭിക്കുമ്പോൾ മേൽപ്പറഞ്ഞ ദോഷം സംഭവിക്കാൻ വളരെ എളുപ്പമുള്ളതാകുന്നു.

## 15 കാലയാപനം.

(കൎത്തവ്യകൎമ്മങ്ങളെ യഥാകാലം പ്രവൎത്തിക്കാതെ സമയത്തെ ദീൎഘിപ്പിച്ചുകൊണ്ടുപോകുന്ന ശീലം)

സൽഭാഗ്യമെന്നു പറയുന്നതു കച്ചവടത്തിന്റെ കമ്പോളനിരക്കു പോലെയാകുന്നു. സ്വല്പസമയംകൊണ്ടു ചിലപ്പോൾ സാമാനങ്ങളുടെ വില വളരെ താണുപോകുന്നതായി നാം കണ്ടുവരുന്നുണ്ടല്ലൊ. സൽഭാഗ്യംകൊണ്ടുണ്ടാകുന്ന ഫലങ്ങളെ യഥാകാലം കൈവശപ്പെടുത്താതെയിരുന്നാൽ അവ കുറയുകയോ നശിക്കുകയോ ചെയ്തുപോകും. സൽഭാഗ്യ

ന്നത ഇനി വേറൊരു കഥാസാരത്തോടുപമിക്കാം. അതായത്— ഒരിക്കൽ ഒരു ദിവ്യസ്ത്രീ റോമ്മായിലെ രാജാവായിരുന്ന ടാർക്വിനു മുന്നൂറു പൊൻനാണയങ്ങൾ വിലയായിട്ട് ഒൻപതു പുസ്തകങ്ങൾ കൊടുക്കാമെന്നു പറഞ്ഞു. എങ്കിലും അദ്ദേഹം അതു വാങ്ങിയില്ല. പിന്നീട് അവയിൽ മൂന്നു പുസ്തകം ചുട്ടു നശിപ്പിച്ചു കളഞ്ഞതിന്റെ ശേഷം ശിഷ്ടമുള്ള ആറു പുസ്തകങ്ങൾക്ക് ആദ്യം പറഞ്ഞ വില തന്നെ ആ ദിവ്യസ്ത്രീ ആവശ്യപ്പെട്ടു. രാജാവ് അപ്പോഴും അവ വാങ്ങിയില്ല. പിന്നെ ആ ദിവ്യസ്ത്രീ മൂന്നാമതും അദ്ദേഹത്തിനു പ്രത്യക്ഷീഭവിച്ചു. അപ്പോൾ മൂന്നു പുസ്തകങ്ങൾ കൂടി നശിപ്പിച്ചിരുന്നു. ശേഷിച്ചിരുന്ന മൂന്നു പുസ്തകങ്ങൾക്ക് ആദ്യം പറഞ്ഞ ആ വില തന്നെ ആവശ്യപ്പെട്ടു. ഉടനെ രാജാവ് ആ വിലമുഴുവനും കൊടുത്ത് ആ മൂന്നുപുസ്തകങ്ങളും വാങ്ങുകയും ചെയ്തു. അതുപോലെ സൽഭാഗ്യത്തിന്റെ ഫലങ്ങളെ കാലവിളംബനം വരുത്താതെ കൈക്കലാക്കിക്കൊള്ളുന്നതായാൽ പൂർണ്ണമായി ലഭിക്കാവുന്നതാകുന്നു. പിന്നെയും ഓരോ കാര്യനിർവ്വഹണത്തിനുള്ള അവസരത്തെ, തലയുടെ മുൻവശത്തു മാത്രം തലമുടി നിൽക്കുകയും ശേഷം ഭാഗമെല്ലാം കഷണ്ടിയായിരിക്കുകയും ചെയ്യുന്ന ഒരു വൃദ്ധനോട് ഉപമിക്കാം. ഇങ്ങനെയുള്ള ഒരാളെ കാണുന്ന ക്ഷണത്തിൽ പിടികൂടിക്കൊണ്ടാൽ മുൻവശത്തെ തലമുടിക്കു പിടിത്തം കിട്ടും. സ്വല്പം താമസിച്ചാൽ തലമുടിയുള്ള ഭാഗം തിരിഞ്ഞുപോകുന്നതിനാൽ കഷണ്ടിയായിട്ടുള്ള ഭാഗം മാത്രമേ പിടിക്കാൻ കിട്ടുകയുള്ളു. അവിടെപ്പിടിച്ചാൽ പിടി മുറുകുകയുമില്ലല്ലൊ. ഇതുപോലെ ഓരോ അവസരങ്ങളെ അവയുടെ ആവിർഭാവകാലത്തു തന്നെ ഉപയോഗപ്പെടുത്തിയെങ്കിലേ പൂർണ്ണമായി ഫലസിദ്ധിയുണ്ടാകയുള്ളു. ഇതും കൂടാതെ ഒന്നാമതായി ഒരു കുപ്പിയുടെ കഴുത്തും പിന്നീട് അതിന്റെ മദ്ധ്യഭാഗവും നമ്മുടെ നേരെ നീട്ടിക്കൊണ്ട് അതു പിടിച്ചുപറിച്ചുകൊള്ളുന്നതിന് അനുവദിക്കുന്ന ഒരാളോടും അവസരത്തെ ഉപമിക്കാം. കുപ്പിയുടെ കഴുത്തു കയ്യിൽ ഒതുങ്ങുന്നതാകയാൽ പിടിക്കുന്നതിനു സൌകര്യമുള്ളതും മ

ദ്ധ്യഭാഗം കയ്യിൽ ഒതുങ്ങാത്തതാകയാൽ പിടിക്കാൻ പ്രയാസമായിട്ടുള്ളതുമാണല്ലൊ. ഓരോ സംഗതികളെ തുടങ്ങുക്കാനുള്ള സമയം അറിഞ്ഞു പ്രവൎത്തിക്കുന്നതിനേക്കാൾ വിവേകസൂചകമായ മറെറാരു കാൎയ്യവുമില്ല.

ഓരോ സംഗതികളിലുമുള്ള വിഘ്നങ്ങളും ആപത്തുകളും സാരമില്ലെന്നുള്ള വിചാരം നിമിത്തം വേണ്ടുന്ന മുൻകരുതലുകൾ ചെയ്യാതെയിരുന്നാൽ അവ വൎദ്ധിക്കാറാണു് അധികം എളുപ്പമുള്ളതു്. വേണ്ടുന്ന മുൻകരുതലുകളെല്ലാം ചെയ്തതിന്റെ ശേഷവും ആപത്തുകളിൽ നാം അകപ്പെട്ടുപോയേക്കാം. എന്നാൽ ആപത്തുകൾ സാരമില്ലെന്നു നാം വിചാരിച്ചു യാതൊരു പരിഹാരവും ചെയ്യാതിരുന്നാൽ അകപ്പെട്ടുപോകുന്ന സന്ദൎഭങ്ങളാണു് അധികമുള്ളതു്. ആപത്തിന്റെ വരവിനെ വളരെക്കാലം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതിനേക്കാൾ ആപത്തു വന്നു തലയിൽ കേറുന്നതിനു മുമ്പു തന്നെ അതു വന്നടുത്തിരിക്കുന്നതായി ഗണിച്ചു നിവാരണോപായങ്ങൾ നോക്കുന്നതായിരിക്കും പലപ്പോഴും ഉത്തമമായിരിക്കുന്നതു്. എന്തെന്നാൽ, അധികംനാൾ കാത്തിരിക്കുന്നവർ ചിലപ്പോൾ ഉറങ്ങിപ്പോകാൻ വളരെ എളുപ്പമുള്ളതാകുന്നു. എന്നാൽ മുൻകൂട്ടിയുള്ള കരുതലുകൾ ചിലപ്പോൾ ആവശ്യമുള്ളതിൽ വളരെ മുമ്പായി തുടങ്ങുകയും അതുകൊണ്ടു ദോഷഫലങ്ങൾ ഉണ്ടാവുകയും ചെയ്യേക്കാം. റോമ്മാസൈന്യങ്ങളും മിത്രിഡാററിസ് എന്ന ആളുടെ സൈന്യങ്ങളും തമ്മിൽ നടന്ന യുദ്ധത്തിൽവെച്ചു് ഇതുപോലെ ഒരു സംഗതിയുണ്ടായി. രാത്രിയിൽ ചന്ദ്രന്റെ നിലഭേദംകൊണ്ടു റോമ്മാസൈന്യങ്ങളുടെ നിഴലിനു ക്രമത്തിലധികം നീളമുണ്ടായിരുന്നു. ശരം പ്രയോഗിച്ചാൽ റോമ്മാസൈന്യങ്ങൾക്കു കൊള്ളുന്ന ദിക്കിൽ എത്തുന്നതിനു മുൻപായി നിഴലിന്റെ നീളം കണ്ടു തെററിദ്ധരിച്ചു മിത്രിഡാററിസിന്റെ സൈന്യങ്ങൾ ശരം പ്രയോഗിച്ചതിനാൽ അവരുടെ ആലോചനകളെല്ലാം തെററിപ്പോവുകയും അവർ യുദ്ധത്തിൽ പരാജിതന്മാരായിത്തീരുകയും ചെയ്തു. ഇതു

പോലെ വരാനിരിക്കുന്ന ആപത്തിന്റെ ഛായ കണ്ടു ഭ്രമിച്ചു സമയത്തിനു മുൻപു വല്ലതും പ്രവൎത്തിച്ചു് അബദ്ധപ്പെട്ടുപ്പോവുന്നതാണ്. ആപത്തുണ്ടാകുമെന്ന വെറുതെയുള്ള ദുശ്ശങ്കനിമിത്തം അതിനെത്തടുക്കുന്നതിനായി ചില കരുതലുകൾ ചെയ്തുതുടങ്ങുന്നതായാൽ ചിലപ്പോൾ ഇല്ലാത്തയാപത്തു് ഉണ്ടായി എന്നും വന്നേക്കാവുന്നതാകുന്നു. അതുകൊണ്ട് ഓരോ ആപത്തുകളോടു് എതിരിടുവാനുള്ള സമയം ഇന്നപ്പോഴാണെന്നുള്ളതു വളരെ ശ്രദ്ധയോടു കൂടി ആലോചിച്ചുനോക്കിയറിയേണ്ടുന്ന സംഗതിയാണ്. മഹത്തരങ്ങളായ എല്ലാക്കാൎയ്യങ്ങളും ആരംഭിക്കുന്നതു് ഏറ്റവും വളരെ സൂക്ഷിച്ചും ആലോചിച്ചും വേണ്ടതാകുന്നു. ഏതുകാൎയ്യവും ആലോചിച്ചു തീൎച്ചയാക്കിക്കഴിഞ്ഞാൽ പിന്നെ അതു നിൎവ്വഹിക്കുന്ന കാൎയ്യത്തിൽ മനോവേഗം പോലെയോ മിന്നലിന്റെ വേഗം പോലെയോ പ്രവൎത്തിക്കുകയും വേണം. രാജ്യതന്ത്രജ്ഞന്മാൎക്കു് അത്യാവശ്യകമായിട്ടുള്ളതു് അവരുടെ ആലോചനകൾ ലേശംപോലും വെളിക്കുപോകാതെ സൂക്ഷിക്കുന്നതിനും എന്തെങ്കിലും ആരംഭിച്ചാൽ ഉടനെ അതു നിൎവ്വഹിക്കുന്നതിനുമുള്ള ശക്തിയാകുന്നു. എന്തെന്നാൽ, എന്തെങ്കിലും ഒരു സംഗതി ആലോചനയിൽ വെച്ചേക്കാനുള്ള സമയം കഴിയുകയും നിൎവ്വഹിക്കാനുള്ള സമയം വരികയും ചെയ്താൽ പിന്നെ ആ സംഗതി രഹസ്യമായി സൂക്ഷിക്കുന്നതിനു തോക്കിൽ നിന്നു പായുന്ന വെടിയുണ്ടപോലെ കണ്ണുകൾകൊണ്ടു നോക്കിക്കാണാൻ കൂടി പാടില്ലാത്ത വിധത്തിലുള്ള അതിശീഘ്രഗതിയോടു കൂടി അതിനെ നിറവേറുന്നതുപോലെ സുകരമായ മാൎഗ്ഗം മറെറാരുവിധത്തിലും ഉണ്ടാകുന്നതല്ല.

## ആരോഗ്യരക്ഷ.

ആരോഗ്യരക്ഷയെ സംബന്ധിച്ചെടത്തോളം ശാസ്ത്രപ്രതിപാദിതമല്ലാത്തതും അവനവന്റെ ദേഹപ്രകൃതിക്കു ഹിതവും അഹിതവുമായിട്ടുള്ളതു് ഇന്നിന്നതെല്ലാമെന്ന് അവന

വന്റെ അനുഭവംകൊണ്ടു സിദ്ധിക്കുന്നതുമായ ഒരറിവുണ്ടു്.
ഹിതങ്ങളെന്നു തോന്നുന്ന ഭോജ്യപേയങ്ങളെ എല്ലാം ഉപ
യോഗപ്പെടുത്തുന്നതിനേക്കാൾ കുറച്ചുകൂടി നല്ലതു് അഹിത
ങ്ങളെന്നു തോന്നുന്നവയെ വർജ്ജിക്കുകയാകുന്നു. എന്തെന്നാൽ
യൌവനദശയിലുള്ള ശരീരബലംകൊണ്ടു വാസ്തവത്തിൽ
ദോഷകരങ്ങളായ പല അമിതഭക്ഷണങ്ങളുടെയും ദോഷഫ
ലങ്ങൾ അപ്പോഴപ്പോൾതന്നെ അറിയാതെയിരുന്നേക്കാം.
എന്നാൽ അതെല്ലാം കൂടി പ്രായം വർദ്ധിക്കുന്തോറും ക്രമേണ
അനുഭവിക്കേണ്ടിവരും. വാർദ്ധക്യത്തിന്റെ ആരംഭത്തെക്കു
റിച്ചു് അതിന്റെ ലക്ഷണങ്ങൾ തുടങ്ങുന്നതിനു മുൻപുതന്നെ
മനസ്സിലാക്കണം. എല്ലാപ്രായത്തിലും ഒന്നുപോലെ ജോലി
കൾ ചെയ്യാൻ കഴിയുമെന്നു വിചാരിച്ചുപോകരുതു്. വാ
ർദ്ധക്യത്തിനനുസരണമായി നമ്മുടെ ദിനചര്യകളെ ക്രമപ്പെ
ടുത്താതെയിരുന്നാൽ അതിന്റെ ഫലം ഉടനെ അനുഭവിക്കേ
ണ്ടിവരും. ഭക്ഷണക്രമത്തിൽ പെട്ടെന്നു വലിയ ഭേദഗതിക
ളെ വരുത്തരുതാത്തതാകുന്നു. എന്നാൽ, പെട്ടെന്നു് ഇതിൽ
ഒരു വലിയ മാററം ചെയ്യാതെ നിവൃത്തിയില്ലെന്നു വന്നാ
ൽ തദനുസാരേണ മററുള്ള സകല ദിനചര്യകളും ഭേദപ്പെ
ടുത്തണം. ഒരു സംഗതിയെ മാത്രം ഭേദപ്പെടുത്തുന്നതിനേക്കാ
ൾ നല്ലതു പല സംഗതികളെ ഒരേസമയത്തു ഭേദപ്പെടുത്തു
കയാണെന്നുള്ളതു രാജ്യഭാരവിഷയങ്ങളിലെന്നപോലെ ശ
രീരരക്ഷാവിഷയത്തിലും യഥാർത്ഥമായ ഒരു തത്വമാകുന്നു.
ഭക്ഷണം, ഉറക്കം, വ്യായാമം, വസ്ത്രധാരണം മുതലായവയി
ൽ നിന്റെ പതിവു് ഓരോ സമയങ്ങളിൽ എങ്ങനെയിരി
ക്കുന്നു എന്നു കൂടെക്കൂടെ ആലോചിച്ചുനോക്കണം. ഇവയി
ൽ എന്തെങ്കിലും ദോഷകരമാണെന്നുകണ്ടാൽ അതു മാററണം.
എന്നാൽ അതു് ആകപ്പാടെ ഒരുമിച്ചു മാററുകയുമരുതു്. അ
ല്പാല്പമായി കാലക്രമേണ മുഴുവനും മാററുക മാത്രമെ ചെ
യ്യാവൂ. ഇങ്ങനെ മാററീട്ടു് ഈ മാററം ഗുണകരമല്ലെന്നു കാ
ണുന്നപക്ഷം പ്രയാസംകൂടാതെ വീണ്ടും പൂർവസ്ഥിതിയിലാ
ക്കുകയും ചെയ്യാമല്ലൊ. എന്തെന്നാൽ, മനുഷ്യജാതിക്കു പൊ
തുവെ ആരോഗ്യപ്രദങ്ങളായ കാര്യങ്ങൾ നിന്റെ ദേഹസ്ഥി

ദിക്കു പറരുന്നവയായിരിക്കുമോ ഇല്ലയോ എന്നുള്ളതു് അനുഭവംകൊണ്ടു മാത്രം അറിയാവുന്ന ഒരു സംഗതിയാണു്. ആഹാരനിദ്രാവ്യായാമങ്ങൾ ചെയ്യുന്ന സമയങ്ങളിൽ വ്യാകുലതയ്ക്കോ ഉൽകണ്ഠയ്ക്കോ നിദാനങ്ങളായ എല്ലാകാൎയ്യങ്ങളിൽ നിന്നും മനസ്സിനെ നിവൎത്തിപ്പിച്ച സന്തോഷപ്രദങ്ങളായ കാൎയ്യങ്ങളിൽ മാത്രം പ്രവേശിക്കുന്നതു വാൎദ്ധക്യത്തിലും അരോഗതയും ദേഹബലവും നീണ്ടു നിൽക്കുന്നതിനു് വളരെ ഉപയോഗപ്പെടുന്നതായ ഒരു നല്ല സമ്പ്രദായമാണു്. മനസ്സിലെ ഓരോ വികാരങ്ങളും മനസ്സു് അപ്പോഴപ്പോൾ പ്രവേശിച്ചുകൊണ്ടിരിക്കുന്ന സംഗതികളും ശരീരത്തെ ബാധിക്കുന്നതാണു്. അസൂയ, വ്യാകുലത, ഹൃദയത്തെ വ്രണീകരിക്കത്തക്കവണ്ണം ബലവത്തായ കോപം, അതിസൂക്ഷ്മങ്ങളും ഏററവും കുഴഞ്ഞവയുമായ കാൎയ്യങ്ങളിൽ സദാ ബുദ്ധിയെ ദൃഢമായി പ്രവേശിപ്പിച്ചുകൊണ്ടിരിക്കുന്ന ശീലം, ദുൎന്നിവാരങ്ങളും സീമാതീതങ്ങളുമായ സന്തോഷോത്സാഹങ്ങൾ, അൽപാംശത്തെ അനുഭവിക്കാനാരുമില്ലാതെ സ്വയമേവ മനസ്സിൽ വിചാരിച്ചു് അനുഭവിക്കേണ്ടുന്നവയായ ദുഃഖങ്ങൾ എന്നിങ്ങനെയുള്ളവയെല്ലാം അശേഷം വൎജ്ജനീയങ്ങളാകുന്നു. എല്ലാം ശുഭമായി പരിണമിക്കും എന്നുള്ള ആശയോടും സമാധാനത്തോടും കൂടി സദാ വൎത്തിക്കാനായി ശ്രമിക്കണം. ഒരു സംഗതിയേക്കുറിച്ചും അത്യാഹ്ലാദമുണ്ടായിരിക്കരുതു്. മിതമായ സന്തോഷത്തോടും ഉത്സാഹത്തോടും കൂടി മാത്രം വൎത്തിക്കണം. വിനോദകരങ്ങളായ പല സംഗതികളിലും മാറി മാറി മനസ്സിനെ പ്രവേശിപ്പിച്ചുകൊണ്ടിരിക്കണം. അല്ലാതെ ഏതെങ്കിലും ഒന്നു തുടങ്ങിയാൽ പിന്നെ അതു തന്നെ ശരണമെന്ന വിധത്തിലിരിക്കരുതു്. ആശ്ചൎയ്യബഹുമാനകരങ്ങളായ നവീനകാൎയ്യങ്ങളെ കണ്ടും കേട്ടുമറിഞ്ഞുമിരിക്കണം. ആശ്ചൎയ്യബഹുമാനങ്ങൾ കൂടക്കൂടെ പുത്തൻ പുത്തനായി മനസ്സിൽ ജനിക്കുന്നതായാൽ അതു വളരെ സുഖാവഹമായിരിക്കും. ചരിത്രം, പുരാണം, ഇതിഹാസം, പ്രകൃതിശാസ്ത്രം മുതലായി അതിശോഭനങ്ങളും തേജോമയങ്ങളുമായ അറിവുകളെക്കൊണ്ടു ഹൃദയസംപൂരണം ചെയ്യുന്ന

വായായ പുസ്തകങ്ങളെ വായിക്കുകയും പഠിക്കുകയും ചെയ്യണം. ദേഹസുഖമുള്ളപ്പോഴും അപ്പോഴപ്പോഴായി ഔഷധങ്ങൾ ശീലിച്ചുകൊണ്ടിരിക്കണം. അല്ലെങ്കിൽ കൊറ്റവ്യാധികളുണ്ടാകുന്ന സമയങ്ങളിലും മരുന്നുകൾ സേവിച്ചാൽ അതിന്റെ പ്രകൃതിക്കു പിടിക്കാതിരുന്നേക്കാവുന്നതാണ്. നേരെമറിച്ചു യാതൊരു സുഖക്കേടുമില്ലാതെ തന്നെ എപ്പോഴും ഔഷധങ്ങൾ അധികമായി ശീലിച്ചുകൊണ്ടിരുന്നാൽ സുഖക്കേടുകൾ ഉണ്ടാകുന്ന സമയങ്ങളിൽ ഔഷധങ്ങൾ സേവിച്ചാൽ വിശേഷിച്ചു യാതൊരു ഫലവും കാണുകയുമില്ല. ഈ രണ്ടു ദോഷങ്ങളും വരാതെയിരിക്കാനായിട്ട് ഔഷധസേവ ദിനചര്യകളിൽ ഒന്നുപോലെ ആയിത്തീർന്നിട്ടില്ലാത്ത എല്ലാവരും ആണ്ടുതോറും ഓരോ പ്രത്യേകസമയങ്ങളിൽ ചില പ്രത്യേകമാതിരിയിലുള്ള ഭക്ഷണം ഉപയോഗിക്കുകയാണ വേണ്ടതെന്നു ഞാൻ ഗുണദോഷിക്കുന്നു. എന്തെന്നാൽ പ്രത്യേകമാതിരിയിലുള്ള ഭക്ഷണങ്ങൾ ഔഷധങ്ങളേക്കാൾ ദേഹസ്ഥിതിക്കു ചില ഭേദഗതികൾ വരുത്തുകയും ഔഷധങ്ങളേപ്പോലെ ദേഹത്തെ ബാധിക്കാതിരിക്കുകയും ചെയ്യും. വിചാരിച്ചിരിക്കാതെ ശരീരത്തിനു പെട്ടെന്നു വല്ല സ്ഥിതിഭേദവുമുണ്ടായാൽ അതു നിസ്സാരമായി ഗണിക്കാതെ പതിവായി ചികിത്സിച്ചുവരുന്ന വൈദ്യന്മാരോടു വിവരം പറഞ്ഞ് അവരുടെ അഭിപ്രായംപോലെ എന്തെങ്കിലും ചെയ്തു ശരീരത്തെ പൂർവസ്ഥിതിയിലാക്കണം. സുഖമില്ലാതെയിരിക്കുമ്പോൾ ആ സുഖക്കേടു നീങ്ങി സുഖസ്ഥിതിയെ പ്രാപിക്കാനായിട്ടാണ് പ്രധാനമായിക്കരുതേണ്ടതു്. സുഖമായിരിക്കുമ്പോൾ ധാരാളമായി വ്യായാമം ചെയ്യുന്നതിൽ ബദ്ധശ്രദ്ധനായിരിക്കണം. എന്തെന്നാൽ, അരോഗദൃഢഗാത്രതയുള്ളപ്പോൾ ദേഹത്തിനു ധാരാളമായി വ്യായാമമുണ്ടായിരിക്കുന്നവർക്കുണ്ടാകുന്ന ഒരുവിധം കടുത്ത മിക്ക ദീനങ്ങളും ഭക്ഷണം ക്രമപ്പെടുത്തുകയും പത്ഥ്യമായി ഇരിക്കുകയുംകൊണ്ടു മാത്രം ഭേദപ്പെട്ടുപോകുന്നതാണ്.

"ദിനചൎയ്യകളിൽ പരസ്പരവിരുദ്ധങ്ങളായി ഓരോന്നു ചെയ്യുശീലിക്കുന്നതു് ആരോഗ്യത്തിന്നും ശരീരബലത്തിന്നും വളരെ ഉപയുക്തമായിട്ടുള്ള ഒരേൎപ്പാടാകുന്നു" എന്നു പറഞ്ഞിരിക്കുന്ന സെൽസസ് എന്നയാൾ അത്യന്തം സൂക്ഷ്മദൃക്കും ജ്ഞാനിയുമായ ഒരു വൈദ്യനായിരുന്നിരിക്കണം. ചിലപ്പോൾ ഉപവാസവും മററു ചിലപ്പോൾ നാനാവിഭവങ്ങളോടു കൂടിയ മൃഷ്ടാന്നഭോജനവും ഉണ്ടായിരിക്കുകയും എന്നാൽ ഉപവാസത്തേക്കാൾ മിഷ്ടഭോജനം അധികമായിരിക്കയും വേണം. അപ്രകാരം തന്നെ ചില ദിവസങ്ങളിൽ ജാഗരണവും മററു ചില ദിവസങ്ങളിൽ അതിനിദ്രയും ആചരിക്കുകയും, അതിലും ജാഗരണദിവസങ്ങളേക്കാൾ അതിനിദ്രാദിവസങ്ങൾ അധികമായിരിക്കുകയും വേണം. ചില ദിവസങ്ങളിൽ ദേഹമിളകാതെ ഒരേസ്ഥലത്തു തന്നെയിരുന്നു് അവശ്യകരണീയങ്ങളായ ജോലികൾ ചെയ്യണം. മററു ചില ദിവസങ്ങളിൽ ബലവത്തുകളായ വ്യായാമത്തിൽ തന്റെ ശ്രദ്ധയോടു കൂടി ഏൎപ്പെട്ടിരിക്കണം. എന്നാൽ ഇവയിലും വ്യായാമമാണു് അധികമായിരിക്കേണ്ടതു്. ഇങ്ങനെ സകല ദിനചൎയ്യകളിലും പരസ്പരം വൈപരീത്യം ചെയ്യു ശീലിക്കണം. എന്നാൽ ഇവയിൽ സുഖകരമായിട്ടുള്ളവയിൽ അവയ്ക്കു് എതിരായിട്ടുള്ളവയിലുണ്ടായിരിക്കുന്നവയിൽ കൂടുതലായ ശ്രദ്ധയുണ്ടായിരിക്കയും വേണം. ഇങ്ങനെയെല്ലാം ചെയ്താൽ ശരീരസൌഖ്യമുണ്ടായിരിക്കുകയും അഥവാ വല്ല സുഖക്കേടുകളും ഉണ്ടായാലും വലിയപ്രയാസമൊ ചികിത്സകളും കൂടാതെ തന്നെ സുഖപ്രാപ്തിയുണ്ടാവുകയും ചെയ്യുന്നതാണു്.

ചില വൈദ്യന്മാർ രോഗികളുടെ സിദ്ധാന്തങ്ങളെ എല്ലാം സാധിപ്പിക്കുന്ന ശീലമുള്ളവരാണു്. അവർ ദീനത്തിന്നു് അത്യാവശ്യപ്പെട്ടിരിക്കുന്ന ചികിത്സപോലും ചെയ്യണമെന്നു നിർബന്ധിക്കുന്നില്ല. മററു ചിലർ ശാസ്ത്രപ്രകാരമല്ലാതെ യാതൊന്നും പ്രവൎത്തിക്കുകയില്ലെന്നു മൎക്കടമുഷ്ടി പിടിക്കുന്നവരാണു്. രോഗികളുടെ നിർബന്ധങ്ങളിലും സി

ധാന്തങ്ങളിലും വൈദ്യന്മാർ അനുവദിക്കേണ്ടുന്നവയായിട്ടുള്ള സംഗതികൾ കൂടിയും അനുവദിച്ചുകൊടുക്കാതെ ഇവർ ശാസ്ത്രപ്രകാരം മാത്രം പ്രവൎത്തിക്കുന്നു. നിനക്കു് ആവശ്യമുള്ളപ്പോൾ ഈ രണ്ടു വിധക്കാരുടെയും മദ്ധ്യയുള്ള ഒരു വൈദ്യനെ അന്വേഷിച്ചുകൊള്ളണം. അങ്ങനെയുള്ള ഒരാളെ കിട്ടാൻ പ്രയാസമായി വരുന്നപക്ഷം ഈ രണ്ടു തരക്കാരിലും ഓരോരുത്തരെ വിളിച്ചുവരുത്തി, ചികിത്സിപ്പിക്കണം. രണ്ടു പേരിൽ ഒരാൾ നിന്റെ ദേഹപ്രകൃതിയെക്കുറിച്ചു നല്ല പരിചയമുള്ള ആളും മറെറയാൾ ശാസ്ത്രനൈപുണ്യത്തിലും ചികിത്സാപരിചയത്തിലും അദ്വിതീയനെന്നു കീൎത്തി സമ്പാദിച്ചിട്ടുള്ള ആളുമായിരിക്കണം.

## നിത്യപരിശീലം അഥവാ അഭ്യാസം നിമിത്തം പ്രവൃത്തികൾക്കുണ്ടാകുന്ന പ്രകാരാന്തരം.

മനുഷ്യരുടെ വിചാരങ്ങൾ അവരുടെ സഹജസ്വഭാവങ്ങളുടെ ഗതിയേയും സംഭാഷണങ്ങളും പ്രസംഗങ്ങളുമെല്ലാം അവരുടെ ഗുരുഭൂതന്മാരിൽ നിന്നും ഗ്രന്ഥങ്ങൾ വഴിയായും മററും അവൎക്കു ലഭിച്ചിട്ടുള്ള ഉപദേശങ്ങളേയും അനുസരിച്ചിരിക്കും. എന്നാൽ അവരുടെ പ്രവൃത്തികൾ അവരുടെ നിത്യപരിശീലത്തെ മാത്രം അനുസരിച്ചിരിക്കുന്നതാണു്. അതുകൊണ്ടു് "ഒരു മനുഷ്യനെ എന്തെങ്കിലും ഒരു കാൎയ്യത്തിൽ ഭരമേല്പിച്ചാൽ അവൻ അതു നിൎവ്വഹിക്കുമൊ ഇല്ലയോ എന്നുള്ളതു് അവന്റെ നിത്യശീലം ഇന്നവിധമാണെന്നുള്ള അറിവുകൊണ്ടല്ലാതെ അവന്റെ സഹജസ്വഭാവം കൊണ്ടോ സ്ഥിരമായ വാഗ്ദാനം കൊണ്ടോ ഒട്ടും തന്നെ തീൎച്ചപ്പെടുത്താൻ പാടില്ല" എന്നു മാക്കിയവലി പറഞ്ഞിരിക്കുന്നതു് ഏററവും പരമാൎത്ഥമായിട്ടുള്ളതാകുന്നു. "ഒരു ശത്രുവിനെ ചതിപ്രയോഗത്താൽ നിഗ്രഹിക്കുന്നതിനു ചുമതലപ്പെടുത്താനായി തിരഞ്ഞെടുക്കപ്പെടുന്നയാൾ അതിനു

മുൻപു പലപ്പോഴും പലരേയും അപ്രകാരം നിഗ്രഹിച്ച് അതിൽ ശീലം വന്നിട്ടുള്ളവനായിരിക്കണമെന്നും പ്രകൃത്യാ വല്ലാതെ ക്രൂരനും ഒരിളക്കവും കൂടാതെ അത്യന്തം നിശ്ചലമായി വാഗ്ദാനം ചെയ്യുന്നവനും മാത്രമായിരുന്നാൽ അവൻ അപ്രകാരം ചെയ്യുമെന്ന തീർച്ചയായി വിശ്വസിക്കാൻ പാടില്ല എന്നു"മാണ് മാക്കിയവലി പറഞ്ഞിരിക്കുന്നത്. ഇത് അയാൾ ഏററവും നികൃഷ്ടവും ത്യാജ്യവുമായ ഒരുദ്ദേശസിദ്ധിക്കായിട്ടു പറഞ്ഞതാണെങ്കിലും ഈ തത്വം എല്ലായ്പ്പോഴും സകല സംഗതിയിലും പരമാർത്ഥമായിട്ടു തന്നെ കാണപ്പെടുന്നതാണ്. എന്നാൽ അയാൾ പറഞ്ഞിരിക്കുന്ന ഈ സംഗതിയിൽ തന്നെ ഏതദ്വിപരീതമായിട്ടു പരിണമിച്ചിട്ടുമുണ്ട്. മുൻപ് ഒരിക്കലും ഒരു കുലചെയ്ത് അതിൽ ലേശംപോലും ശീലിച്ചിട്ടില്ലാത്ത പലരും അതു ചെയ്കയോ ചെയ്യാനായിട്ട് ഉദ്യമിക്കയോ ചെയ്തിട്ടുള്ളതായി അനേകം സംഗതികളുണ്ട് എങ്കിലും അവ സർവ്വസാധാരണമായ ഒരു പരമാർത്ഥത്തിന്റെ വ്യത്യാസങ്ങളാണെന്നേ പറയാൻ പാടുള്ളൂ. ഒരാളുടെ സഹജസ്വഭാവത്തെ അനുസരിച്ചുള്ള മനോഗതിക്കോ വാഗ്ദാനത്തിനോ, അയാളുടെ നിത്യ പരിചയത്തിനോ അല്ലെങ്കിൽ നിത്യാഭ്യാസത്തിനോ ഉള്ളതുപോലെയുള്ള ശക്തി ഉണ്ടായിരിക്കയില്ലെന്നുള്ളതു വാദിക്കാൻ പാടില്ലാത്തതായ ഒരു പരമാർത്ഥമാണ്. പ്രത്യേക കാരണങ്ങൾ കൊണ്ടുണ്ടാകുന്ന വ്യത്യാസങ്ങളെ ഒഴിച്ചു നോക്കിയാൽ നിത്യപരിചയത്തിനു നമ്മുടെ സഹജസ്വഭാവത്തിന്റെ പ്രേരണയാൽ ചെയ്യപ്പെടുന്ന സകല പ്രവൃത്തികളേയും യഥേഷ്ടം ഭേദപ്പെടുത്തുവാനുള്ള സർവ്വശക്തിയുമുണ്ടെന്നു നമുക്കു ബോധപ്പെടുന്നതാണ്. ഒരു മനുഷ്യൻ ഒരു കാര്യം ചെയ്യാമെന്ന് ഉറപ്പായി പറയുകയും സത്യം ചെയ്യുകയും വാഗ്ദാനംകൊണ്ടും ശപഥംകൊണ്ടും അവന് അതിൽ നിന്ന് ഒഴിഞ്ഞുപോകുവാൻ പാടില്ലാത്തവിധം ബദ്ധനാവുകയും ചെയ്തതിന്റെ ശേഷം അവൻ യാതൊരു മടിയോ കുനലോ കൂടാതെയും പറഞ്ഞതിനും സമ്മതിച്ചതിനും നേരെ വിപരീതമായും അവന്റെ നിത്യ പരിചയത്തിനും

പഴയ പതിവിനും അനുസരണമായിത്തന്നെ പ്രവൎത്തിക്കുന്നതായിക്കണ്ടു നാം പലപ്പോഴും വിസ്മയഭരിതഹൃദയന്മാരായിത്തീൎന്നിട്ടുണ്ടല്ലോ. ഇതു വിചാരിച്ചാൽ മനുഷ്യർ യാതൊരു സ്വശക്തിയുമില്ലാത്ത അചേതനപദാൎത്ഥങ്ങളോ നിത്യപരിചയമാകുന്ന യന്ത്രത്തിന്റെ ചരടുവലിവിനെ അനുസരിച്ചുമാത്രം ഓരോന്നു പ്രവൎത്തിക്കുന്ന ഒരുവക പാവകളോ ആണെന്നു തോന്നിപ്പോകും.

സ്വാഭാവികവികാരങ്ങളെക്കൂടി ജയിക്കാൻ നിത്യപരിചയത്തിനു ശക്തിയുള്ളതായി കാണുന്നു. ഹിന്തുക്കളിൽ ചില വൎഗ്ഗക്കാർ ചിതയുണ്ടാക്കി സ്വയമേവ അഗ്നിപ്രവേശം ചെയ്തു തങ്ങളെ തങ്ങൾ തന്നെ ബലികൊടുക്കുന്നു. ഹിന്തുക്കളുടെയിടയിൽ വിധവകൾ ഭൎത്താവിന്റെ ശവദാഹസമയത്തു് ആ ചിതയിൽച്ചാടി അനുമൃതി ലഭിക്കാൻ വളരെ ആഗ്രഹമുള്ളവരായിരിക്കുന്നു. സ്പാർട്ടാ എന്ന രാജ്യത്തു ചെറിയ കുട്ടികളുടെ സഹനശക്തി എത്രമാത്രമുണ്ടെന്നു പരീക്ഷിച്ചറിയുന്നതിനായിട്ടു് അവരെ ഒരു ബലിപീഠത്തിന്മേൽ മലൎത്തിക്കിടത്തി വളരെ അടിക്കുക പതിവായിരുന്നു, എന്നാൽ അവരുടെ വല്ല അവയവാഗ്രമെങ്കിലും സ്വല്പംപോലുമിളകാതെ അവർ നിശ്ചലന്മാരായിക്കിടന്നു് ആ അടിക്കുന്ന അടികളെല്ലാം കൊള്ളുന്നതിനു് അവൎക്കു കഴിയുമായിരുന്നു. ഇംഗ്ലണ്ടിലെ എലിസബെത്തു മഹാരാജ്ഞിയുടെ കാലത്തു് അവിടെ ഒരു ന്യായാധിപതി അയർല്ലൻഡുകാരനായ ഒരു കുററക്കാരനേ കൊലയ്ക്കു വിധിച്ചു. അയർല്ലൻഡിൽ കുററക്കാരെ തൂക്കിക്കൊല്ലുന്നതു വച്ചക്കമ്പുകൾ ചതച്ചു വളച്ചുകെട്ടി അതുകൊണ്ടും ഇംഗ്ലണ്ടിൽക്കയറുകൊണ്ടുമായിരുന്നു പതിവു്. എന്നാൽ ഈ കുലക്കുററക്കാരൻ തന്നേ തൂക്കിക്കൊല്ലുന്നതിനു കയറു് ഉപയോഗിക്കരുതെന്നും തന്റെ രാജ്യത്തേപ്പതിവുപോലെ മരത്തിന്റെ കൊമ്പുകൾ ചതച്ചു തന്നെ ഉപയോഗിക്കണമെന്നും ആ ന്യായാധിപതിയോടു് അപേക്ഷിച്ചതായി ഒരു കഥ കേട്ടിട്ടുണ്ടു്. റഷ്യാരാജ്യത്തു കായക്ലേശം ചെയ്യണമെന്നുള്ള വ്രതത്തോടു

കൂടിയ ചില സന്യാസികൾ വച്ചുവെള്ളം നിറച്ച ഒരു പാത്രത്തിൽ രാത്രി മുഴുവൻ ഇറങ്ങിയിരിക്കുകയും നേരം വെളുക്കുമ്പോഴേയ്ക്കും ആ ദിക്കിലെ വലിയ തണുപ്പുകൊണ്ടു വെള്ളം മഞ്ഞുകട്ടയായിത്തീരുകയും ഇവർ അതിൽ ഉറച്ചുപോയതായിക്കാണപ്പെടുകയും ചെയ്യുന്നു. നിത്യപരിചയത്തിനു മനുഷ്യരുടെ സഹജസ്വഭാവത്തെ ജയിക്കാനുള്ള ശക്തിയുണ്ടെന്നു കാണിക്കുന്നതിലേയ്ക്കു് ഇതുപോലെ അനേകം ഉദാഹരണങ്ങൾ പറയാനുണ്ടു്.

ഇങ്ങനെ മനുഷ്യരുടെ ആയുഷ്കാലത്തെ നല്ലതോ ചീത്തയോ ആക്കിത്തീർക്കാൻ സർവ്വപ്രകാരേണയും ശക്തമായിട്ടുള്ളതു നിത്യാഭ്യാസമാകയാൽ നാം നല്ലതായിട്ടുള്ള ഓരോ ശീലങ്ങളേ നിത്യാഭ്യാസപരിചിതങ്ങളാക്കി, അവയേ നമ്മുടെ സ്ഥിരങ്ങളായ നിത്യസ്വഭാവങ്ങളാക്കിത്തീർക്കാനാണു് പ്രധാനമായി ശ്രമിക്കേണ്ടതു്. ഇപ്രകാരം നിത്യാഭ്യാസജന്യമായ നിത്യശീലം സുസ്ഥിതമായിട്ടിരിക്കണമെങ്കിൽ അതു ശൈശവം മുതൽക്കു തന്നെ പരിശീലിച്ചു തുടങ്ങണം. നല്ല ശീലങ്ങളേ ചെറുപ്പംമുതലേ പരിശീലിക്കുന്നതിനേയാണു് വാസ്തവത്തിൽ വിദ്യാഭ്യാസമെന്നു പറയേണ്ടതു്. ഓരോ അക്ഷരങ്ങളേയും ശബ്ദങ്ങളേയും യഥാക്രമം ഉച്ചരിച്ചു ശീലിക്കാനായി നാവിനേ വേണ്ടുന്ന വിധത്തിലെല്ലാം വളക്കുന്നതിനാകട്ടെ, ഓരോ ശരീരാഭ്യാസങ്ങൾ ചെയ്തു ശീലിക്കാനായി ഓരോ ശരീരാവയവങ്ങളേ വഴക്കുന്നതിനാകട്ടെ ചെറുപ്പത്തിൽ യാതൊരു പ്രയാസവും ഉണ്ടായിരിക്കുകയില്ല. എന്തെന്നാൽ, ചുരുക്കം ചില സംഗതികളിലൊഴിച്ചു ശരീരത്തിനും സ്വഭാവത്തിനുമുള്ള വഴക്കം ചെറുപ്പം കഴിയുമ്പോൾ ഇല്ലാതെയായിപ്പോകുന്നു. തങ്ങളുടെ മനസ്സിലേ അഭിപ്രായങ്ങൾ ദൃഢീഭവിച്ചുപോകാതെയും പുതിയ പുതിയ സംഗതികളേ കേൾക്കുന്നതിനും അവയുടെ ഗുണദോഷവിവേചനം ചെയ്യുന്നതിനും ഗ്രാഹ്യങ്ങളായിട്ടുള്ളവയേ ഗ്രഹിക്കുന്നതിനും ത്യാജ്യങ്ങളായിട്ടുള്ളവയേ ത്യജിക്കുന്നതിനുമുള്ള ശക്തി ക്ഷയിച്ചുപോകാതെയും കാലേ കുട്ടിക

രുതി സൂക്ഷിച്ചിരിക്കുന്നവരായ ചുരുക്കം ചിലക്കു മാത്രം ചെറുപ്പം കഴിഞ്ഞുപോയാലും മനസ്സിനെ വഴക്കാൻ വലിയ പ്രയാസമുണ്ടാവുകയില്ലെന്നു വരുന്നുള്ളൂ.

നിത്യപരിചയത്തിന്റെ ശക്തി സാധാരണജനങ്ങളിൽത്തന്നെ ഇത്രമാത്രമുള്ളപ്പോൾ, ഓരോ പ്രത്യേകോദ്ദേശങ്ങളോടുകൂടി സാധാരണന്മാരിൽ നിന്നു വേർതിരിക്കപ്പെട്ടിട്ടുള്ള സന്യാസികൾ, പുരോഹിതന്മാർ മുതലായവരുടെ കൂട്ടത്തിൽ അതു് എത്രയോ മടങ്ങ് അധികമായിരിക്കും. എന്തെന്നാൽ, അവരുടെയിടയിൽ ചില പ്രത്യേക ശീലങ്ങൾ നിത്യാഭ്യാസം കൊണ്ടു നിത്യസ്വഭാവമായി സ്ഥിരീഭവിക്കുന്നതിനു പലവിധത്തിലും എളുപ്പമുണ്ടല്ലോ. അവരുടെ സംഘത്തിലുള്ള മററംഗങ്ങളുടെ നടപടികൾ കണ്ടു പരിശീലിക്കാം. സംഘത്തിലുൾപ്പെട്ട വല്ലവർക്കും അധൈര്യമോ ക്ഷീണമോ സംഭവിക്കുമ്പോൾ ധൈര്യവും ബലവും ഉണ്ടാകുന്നതിനു കൂട്ടുകാരുടെ സഖ്യം വളരെ നല്ലതും ഉപയുക്തവുമായിത്തീരുന്നതാണു്. തങ്ങളുടെ സംഘത്തിലുള്ള ഇതരന്മാരോടു തങ്ങളും തുല്യന്മാരായിത്തീരണമെന്നുള്ള ആഗ്രഹം കൊണ്ടു മനസ്സിനു് ഒരുത്സാഹം ജനിക്കും. അങ്ങനെ ഇതരസാമ്യമോ ഉയർച്ചയോ സിദ്ധിക്കുന്നതുകൊണ്ടുള്ള ബഹുമതി മനസ്സിനെ എല്ലായ്പോഴും മുൻഗതിക്കായിട്ടു് ഉദ്യമിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അതുകൊണ്ടു സൂര്യന്റെ ശക്തി മദ്ധ്യാഹ്നത്തിൽ ഏതുപ്രകാരമോ അപ്രകാരം അഭ്യാസത്തിന്റെ അല്ലെങ്കിൽ നിത്യപരിചയത്തിന്റെ ശക്തി സാധാരണയിൽ കൂടുതലായിരിക്കുന്നതു് മേല്പറഞ്ഞ സംപ്രദായത്തിലുള്ള സംഘങ്ങളിലാണു്. അതിനാൽ, സദാചാരനിഷ്ഠ മുതലായ എന്തെങ്കിലും കാര്യങ്ങളെ സാധാരണജനങ്ങളുടെ ശക്തിക്കു് അപ്പുറമായി ഉത്തരോത്തരം വർദ്ധിപ്പിച്ചു് ഉൽകർഷത്തെ പ്രാപിക്കാൻ, ആ വക ഉദ്ദേശങ്ങളോടുകൂടി ബുദ്ധിപൂർവ്വകമായി സ്ഥാപിക്കപ്പെട്ടിട്ടുള്ളവയും നിർബന്ധപൂർവ്വം നിഷ്കർഷയുള്ള ചില നിയമങ്ങൾക്കു കീഴ്പ്പെട്ടിരിക്കുന്നവയുമായിട്ടുള്ള മേല്പറഞ്ഞ സംഘങ്ങൾക്കു മാത്രമേ സാധി

കയുള്ളു. എന്തെന്നാൽ, എത്രയും വിശിഷ്ടതരമായ ഒരു ഗവമ്മേണ്ടിനു തന്നെയും സന്മാൎഗ്ഗവൎദ്ധനയ്ക്കായി ചെയ്യാൻ കഴിയുന്ന കാൎയ്യങ്ങൾ കേവലം നിസ്സാരങ്ങളാണു്. സന്മാൎഗ്ഗനിഷ്ഠശക്തിയെ പ്രാപിക്കുന്നതായാൽ പിന്നീടു് അതു തീരെ ക്ഷയിച്ചുപോകാതെ അതിനെ പരിപാലിക്കുക മാത്രമേ ഗവമ്മേണ്ടിനു സാദ്ധ്യമായിരിക്കയുള്ളു. എന്നാൽ, ഇങ്ങനെയുള്ള വലിയ സംഗതികൾ ചെയ്യാൻ കഴിയുന്നവയും ചെയ്യേണ്ടുന്നവയുമായ സംഘങ്ങളുടെ ഉദ്ദേശങ്ങൾ ഇപ്പോൾ ഏററവും ത്യാജ്യങ്ങളായിക്കാണപ്പെടുന്നതു് അത്യന്തം ശോചനീയയായ ഒരവസ്ഥയാണു്.

## വരവും ചിലവും.

---

മനുഷ്യർ ധനം സമ്പാദിക്കുന്നതു് അതിനെ സൂക്ഷിച്ചുവെയ്ക്കാനായിട്ടല്ല, ചിലവു ചെയ്യുന്നതിനായിട്ടാണു്. ധനം വ്യയം ചെയ്യുന്നതു് ഒന്നുകിൽ മാനം നേടാനായിട്ടോ അല്ലെങ്കിൽ എന്തെങ്കിലും ഗുണപ്രദമായ കാൎയ്യത്തിനായിട്ടോ ആയിരിക്കും. അതുകൊണ്ടു സാധാരണമായ ചിലവിനെസ്സംബന്ധിച്ചു യാതൊരു നിയമവും നിശ്ചയിക്കാൻ പാടില്ല. ചിലവു ചെയ്യുന്നതു് ഏതൊരാവശ്യത്തിലേയ്ക്കാകുന്നുവോ ആ ആവശ്യത്തിൻെറ ഗൌരവത്തെ അനുസരിച്ചു ചിലവു ചെയ്യണം എന്നു മാത്രമേ പറയാൻ പാടുള്ളു. ഈശ്വരഭക്തിനിമിത്തം ഒരാളുടെ സൎവ്വസ്വവും നശിച്ചുപോകുന്നതായാലും അതിനെക്കുറിച്ചു കുററം പറയാൻ പാടില്ല. സൎവ്വസ്വവും നശിക്കുന്നതായാലും അവനവൻെറ മതവിശ്വാസത്തെ രക്ഷിക്കേണ്ടതാണെന്നു് ഏവരും സമ്മതിക്കുന്നതാണു്. സ്വദേശസ്നേഹംകൊണ്ടു് ഇപ്രകാരമുള്ള നഷ്ടം സഹിക്കേണ്ടതായി വന്നാൽ അതും ക്രമക്കേടാണെന്നു് ആരും പറയുന്നതല്ല. എന്നാൽ, സാധാരണ ചിലവുകൾ ഓരോ നിയമങ്ങളെ അനുസരിച്ചിരിക്കേണ്ടതാണു്.

ആയം ദൃഷ്ട്വാ വ്യയം കുൎയ്യാ-
ദായാദല്പതരോ വ്യയഃ
അനായീ വ്യയശീലശ്ച
ക്ഷിപ്രമേവ വിനശ്യതി.

൧. ഒരു മനുഷ്യന്റെ ചിലവു് അവന്റെ വരവിൽ കുറഞ്ഞും വരവു നോക്കി അതിനെ അനുസരിച്ചുമിരിക്കേണ്ടതാകുന്നു.

൨. തങ്ങളാൽ നിയമിക്കപ്പെടുന്ന കാൎയ്യസ്ഥന്മാരുടെ വഞ്ചനയും കൃത്രിമവും കൊണ്ടു് അബദ്ധംപററത്തക്ക വിധത്തിൽ ചിലവു ചെയ്തുകൂടാത്തതാകുന്നു.

൩. കുറഞ്ഞ ദ്രവ്യവ്യയംകൊണ്ടു കൂടുതലായ ഫലം ഉണ്ടാകുവാൻ തക്കവണ്ണം ബുദ്ധിപൂൎവ്വമായി ആലോചിച്ചു മാത്രമേ ചിലവുകൾ ചെയ്യാവു. നമ്മുടെ നടപടികൾ കണ്ടിട്ടു നമ്മുടെ ചിലവു് ഇത്രമാത്രമായിരിക്കുമെന്നു് അന്യന്മാർ ഊഹിക്കുന്നതിൽ അതു വാസ്തവത്തിൽ കുറഞ്ഞിരിക്കുവാൻ തക്കവണ്ണം നാം ചിലവു ചെയ്യേണ്ടതാണു്. മേല്പറഞ്ഞ ഓരോന്നിനേക്കുറിച്ചും ചില വിവരണങ്ങൾ താഴെ ചേൎക്കുന്നു.

൧. വരവിനു തക്കവണ്ണമേ ചിലവു ചെയ്യാൻ പാടുള്ളു. വരവും ചിലവും സമമായിരിക്കണമെങ്കിൽത്തന്നെ സാധാരണ ചിലവു വരവിന്റെ പകുതിയിൽ അധികപ്പെട്ടുകൂടാത്തതാകുന്നു എന്നുള്ളതു നിൎവ്വിവാദമായിട്ടുള്ളതാണു്. വരവുകൊണ്ടു ധനികനായിത്തീരുക കൂടി വേണമെങ്കിൽ വരവിൽ മൂന്നിലൊരുഭാഗമേ ചിലവു ചെയ്യാൻ പാടുള്ളു.

൨. കാൎയ്യസ്ഥന്മാരുടെ വഞ്ചനയും കൃത്രിമവുംകൊണ്ടു് അബദ്ധം പററരുതാത്തതാകുന്നു. എത്രതന്നെ വലിയ ആളുകളായിരുന്നാലും അവനവന്റെ വരവു ചിലവു മുതലായവയുടെ കണക്കു് അവനവൻ തന്നെ പരിശോധിക്കുകയും മററും ചെയ്യുന്നതു് അവമാനകരമായിട്ടുള്ളതല്ല. ചിലർ കണ

ക്കുകൾ പരിശോധിക്കാത്തതു് അശ്രദ്ധയും അലസതയുംകൊണ്ടു മാത്രമല്ല. കണക്കുകൾ നോക്കുമ്പോൾ തങ്ങളുടെ മുതൽ വളരെക്കുറഞ്ഞിരിക്കുന്നു എന്നുള്ള വാസ്തവം മനസ്സിലാകുന്നതിനും തന്നിമിത്തം മനസ്സിനു സുഖക്കേടുണ്ടായേക്കുന്നതിനും ഇടയായേയ്ക്കുമെന്നുള്ള ഭയംകൊണ്ടും ചിലർ കണക്കുകൾ നോക്കാതെയിരിക്കുന്നുണ്ടു്. എന്നാൽ, കുറവു പരിശോധിച്ചു തിട്ടപ്പെടുത്തി അതിനു വേണ്ടുന്ന ചികിത്സകൾ ചെയ്യാതെ അടങ്ങുന്നതല്ലല്ലൊ. കണക്കുപരിശോധനയും ഇതുപോലെ തന്നെ അത്യാവശ്യകമായിട്ടുള്ളതാകുന്നു. ഇതരകൃത്യങ്ങളുടെ ബാഹുല്യം നിമിത്തം തന്റെ കണക്കുകൾ പരിശോധിക്കുന്നതിനു് ഒരാൾക്കു സമയവും നിവൃത്തിയുമില്ലാതെ പോയാൽ തന്നെയും വളരെ ആലോചനയോടു കൂടിയെ കാര്യസ്ഥന്മാരെ നിയമിക്കാവു. അവരെ മാററിയാക്കുകയും ചെയ്യേണ്ടതാകുന്നു. നൂതനമായി നിയമിക്കപ്പെടുന്നവർക്കു പരിചയപ്പെട്ടവരെപ്പോലെ കളളം കാണിക്കുന്നതിനു ധൈര്യമുണ്ടായിരിക്കയില്ല. കൂടെക്കൂടെ കണക്കുകൾ പരിശോധിക്കുന്നതിനു തങ്ങൾക്കു സാധിക്കയില്ലാത്തവർ കാര്യസ്ഥന്മാർ തങ്ങളെ കാണിക്കുന്ന കണക്കുകൾ ശരിയായിരിപ്പാനും ചിലവുകൾ നിശ്ചിതാനുസരണമായിരിക്കാനും വേണ്ടുന്ന ഏർപ്പാടുകൾ അവശ്യം ചെയ്യേണ്ടതാകുന്നു.

൯. ചിലവു ബുദ്ധിപൂർവ്വം ചെയ്യേണ്ടതാണു്. ഒരു വിഷയത്തിൽ ധാരാളമായി ചിലവു ചെയ്യുന്നതായാൽ മറെറാരു വിഷയത്തിൽ കുറച്ചു ചിലവു ചെയ്യാൻ പാടുള്ളു. ഭക്ഷണച്ചിലവു് അധികമായിരുന്നാൽ വസ്ത്രച്ചിലവിൽ കുറയ്ക്കണം. കുടുംബച്ചിലവു കൂടുതലായിരുന്നാൽ വാഹനാദികളെ സംബന്ധിച്ചും മററുമുള്ള ചിലവുകൾ കുറയ്ക്കണം. എല്ലാ വിഷയങ്ങളിലും ഒന്നുപോലെ ധാരാളമായിച്ചിലവു ചെയ്യുന്ന ഒരാൾക്കു് എത്ര ധനമുണ്ടായിരുന്നാലും അയാൾ ക്ഷണത്തിൽ ദരിദ്രനായിത്തീരുമെന്നുള്ളതിനു സംശയമില്ല.

നിന്റെ വസ്തുവകകൾ കടത്തിലകപ്പെട്ടു് അന്യാധീനപ്പെട്ടുപോവുകയും നിനക്കു് ആ കടം വീട്ടി അവയെ വീ

ണ്ടെടുക്കണമെന്നു് ആഗ്രഹമുണ്ടായിരിക്കുന്നവർ ചെയ്യുവാൻ അധികം. പ്ലുതശക്തിയോടു കൂടി അതിനായിട്ടുള്ള ശ്രമങ്ങൾ തുടങ്ങേണ്ടതു് അധികം കാലതാമസം വരുത്തുന്നതു പലപ്പോഴും തന്നെ ദോഷകരമായിത്തീരുന്നതാണ്. എന്തെന്നാൽ; കടത്തിന്നു പലിശ കൊടുക്കുന്നതു, വസ്തുക്കൾ വിൽക്കാതെ നിവൃത്തിയില്ലെന്നു വന്നുകൂടുന്നതിനേക്കാൾ ഗുണമായി പലപ്പോഴും കാണപ്പെടുന്നുണ്ട്. എന്നു മാത്രമല്ല, ഒന്നായി കടം മുഴുവനും തീർന്നതുകൊണ്ടു മറ്റൊരു ബലമുണ്ട്. കടമുണ്ടായിരിക്കുമ്പോഴുള്ള ഞെരുക്കം തീർന്നു കാണുമ്പോൾ പിന്നെയും ചിലവിലുള്ള പിടിത്തം വിട്ടുപോകയും വീണ്ടും പഴയരീതിയിൽ ധാരാളച്ചിലവു തുടങ്ങുകയും ചെയ്യേക്കാവുന്നതാണ്. പ്രസ്തുത കടം ക്രമേണ ക്രമേണ കുറേശ്ശയായി തീർക്കുന്നതു പിടിച്ചു ചിലവു ചെയ്യുവാൻ പരിചയിക്കുന്നതിനുള്ള എളുപ്പമാണ്. അതുകൊണ്ടു് കടം നിന്റെ വസ്തുവകകൾ ഒഴിഞ്ഞുകിട്ടുമെന്നു മാത്രമല്ല, നിന്റെ സ്വഭാവത്തിനു കരുത്തും സ്ഥിരതയും ഉണ്ടാവുകയും ചെയ്യും. ഇതുകൂടാതെ നിന്റെ വസ്തുവകകൾ കടത്തിലകപ്പെട്ടുകിടക്കുന്ന കാലത്തോളം സ്വല്പകാര്യങ്ങളിൽ പോലും അശ്രദ്ധതയോടു കൂടി ഇരിക്കരുതു്. എന്നാൽ ചില്ലറക്കാര്യങ്ങൾക്കു തന്നെ ചില വ്യത്യാസങ്ങളുണ്ട്. ചില്ലറകളായ കാര്യങ്ങളിൽ വാദമെടുക്കാനായി തുനിയുന്നതിനേക്കാൾ ഉത്തമമായിട്ടുള്ളതു ചില്ലറച്ചിലവുകളെ കുറയ്ക്കുന്നതാകുന്നു.

പിന്നെയൊരു കാലത്തിൽ കുറയ്ക്കാൻ പാടില്ലാതെ വരുന്ന ചിലവുകൾ പുതിയതായി തുടങ്ങുന്നതു വളരെ സൂക്ഷിച്ചു വേണം. എന്നാൽ എപ്പോഴും ഉണ്ടാവാത്തവയായ ചില പ്രത്യേക സംഗതികളിൽ ധാരാളമായി ചിലവു ചെയ്യുന്നതായാലും വിരോധമില്ലാതാകും.

ശുഭം.